©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## പത്തൊൻപതാമത് റിപ്പോർട്ട്

(2022 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07, 2007-08, 2010-11, 2011-12, 2016-17 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലുൾപ്പെട്ട മലപ്പുറം ജില്ലയിലെ നഗരസഭകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## പത്തൊൻപതാമത് റിപ്പോർട്ട്

(2022 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07, 2007-08, 2010-11, 2011-12, 2016-17 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലുൾപ്പെട്ട മലപ്പുറം ജില്ലയിലെ നഗരസഭകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്]

252/2022.

<u>ഉള്ളടക്കം</u>

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 41 |
| അനുബന്ധം II : | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 50 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി,

ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി,

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി,

ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2021-2023)യുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07, 2007-08, 2010-11, 2011-12, 2016-17 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലുൾപ്പെട്ട മലപ്പുറം ജില്ലയിലെ നഗരസഭകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 ഫെബ്രുവരി മാസം 21-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022 ഫെബ്രുവരി 24.

# റിപ്പോർട്ട്

## മലപ്പുറം ജില്ലയിലെ നഗരസഭകൾ

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07, 2007-08, 2010-11, 2011-12, 2016-17 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലുൾപ്പെട്ട മലപ്പുറം ജില്ലയിലെ നഗരസഭകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്]

**തിരൂർ നഗരസഭ**

ഓഡിറ്റ് ഖണ്ഡിക

ജൈവവള നിർമ്മാണ യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടില്ല: [ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഖണ്ഡിക നമ്പർ:3 (24)]

നഗരസഭയിലുണ്ടായിരുന്ന 1.52 ഏക്കർ ട്രഞ്ചിംഗ് ഗ്രൗണ്ട് വികസിപ്പിക്കുന്നതിനായി 3.72 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കുന്നതിന് 23,32,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ഏറ്റെടുത്ത സ്ഥലം 2003-04 പദ്ധതിയിലുൾപ്പെടുത്തി 4,82,212 രൂപ ചെലവാക്കി ഒരു ഷെഡ് നിർമ്മിച്ചതല്ലാതെ ജൈവവള യൂണിറ്റിനാവശ്യമായ യന്ത്രസാമഗ്രികളും അനുബന്ധ ഉപകരണങ്ങളും വാങ്ങി യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടില്ല. 1999-2000 മുതൽ സ്ഥലമെടുക്കാൻ അനുമതി ലഭ്യമാവുകയും 2000-01-ൽ തന്നെ പദ്ധതി വിഭാവനം ചെയ്തിട്ടും 28.50 ലക്ഷം രൂപയോളം ചെലവഴിച്ചതല്ലാതെ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാനായിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.10.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ, 28.50 ലക്ഷം രൂപ ചെലവഴിച്ച് ആരംഭിച്ച ജൈവവള നിർമ്മാണ യൂണിറ്റ് 2012 ഏപ്രിൽ മുതൽ 2016 സെപ്റ്റംബർ വരെ 9356 കിലോഗ്രാം വളം ഉല്പാദിപ്പിക്കുകയും 1,85,128 രൂപയ്ക്ക് വില്പന നടത്തുകയും ചെയ്തിട്ടുണ്ടെന്നും, ആലുവ ടെക്നോ ഗ്രൂപ്പ് എന്ന സ്ഥാപനമാണ് ജൈവവള നിർമ്മാണ പ്രവർത്തനം നടത്തിയിരുന്നതെന്നും, പ്രസ്തുത കമ്പനിയ്ക്ക് പ്രതിമാസം 1,50,000 രൂപ നഗരസഭ നൽകിയിരുന്നതായും നിലവിൽ വളം നിർമ്മാണം നിലച്ചതോടെ പ്രസ്തുത യൂണിറ്റ് പ്രവർത്തനരഹിതമായതായും തിരൂർ നഗരസഭാ സെക്രട്ടറി മറുപടി നൽകി.

2. വളം നിർമ്മാണ യൂണിറ്റിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ചോദ്യമുന്നയിച്ചതിന് വളം നിർമ്മാണ യൂണിറ്റിന്റെ നിലവിലുള്ള ഷെഡ് പുതുക്കിപ്പണിത് തുമ്പൂർമൂഴി മോഡൽ എയ്റോബിന്നുകളും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റും സ്ഥാപിക്കുന്നതിലേയ്ക്കായി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തെ ഏല്പിച്ചിരിക്കുകയാണെന്നും 2019 ആഗസ്റ്റ് 31-ന് നിർമ്മാണം പൂർത്തീകരിച്ച് മാലിന്യ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നും ജൈവവള നിർമ്മാണ പദ്ധതി പൂർണ്ണമായും ഉപേക്ഷിച്ചിട്ടില്ലെന്നും തിരൂർ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

3. ജൈവവള നിർമ്മാണ പ്ലാന്റിനായി ചെലവായ തുക ആലുവ ടെക്നോ ഗ്രൂപ്പിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം പ്രസ്തുത നടപടി നാളിതുവരെ സ്വീകരിക്കാതിരുന്നതിനുള്ള വിശദീകരണവും ആഗസ്റ്റ് 31-ന് പ്രവൃത്തികൾ പൂർത്തീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ടും നാളിതുവരെ ഈ പദ്ധതിക്കായി വിനിയോഗിച്ച തുക സംബന്ധിച്ച വിശദവിവരവും സമിതി മുമ്പാകെ ലഭ്യമാക്കണമെന്ന് തിരൂർ നഗരസഭാ സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും/ശിപാർശകളും**

4. **തിരൂർ നഗരസഭ 28.5 ലക്ഷം രൂപ ചെലവഴിച്ച് 2012-ൽ നിർമ്മിച്ച ജൈവവള നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം 2016-ൽ തന്നെ നിലച്ചിരുന്നുവെന്നും ജൈവവളനിർമ്മാണ പ്രവർത്തനം നടത്തിയിരുന്ന ആലുവ ടെക്നോ ഗ്രൂപ്പ് എന്ന സ്ഥാപനത്തിന്, നഗരസഭ പ്രതിമാസം ഒന്നര ലക്ഷത്തോളം രൂപ നൽകിയിരുന്നുവെങ്കിലും നാല് വർഷ കാലയളവ് കൊണ്ട് വെറും 1,82,128 രൂപ മാത്രമാണ് വളം നിർമ്മാണത്തിലൂടെ നഗരസഭയ്ക്ക് ലഭ്യമായതെന്നും സമിതി നിരീക്ഷിക്കുന്നു. ജൈവവള നിർമ്മാണ പ്ലാന്റിനായി ചെലവായ തുക ആലുവ ടെക്നോ ഗ്രൂപ്പിൽ നിന്നും തിരികെ ഈടാക്കുന്നതിനായി നാളിതുവരെയായി യാതൊരു നടപടികളും സ്വീകരിക്കാതിരുന്ന നഗരസഭാ അധികൃതരുടെ നിരുത്തരവാദപരമായ നിലപാടിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനുള്ള വിശദീകരണവും നഷ്ടത്തുക പ്രസ്തുത സ്ഥാപനത്തിൽ നിന്നും തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അത് സംബന്ധിച്ച റിപ്പോർട്ടും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

5. **കൂടാതെ, പരാമർശവിധേയമായ ജൈവവള നിർമ്മാണ പദ്ധതി 2019 ആഗസ്റ്റ് 31-നകം പുനരുജ്ജീവിപ്പിച്ച് പ്രവർത്തനം ആരംഭിക്കുമെന്ന് സമിതിക്ക് നൽകിയ ഉറപ്പ് അടിയന്തരമായി നടപ്പിലാക്കി ആയത് സംബന്ധിച്ച റിപ്പോർട്ടും പ്രസ്തുത പദ്ധതിയ്ക്കായി നാളിതുവരെ വകയിരുത്തിയ തുകയുടെ വിനിയോഗ വിവരവും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് രൂപീകരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും കണ്ടിജന്റ് ജീവനക്കാരുടെ റിട്ടയർമെന്റ്/മരണ ആനുകൂല്യങ്ങൾ കാലവിളംബമില്ലാതെ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് കണ്ടിജന്റ് പെൻഷൻ ഫണ്ട് വിഭാവനം ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 3-5-1997-ലെ ജി.ഒ.(പി) 96/97-ാം നമ്പർ പ്രകാരം 1997-ലെ കേരള മുനിസിപ്പാലിറ്റി കണ്ടിജന്റ് എംപ്ലോയീസ് ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം എല്ലാ നഗരസഭകളും അതത് ട്രഷറികളിൽ കേരള മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു എസ്. ബി. അക്കൗണ്ട് തുടങ്ങണമെന്ന് നിഷ്കർഷിക്കുന്നു. ഓരോ മാസവും ജീവനക്കാരന്റെ ശമ്പള ബിൽ പാസ്സാക്കുന്നതോടൊപ്പം മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും മൊത്തം ശമ്പളത്തിന്റെ 15% വരുന്ന തുക മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

മിക്ക നഗരസഭകളിലും ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ലായെന്ന് രേഖകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നു. പെൻഷൻ കാര്യങ്ങൾക്കായി ട്രഷറിയിൽ എസ്. ബി. അക്കൗണ്ടുകൾ ആരംഭിക്കാതെ തനത് ഫണ്ടിൽ നിന്ന് പെൻഷൻ വിതരണം നടത്തുന്നുണ്ട്. പെൻഷൻ അക്കൗണ്ട് ആരംഭിച്ചിട്ട് നിയമം അനുശാസിക്കും പ്രകാരം പെൻഷൻ അംശദാനം ഒടുക്കാതെ മറ്റുകാര്യങ്ങൾക്കായി അക്കൗണ്ട് ഉപയോഗിക്കുന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരൂർ നഗരസഭ | പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. പെൻഷൻ കോൺട്രിബ്യൂഷനു പുറമേ പെൻഷൻ വിതരണത്തിനു തികയാത്ത തുക നഗരസഭ തനത് ഫണ്ടിൽ നിന്ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നു. |

നിയമം അനുശാസിക്കും പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം നൽകുന്നതിനോടൊപ്പം തന്നെ പെൻഷൻ അംശദാനം കൂടി പിൻവലിച്ച് പെൻഷൻ അക്കൗണ്ടിലേക്ക് ഒടുക്കു വരുത്താത്തത്, പെൻഷൻ ഫണ്ട് എന്ന ആശയത്തെ അപ്രസക്തമാക്കുന്നു. അതാതുമാസത്തെ പെൻഷൻ അംശദാനം പെൻഷൻ അക്കൗണ്ടിലടയ്ക്കുകയും മിച്ച ഫണ്ട് കൂടുതൽ പലിശ ലഭിക്കുന്ന സ്ഥിര നിക്ഷേപം നടത്തുകയോ ചെയ്യുന്നത്, കണ്ടിജന്റ് ജീവനക്കാരുടെ പെൻഷനാനുകൂല്യങ്ങൾ മുടക്കം

കൂടാതെ നൽകുന്നതിന് സഹായകമാകും. മാത്രവുമല്ല പലപ്പോഴും പെൻഷനാനുകൂല്യങ്ങൾ നൽകുന്നതിന് പെൻഷൻ ഫണ്ട് തികയാതെ വരുന്ന സാഹചര്യമൊഴിവാക്കുന്നതിനും കൂടുതൽ പലിശ ലഭിക്കുന്ന റ്റി.എസ്.ബി. അക്കൗണ്ടിൽ പെൻഷൻ അംശദാനം നിക്ഷേപിക്കേണ്ടതാവശ്യമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2 .9]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

6. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി സമിതി അംഗീകരിച്ചു.

### നിഗമനങ്ങളും/ശിപാർശകളും

7. **സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

### മലപ്പുറം നഗരസഭ

ഓഡിറ്റ് ഖണ്ഡിക

ആസ്തികളുടെ ഉപയോഗം - വാടകക്കാരിൽനിന്ന് ലക്ഷ്വറി ടാക്സ് ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ പര്യാപ്തമല്ല.

ലക്ഷ്വറി ടാക്സിനത്തിലെ റിക്കവറി തുക നഗരസഭ ഫണ്ടിൽ നിന്നും അടവാക്കി [ഓഡിറ്റ് റിപ്പോർട്ട് വർഷം 2014-15 ഖണ്ഡിക നമ്പർ: 3-2]

1976-ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് നിയമം വകുപ്പ് 32 പ്രകാരം കൺവെൻഷൻ സെന്റർ, ഹാൾ, കല്യാണമണ്ഡപം, ഓഡിറ്റോറിയം തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതും പ്രസ്തുത സ്ഥാപനത്തിൽ നടക്കുന്ന ഓരോ പരിപാടിക്കും വാങ്ങുന്ന 3,000 രൂപ മുതൽ 10,000 രൂപ വരെയുള്ള തുകകൾക്ക് 10%-ഉം 10,000 രൂപ മുതൽ 20,000 രൂപ വരെയുള്ള തുകകൾക്ക് 15%-ഉം ലക്ഷ്വറി ടാക്സിനത്തിൽ കക്ഷികളിൽ നിന്നും ഈടാക്കേണ്ടതുമാണ്. എന്നാൽ നഗരസഭ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ 'കുന്നുമ്മൽ വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി ടൗൺ ഹാൾ' വാടകയ്ക്ക് എടുത്ത കക്ഷികളിൽ നിന്ന് ലക്ഷ്വറി ടാക്സ് ഈടാക്കിയില്ല. ആയതിനാൽ ലക്ഷ്വറി ടാക്സ് ഇനത്തിൽ കുടിശ്ശികയും പലിശയുമടക്കം 3,25,263 രൂപ നഗരസഭാ ഫണ്ടിൽ നിന്നും ഒടുക്കു വരുത്തി.

ലക്ഷ്വറി ടാക്സ് ഈടാക്കുന്നത് സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ (215-ാം വകുപ്പ്) പര്യാപ്തമല്ലാത്തതിനാൽ ആയത് യഥാവിധി ഈടാക്കുന്നതിന് കഴിയാതെ വരുന്നു. ഈ അപാകത പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി ആവശ്യമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.9.3]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

8. നഗരസഭ യഥാസമയം ലക്ഷ്വറി ടാക്സ് പിരിച്ചെടുക്കാതിരുന്നത് സംബന്ധിച്ച സമിതി ചോദ്യത്തിന് 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ കുന്നമ്മൽ വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി ടൗൺ ഹാൾ വാടകയ്ക്കെടുത്തവരിൽ നിന്ന് ലക്ഷ്വറി ടാക്സ് ഈടാക്കിയിട്ടില്ലെന്നും 2010-ൽ കൊമേഴ്സ്യൽ ടാക്സ് ഡിപ്പാർട്ട്മെന്റ് നോട്ടീസ് നൽകിയതിനു ശേഷമാണ് വാടകക്കാരിൽ നിന്നും ടാക്സ് ഈടാക്കിയതെന്നും 2005 മുതലുള്ള കുടിശ്ശിക ഈടാക്കുന്നതിനായി വാടകക്കാർക്ക് വീണ്ടും നോട്ടീസ് നൽകിയിട്ടുണ്ടെന്നും 2010-ൽ വാണിജ്യ നികുതി വകുപ്പിൽ നിന്നും നോട്ടീസ് ലഭ്യമായതിനുശേഷം കൃത്യമായി നികുതി പിരിക്കുന്നുണ്ടെന്നും ലക്ഷ്വറി ടാക്സ് ഇനത്തിൽ കുടിശ്ശികയും പലിശയുമടക്കം 3,25,263 രൂപ നഗരസഭാ ഫണ്ടിൽ നിന്നും ഒടുക്കുവരുത്തിയിട്ടുണ്ടെന്നും മലപ്പുറം നഗരസഭാ സൂപ്രണ്ട് സമിതിയെ അറിയിച്ചു.

9. ഇത് സംബന്ധിച്ച് സർക്കാരിന്റെ വിശദീകരണം സമിതി ആരാഞ്ഞതിനെ തുടർന്ന് 2005-06 മുതൽ 2010-11 വരെയുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

10. മലപ്പുറം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺ ഹാളിൽ വച്ചുനടന്ന വിവിധ പരിപാടികളുടെ വാടകയോടനുബന്ധിച്ചുള്ള ലക്ഷ്വറി ടാക്സാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്നും വാണിജ്യ നികുതി വകുപ്പിന്റെ നോട്ടീസ് ലഭിച്ചപ്പോൾ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായിട്ടാണ് ഗവൺമെന്റിലേയ്ക്ക് പ്രൊപ്പോസൽ നൽകിയതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച് സാധൂകരണം നൽകാൻ സർക്കാരിലേയ്ക്ക് കത്ത് നൽകിയതിന്റെ തീരുമാനം സമിതിയെ അറിയിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും/ശിപാർശകളും**

**11. മലപ്പുറം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺഹാളിൽ വച്ച് 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ നടന്ന വിവിധ പരിപാടികളുടെ വാടകയോടനുബന്ധിച്ചുള്ള ലക്ഷ്വറി ടാക്സ് പിരിച്ചെടുക്കാത്തതുമായി ബന്ധപ്പെട്ട് വാണിജ്യ നികുതി വകുപ്പിൽ നിന്നും നോട്ടീസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ലക്ഷ്വറി ടാക്സ് ഇനത്തിലുള്ള കുടിശ്ശികയും പലിശയുമുൾപ്പെടെയുള്ള തുക നഗരസഭാ ഫണ്ടിൽ നിന്നും അടച്ച നടപടികളിൻമേൽ സാധൂകരണം നൽകാൻ സർക്കാരിലേയ്ക്ക് നൽകിയ കത്തിന്മേലുള്ള തീരുമാനം അറിയിക്കുന്നതിനും ലക്ഷ്വറി ടാക്സ് ഈടാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട നിയമത്തിൽ അപാകത നിലനിൽക്കുന്നപക്ഷം ആയത് പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

**പെരിന്തൽമണ്ണ നഗരസഭ**

<u>ഓഡിറ്റ് ഖണ്ഡിക</u>

റോഡ് റെസ്റ്റോറേഷൻ ചാർജ്- വാട്ടർ അതോറിറ്റി നൽകാനുള്ളത് 1,25,16,702 രൂപ [ഓഡിറ്റ് റിപ്പോർട്ട് വർഷം :2007-08, ഖണ്ഡിക നമ്പർ :3-38]

(1) ഇ.1/4587/04 നമ്പർ ഫയൽ പ്രകാരം പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി ട്രഞ്ച് കീറിയ താഴെപ്പറയുന്ന രണ്ട് റോഡുകൾ നന്നാക്കുന്നതിന് 21,18,000 രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും ആവശ്യപ്പെടാൻ എഞ്ചിനീയറിംഗ് വിഭാഗം 18-6-2004-ന് ശിപാർശ ചെയ്തിട്ടുണ്ട്.

ഒലിങ്കര-വളയം മൂച്ചി റോഡ് 2010 മീറ്റർ

പാതായക്കര പള്ളി റോഡ് 1750 മീറ്റർ

30-6-2004-ലെ ഇ.1/4587/04 നമ്പർ കത്തിൽ തുക അടവാക്കാനാവശ്യപ്പെട്ടതിന് മറുപടിയായി വാട്ടർ അതോറിറ്റി മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെയർമാനുമായി ഒരു കൂടിക്കാഴ്ച ആവശ്യപ്പെടുകയും 6-8-2004-ന് യോഗം നടക്കുകയും ചെയ്തു.

വളയം മൂച്ചി ഒലിങ്കര റോഡ് കേരള വാട്ടർ അതോറിറ്റി ശരിയാക്കുന്നതാണ് എന്നും പ്രവൃത്തിക്കാവശ്യമായ ടാർ നഗരസഭ നൽകേണ്ടതാണെന്നും യോഗത്തിൽ വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടുവെന്നും രേഖപ്പെടുത്തി യോഗം പിരിഞ്ഞിരിക്കുകയാണ്. ഫയലിൽ തുടർനടപടികൾ സ്വീകരിക്കുകയോ തുക വസൂലാക്കുകയോ ചെയ്തുകാണുന്നില്ല. 25% സൂപ്പർ വിഷൻ ചാർജ് അടക്കം 26,47,500 രൂപ വാങ്ങുന്നതിന് നടപടി ഉണ്ടായിട്ടില്ല.

(2) ഇ.1/4422/04 നമ്പർ ഫയലിൽ മദ്രസ്സപ്പടി കളത്തിലക്കര റോഡ് മുറിക്കുന്നതിനുള്ള അനുമതിക്ക് വാട്ടർ അതോറിറ്റി അപേക്ഷിച്ചതിന്മേലുള്ള ഫയൽ കുറിപ്പിൽ 4 പ്രവൃത്തികൾക്കായി 31460 മീറ്റർ നീളം റോഡ് മുറിച്ച് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | കുളിർമല കള്ളത്ത് പൊന്ന്യാംകുർശ്ശി റോഡ് (ഡി.ബി.3/47/02 തീയതി 25-2-2004) | 4240 മീറ്റർ |
| 2 | മാമ്പ്രപ്പടി കളത്തിലക്കര റോഡ് (ഡി.ബി.3/17/04(1)/7.6.04) | 370 മീറ്റർ |
| 3 | വള്ളുവനാട് വിദ്യാഭവൻ സ്കൂൾ റോഡ്, എരവമംഗലം ബാലവാടി റോഡ് (ഡി.ബി.2/32/04 തീയതി 11-6-2004) | 3457 മീറ്റർ |
| 4 | സോൺ-2, സോൺ-3 റോഡുകൾ (ഡി.ബി.3/47/02 തീയതി 14-6-2004) | 23393 മീറ്റർ |
| | ആകെ | 31460 മീറ്റർ |
| | **ആകെ അടവാക്കേണ്ട ചാർജ്** | **78,26,720** |

ഈ ഫയലിൽ നടപടി അവസാനിപ്പിച്ച് ഇ.1/4587/04-ൽ നടപടി തുടരുമെന്ന് രേഖപ്പെടുത്തിയിരിക്കുകയാണ് എങ്കിലും പ്രസ്തുത ഫയലിലും നടപടികൾ തുടർന്നിട്ടില്ല.

(3) ടൗൺഹാൾ റോഡിലും വീനസ് ലോഡ്ജ് മുതൽ സംഗീത റോഡ് വരെയും സംഗീത റോഡുമുതൽ ബൈപ്പാസ് റോഡുവരെയുമുള്ള സ്ഥലങ്ങളിൽ (മൊത്തം 1245 മീറ്റർ നീളം) വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ട്രഞ്ച് എടുത്തിട്ടുള്ള സാഹചര്യത്തിൽ അതിന്റെ റെസ്റ്റോറേഷൻ ചാർജ് ഇനത്തിൽ 7,81,250 രൂപ (6,25,000 രൂപയും 25% എക്സിക്യൂഷൻ ചാർജ്ജ് ഉൾപ്പെടെ) ഈടാക്കാൻ 29-6-2006-ലെ 24-ാം നമ്പർ പ്രകാരം കൗൺസിൽ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ 5-8-2006-ലെ ഇ.1/5079/06 നമ്പർ കത്തുപ്രകാരം വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തുക അടവാക്കുവാൻ കത്ത് നൽകിയെങ്കിലും തുടർനടപടികളൊന്നും ഉണ്ടായിട്ടില്ല. (ഫയൽ നമ്പർ ഇ.1/5097/06).

(4) ഫയൽ നമ്പർ പി.1/7416/06 പ്രകാരമുള്ള പ്രവൃത്തിയുടെ റെസ്റ്റോറേഷൻ ചാർജായി 3,66,844 രൂപ ഈടാക്കാൻ സ്വീകരിച്ച നടപടി വിവരവും ഫയലിൽ ലഭ്യമല്ല.

(5) പി.1/10242/07 നമ്പർ ഫയൽ പ്രകാരമുള്ള ടൗൺഹാൾ റോഡ് പുനരുദ്ധാരണവും ഹൈസ്കൂൾ റോഡ് അറ്റകുറ്റപ്പണിയും എന്ന പ്രവൃത്തിയുടെ (പ്രോജക്ട് നമ്പർ എസ്.ഒ.91/08) എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ടൗൺഹാൾ റോഡ്, വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി ഇരുവശവും 1 മീറ്റർ വീതിയിൽ ട്രഞ്ച് എടുത്തതിനാൽ റോഡ് ഗതാഗതയോഗ്യമല്ലാതായത് ശരിയാക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 2 ലക്ഷത്തിലധികം തുക ഈ പ്രവൃത്തിക്കായി ചെലവഴിക്കുന്നുണ്ട്. എക്സിക്യൂഷൻ ചാർജ് ഉൾപ്പെടെ തുക വാട്ടർ അതോറിറ്റിയിൽ നിന്നും വാങ്ങുന്നതിന് അർഹമായ നടപടിയെടുത്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

(6) ഇ.1/5223/04 നമ്പർ ഫയലിൽ (3,51,606 + 25%) 4,39,508 രൂപയും ഈടാക്കുവാൻ നടപടിയെടുത്തിട്ടില്ല.

(7) പി.1/7417/06 -ൽ 2,54,880 രൂപയും ഈടാക്കാനുണ്ട്.

മേൽ പരാമർശിച്ച 7 ഇനത്തിൽ മാത്രം 1,25,16,702 രൂപ ലഭിക്കാനുണ്ട്. വ്യക്തമായ ഒരു കണക്കും ഇക്കാര്യത്തിൽ നഗരസഭ സൂക്ഷിച്ചതായി കാണുന്നില്ല. (രേഖാമൂലം ഇക്കാര്യത്തിൽ നടപടി വിവരം ആവശ്യപ്പെട്ടുവെങ്കിലും നൽകിയിട്ടില്ല).

Note: വ്യക്തമായ ബാദ്ധ്യത ചുമത്താനാകാത്തതിനാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ മേൽവിലാസം ചേർക്കാനായില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.2.24(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

12. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞപ്പോൾ വാട്ടർ അതോറിറ്റി റോഡ് റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ അടയ്ക്കേണ്ട 1,25,16,702 രൂപ അടവാക്കിയില്ല എന്നതുസംബന്ധിച്ച് ഗവൺമെന്റിലേയ്ക്കും വാട്ടർ അതോറിറ്റിയിലേയ്ക്കും ധാരാളം കത്തിടപാടുകൾ നടത്തിയിട്ടുണ്ടെന്നും 2009-10 മുതൽ 2018-19 വരെയുള്ള കാലയളവിൽ നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ള വികസന ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് എന്നിവയിൽ നിന്നും വാട്ടർ അതോറിറ്റിക്ക് 90,44,834 രൂപ കുറവ് ചെയ്തിരുന്നുവെന്നും പ്രസ്തുത കാലയളവിൽ തന്നെ വാട്ടർ ചാർജ്ജിനത്തിൽ 1,94,472 രൂപ അടവാക്കിയിട്ടുണ്ടെന്നും 2019-20 സാമ്പത്തിക വർഷത്തിൽ ജനറൽ പർപ്പസ് ഗ്രാന്റിന്റെ 4 ഗഡുക്കളിൽ നിന്നായി 20,54,566 രൂപ കുറവ് ചെയ്തുവെന്നും നഗരസഭയ്ക്ക് ആകെ 2,38,10,574 രൂപ ലഭിക്കാനുണ്ടെന്നും നഗരസഭ നിലവിലെ ബിൽ പ്രകാരം 12% പലിശ ഉൾപ്പെടെ 1,39,73,275 രൂപ വാട്ടർ അതോറിറ്റിയിൽ അടയ്ക്കാനുണ്ടെന്നും ആയത് കുറവ്

ചെയ്താൽപ്പോലും നഗരസഭയ്ക്ക് 98,32,774 രൂപയും അന്നടയ്ക്കേണ്ട റെസ്റ്റോറേഷൻ ചാർജ്ജിന്റെ പലിശയും സഹിതം വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കേണ്ടതുണ്ടെന്നും 2006-ൽ 150 പൊതു ടാപ്പുകൾക്കാണ് വാട്ടർ ചാർജ്ജ് കണക്കാക്കിയിരുന്നതെന്നും 2009-ൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയപ്പോൾ 70 പൊതുടാപ്പുകൾ മാത്രമാണ് ഉള്ളതെന്ന് മനസ്സിലായതായും പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് ഗവൺമെന്റ് തലത്തിൽ ചർച്ച ചെയ്ത് തീരുമാനമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടിട്ടും നാളിതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നും പെരിന്തൽമണ്ണ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

13. വാട്ടർ അതോറിറ്റിക്ക് കൂടുതൽ തുക നഗരസഭ അടച്ചതായാണ് മനസ്സിലാക്കാൻ കഴിയുന്നതെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടതിനെ ത്തുടർന്ന്, 2003-04 കാലഘട്ടത്തിൽ നടപ്പാക്കിയ പെരിന്തൽമണ്ണ അർബൻ വാട്ടർ സപ്ലൈ സ്കീം മുനിസിപ്പാലിറ്റിക്ക് വേണ്ടി മാത്രം ലോണെടുത്ത് നടപ്പിലാക്കിയ പദ്ധതിയാണെന്നും സാധാരണ പഞ്ചായത്ത് പദ്ധതികളിൽ ലാന്റ് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് തന്നെയാണ് ലഭ്യമാക്കുന്നതെങ്കിലും നഗരസഭ സാധാരണ റെസ്റ്റോറേഷൻ ചാർജ്ജ് അടവാക്കാറില്ലെന്നും നിലവിലും അങ്ങനെയാണ് ചെയ്തുവരുന്നതെന്നും വാട്ടർ അതോറിറ്റി സൂപ്രണ്ട് അറിയിച്ചു. നഗരസഭയ്ക്ക് അനുവദിക്കുന്ന തുകയിൽ നിന്നും വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള തുക കൃത്യമായി കുറവ് ചെയ്തിട്ടുണ്ടെന്നും ഇക്കാര്യം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പെരിന്തൽമണ്ണ നഗരസഭാ സെക്രട്ടറി അറിയിച്ചു.

14. പ്രസ്തുത വിഷയം സംബന്ധിച്ച് ഗവൺമെന്റ് സ്വീകരിച്ച നിലപാടിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് ടി വിഷയം ഹൈ പവർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

### നിഗമനങ്ങളും/ശിപാർശകളും

15. **പെരിന്തൽമണ്ണ നഗരസഭയ്ക്ക് റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കാനുള്ള തുക സംബന്ധിച്ച വിഷയത്തിന്മേൽ സർക്കാർ തലത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് ഹൈ പവർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അധികൃതർ സമിതിയോഗത്തിൽ അറിയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച് അടിയന്തര നടപടി കൈക്കൊണ്ട് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**മഞ്ചേരി നഗരസഭ**

ഓഡിറ്റ് ഖണ്ഡിക

തൊഴിൽ നികുതി കാലഹരണപ്പെട്ടു - നഷ്ടം 4,37,837 രൂപ:

[ഓഡിറ്റ് റിപ്പോർട്ട് 2000-01 ഖണ്ഡിക 2(14) എ]

1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ടിന്റെ സെക്ഷൻ 539(1) പ്രകാരം പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക 3 വർഷത്തിനകം പിരിച്ചെടുക്കുന്നതിൽ വീഴ്ചവരുത്തിയതുമൂലം 1975-76 മുതൽ 1997-98 വരെയുള്ള കാലയളവിലെ തൊഴിൽ നികുതിയിനത്തിൽ 4,37,837 രൂപ കാലഹരണപ്പെട്ടതിനാൽ നഷ്ടമായിട്ടുണ്ട്. ഈ തുക 12% പലിശസഹിതം വീഴ്ചക്കാരായ ഉദ്യോഗസ്ഥന്മാരിൽ നിന്നും ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.21.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

16. തൊഴിൽ നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ അത് കാലഹരണപ്പെട്ടുവെന്ന് പറയുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് സമിതി ആരാഞ്ഞതിന് വ്യക്തികളിൽ നിന്നോ, സ്ഥാപനങ്ങളിൽ നിന്നോ 3 വർഷമായി നികുതി പിരിച്ചെടുക്കാൻ സാധിച്ചില്ലെങ്കിൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുമെന്ന് നിയമത്തിൽ പറയുന്നുണ്ടെന്ന് അർബൻ അഫയേഴ്സ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി. ഓരോ 6 മാസത്തിലും പിരിച്ചെടുക്കാൻ കഴിയാത്ത നികുതി സംബന്ധിച്ച് ഉദ്യോഗസ്ഥർ നഗരസഭയ്ക്ക് റിപ്പോർട്ട് നൽകേണ്ടതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടതിന് നിലവിൽ കൃത്യമായി നികുതി പിരിച്ചെടുക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

17. നികുതി കുടിശ്ശിക റൈറ്റ് ഓഫ് ചെയ്യുവെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന സമിതി നിർദ്ദേശത്തിന് ആയതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

**നിഗമനങ്ങളും/ശിപാർശകളും**

18. **മഞ്ചേരി നഗരസഭയിൽ 1975-76 മുതൽ 1997-98 വരെയുള്ള കാലയളവിൽ തൊഴിൽ നികുതി പിരിക്കുന്നതിൽ വന്ന വീഴ്ച നിമിത്തം 4,37,837 രൂപയുടെ നഷ്ടം സംഭവിച്ചതായി സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത കാലയളവിലെ തൊഴിൽ നികുതി**

**നിലവിൽ പിരിച്ചെടുക്കുന്നതോ നികുതി പിരിവിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടത്തുക ഈടാക്കുന്നതോ നിലവിലെ സാഹചര്യത്തിൽ അപ്രായോഗിക മായതിനാലും നഗരസഭ നിലവിൽ കാര്യക്ഷമമായി നികുതി പിരിവ് നടത്തുന്നതിനാലും പരാമർശവിധേയമായ നഷ്ടത്തുക എഴുതിത്തള്ളുവാൻ സാധിക്കുമോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

ഷാസു ലോൺ-ഗുണഭോക്താക്കളിൽ നിന്നും ലോൺ തുക ഈടാക്കാതെ മുനിസിപ്പൽ ഫണ്ടിൽ നിന്നും തിരിച്ചടവ് നടത്തി. 14,28,163 രൂപ.

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2000-01 ഖണ്ഡിക നമ്പർ 3(17)]

1996-97-ൽ 600 ഗുണഭോക്താക്കൾക്ക് 2,365 രൂപ നിരക്കിൽ കക്കൂസ് നിർമ്മിക്കുന്നതിന് വായ്പ നൽകുന്നതിനായി കെ.യു.ഡി.എഫ്.സി.യിൽ നിന്നും 14,19,000 രൂപ വായ്പയെടുക്കുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുമുണ്ടായി. ഇതിൽ കേവലം 30 പേർ മാത്രമാണ് വായ്പ തുക മുഴുവനായി അടവാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്നും വായ്പ തുക ഈടാക്കാൻ നടപടി സ്വീകരിക്കാതെ മുനിസിപ്പൽ ഫണ്ടിൽ നിന്നും 14,28,163 രൂപ പിൻവലിച്ച് കെ.യു.ഡി.എഫ്.സി.യ്ക്ക് നൽകിയത് ക്രമവിരുദ്ധമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.21.2]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

19. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സമിതി ചോദ്യമുന്നയിച്ചതിന് വീട് റിപ്പയറിംഗിനും കക്കൂസ് നിർമ്മാണത്തിനുമായി നൽകിയ വായ്പയുടെ സബ്സിഡി നൽകുന്നതിന് 1000 രൂപയുടെ ഇന്ദിരാ വികാസ് പത്രികകൾ സെക്രട്ടറിയുടെ പേരിൽ എടുത്തതിനാൽ നഗരസഭയ്ക്ക് നഷ്ടമുണ്ടായിട്ടില്ലെന്നും ഗുണഭോക്താക്കളിൽ നിന്നും വായ്പാ തുക ഈടാക്കാതെ മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് കെ.യു.ഡി.എഫ്.സി.-ക്ക് നൽകിയെന്നും മഞ്ചേരി നഗരസഭാ സെക്രട്ടറി-ഇൻ-ചാർജ് സമിതിയെ അറിയിച്ചു. തുടർന്ന് ലോൺ തിരിച്ചടയ്ക്കാത്തവർക്ക് സബ്സിഡി തുക നൽകേണ്ടതില്ലാത്തതിനാലും നഗരസഭാ ഫണ്ടിൽ തുക വരവ് വന്ന സാഹചര്യത്തിലും ഓഡിറ്റ് തടസ്സം സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും/ശിപാർശകളും**

20. **മഞ്ചേരി നഗരസഭാ സെക്രട്ടറി-ഇൻ-ചാർജിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ വിവരം ലഭ്യമല്ല:

വിവിധ പദ്ധതി നിർവ്വഹണത്തിനായി 2000-01-ൽ കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന ഭവന നിർമ്മാണബോർഡ്, കോസ്റ്റ് ഫോർഡ് എന്നീ സ്ഥാപനങ്ങൾക്കായി 96,73,859 രൂപ നഗരസഭ നൽകിയിരുന്നു.

വിശദ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | നിക്ഷേപ വേലയുടെ വിവരണം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | നിക്ഷേപിച്ച തുക (രൂപ) | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|---|
| 1 | പൈപ്പുലൈൻ നീട്ടൽ | 2000-01 | 3(27) | 14,81,485 | കേരള വാട്ടർ അതോറിറ്റി |
| 2 | ഭവന പദ്ധതി | 2000-01 | 3(31) | 66,92,374 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| 3 | ടൗൺ ഹാൾ നിർമ്മാണം | 2000-01 | 3(28) | 15,00,000 | കോസ്റ്റ് ഫോർഡ് |
| | | | **ആകെ** | **96,73,859** | |

ടി പദ്ധതികൾ പൂർത്തീകരിച്ചതായോ പദ്ധതിയുടെ പ്രയോജനം സ്ഥലവാസികൾക്ക് ലഭ്യമായതായോ ഉള്ള കേരള വാട്ടർ അതോറിറ്റി/കേരള സംസ്ഥാന ഭവന നിർമ്മാണബോർഡ്/കോസ്റ്റ് ഫോർഡ് അധികൃതരുടെ വിനിയോഗ സാക്ഷ്യപത്രമോ മോണിട്ടറിംഗ് സമിതി റിപ്പോർട്ടോ ഉൾപ്പെടെ യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.21.3]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

21. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതി ചോദ്യത്തിന് ഡെപ്പോസിറ്റ് ചെയ്ത തുകയ്ക്കുള്ള വിനിയോഗ സർട്ടിഫിക്കറ്റ് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുകയും ബാക്കി തുക നഗരസഭാ അക്കൗണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ടെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും ടൗൺഹാൾ നിർമ്മാണം പൂർത്തിയാക്കി കോസ്റ്റ് ഫോർഡ് നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ടെന്നും മഞ്ചേരി നഗരസഭാ സെക്രട്ടറി-ഇൻ-ചാർജ് സമിതിയെ ബോധിപ്പിച്ചു. ആയതിന് നഗരസഭയിൽ പ്രസ്തുത വിഷയം ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങളും/ശിപാർശകളും

22. **മഞ്ചേരി നഗരസഭ വിവിധ പദ്ധതികൾക്കായി മൂന്ന് സ്ഥാപനങ്ങളിലായി 96,73,859 രൂപ നിക്ഷേപിച്ചിരുന്നുവെന്നും അതിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുകയും കോസ്റ്റ് ഫോർഡ് ടൗൺ ഹാൾ നിർമ്മാണം പൂർത്തിയാക്കി നഗരസഭയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിക്ഷേപിച്ച തുകയ്ക്ക് നാളിതുവരെയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയം നഗരസഭാ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

സഹകരണ സംഘങ്ങൾക്ക് പദ്ധതി വിഹിതത്തിൽ നിന്നും നൽകിയ തുക ചെലവഴിച്ചില്ല. രൂപ 4,13,322.

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2000-01 ഖണ്ഡിക 3(22)]

2000-01-ൽ മൂന്ന് പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനായി 3-4-2000-ലെ 17/2000/പ്ലാനിംഗ് നമ്പരായി പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 4,13,322 രൂപ അനുവദിച്ചു നൽകി. തുക നാളിതുവരെയും വിനിയോഗിക്കാതെ സഹകരണ സംഘങ്ങളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. പദ്ധതി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി അനുവദിച്ചതും നാളിതുവരെ വിനിയോഗിക്കാതിരുന്നതുമായ 4,13,322 രൂപ തിരിച്ചീടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.21.4]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

23. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന മൂന്ന് പട്ടികജാതി സഹകരണ സംഘങ്ങളും എന്തുകൊണ്ടാണ് തുക വിനിയോഗിക്കാതിരുന്നതെന്നും ഓരോ സംഘത്തിനും എത്ര രൂപ വീതമാണ് അനുവദിച്ചതെന്നും നിലവിൽ കെട്ടിടം നിർമ്മിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് രണ്ട് സഹകരണ സംഘങ്ങൾ കെട്ടിട നിർമ്മാണത്തിനും ഓഫീസ് പ്രവർത്തനങ്ങൾക്കുമായി പ്രസ്തുത തുക വിനിയോഗിച്ചുവെന്നും എന്നാൽ എത്ര തുകയാണ് ഓരോ സംഘത്തിനും അനുവദിച്ചതെന്ന് അറിയില്ലെന്നും നിലവിൽ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ലെന്നാണ് അന്വേഷണത്തിൽ നിന്ന് അറിയാൻ കഴിഞ്ഞതെന്നും കൂടാതെ പ്രസ്തുത സഹകരണ സംഘങ്ങൾ പ്രവർത്തനരഹിതമായതിനാൽ അവ ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണെന്നും മഞ്ചേരി നഗരസഭാ സെക്രട്ടറി-ഇൻ-ചാർജ് സമിതിയെ അറിയിച്ചു.

24. സ്ഥാപനങ്ങൾ ലിക്വിഡേറ്റ് ചെയ്താൽ ബാലൻസ് തുക ഈടാക്കുന്നതെങ്ങനെയെന്നും, നഗരസഭയുടെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് സെക്രട്ടറി വിശദമായ പഠനം നടത്തണമെന്നും പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങളും/ശിപാർശകളും

**25. മഞ്ചേരി നഗരസഭ മൂന്ന് പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച 4,13,322 രൂപയിൽ രണ്ട് സംഘങ്ങൾ തുക വിനിയോഗിച്ചിരുന്നുവെങ്കിലും പ്രസ്തുത സഹകരണ സംഘങ്ങളൊന്നും നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഓരോ സംഘത്തിനും നൽകിയ തുക സംബന്ധിച്ച കൃത്യമായ വിശദാംശങ്ങളൊന്നും നിലവിൽ നഗരസഭയിൽ ലഭ്യമല്ലെന്ന് നഗരസഭാ സെക്രട്ടറിയുടെ മറുപടിയിൽനിന്നും സമിതിക്ക് ബോദ്ധ്യമാകുന്നു. നഗരസഭയുടെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് കൃത്യമായി പഠനം നടത്തണമെന്നും പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

വരുമാന വർദ്ധനവിനുള്ള നടപടികളുടെ അഭാവം:

* വസ്തു നികുതി പുതുക്കൽ വൈകുന്നതുവഴി വരുമാന നഷ്ടം.

* വസ്തുനികുതി അപ്പീൽ പെറ്റീഷനുകളിന്മേൽ നിയമവിരുദ്ധമായി ഇളവനുവദിക്കുന്നു.

* ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി എടുക്കുന്നില്ല.

* തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികളുമില്ല.

ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കാലാകാലങ്ങളിൽ നടത്തേണ്ടുന്ന കെട്ടിടനികുതി/വസ്തുനികുതി പരിഷ്കരണം നടത്താത്തതുമൂലം പ്രസ്തുത നികുതിയിനത്തിൽ ഗണ്യമായ വരുമാനനഷ്ടം ഉണ്ടാകുന്നുണ്ട്.

വസ്തുനികുതി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി മുമ്പാകെ സമർപ്പിക്കപ്പെടുന്ന റിവിഷൻ പെറ്റീഷൻ പരിഗണിച്ച് അനുവദിക്കാവുന്ന പരമാവധി ഇളവ് 10% ആയും സെക്രട്ടറി നിർണ്ണയിക്കുന്ന നികുതിയിന്മേൽ നഗരസഭാ അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക്/ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അനുവദിക്കാവുന്ന പരമാവധി ഇളവ് 20% ആയും 27-11-06-ലെ ജി.ഒ.(എം.എസ്.)271/06.തസ്വഭവ. വകുപ്പ് ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുണ്ടെങ്കിലും മിക്കവാറും നഗരസഭകളിൽ അപ്പീൽ പെറ്റീഷനുകളിൽ സ്റ്റാന്റിംഗ് കമ്മിറ്റി നിയമാനുസൃതമായ 20% ഇളവിനുമേൽ വീണ്ടുമൊരു 20% ഇളവുകൂടി അനുവദിക്കുന്ന പ്രവണത വ്യാപകമായിക്കാണുന്നു. നിയമ വിരുദ്ധമായ ഈ ഇളവനുവദിക്കൽ സ്ഥാപനത്തിന്റെ വരുമാനച്ചോർച്ചയ്ക്ക് ആക്കം കൂട്ടുന്നു.

1994-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഗ്രാമപഞ്ചായത്തുകളിലും കൂടി ബാധകമാക്കിയതിനാൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിനത്തിൽ ഗണ്യമായ വരുമാനവർദ്ധനവ് ഉണ്ടെങ്കിലും കൃത്യമായി എഫ്.എ.ആർ. കണക്കാക്കിയും നഗരപ്രാന്തത്തിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ പ്രത്യേക സ്ട്രക്ചറൽ സോണുകൾക്ക് നിശ്ചയിച്ച നിരക്കിലും പെർമിറ്റ് ഫീസ് വാങ്ങുന്നതിൽ അലംഭാവവും കണ്ടുവരുന്നു.

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെ ഒരു വ്യാപാരമോ വ്യവസായമോ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടത്തുവാൻ പാടില്ല എന്നിരിക്കെ ഇതിനു വിരുദ്ധമായി ലൈസൻസ് എടുക്കാതെയോ ലൈസൻസ് യഥാക്രമം പുതുക്കാതെയോ നടത്തുന്ന അനധികൃതമായ പ്രവൃത്തികൾക്ക് 233-ാം വകുപ്പ് പ്രകാരം 3,000 രൂപ വരെ പിഴ ചുമത്താമെന്നിരിക്കെ അനധികൃത വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും എതിരെ നടപടിയെടുക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ വിമുഖത പുലർത്തുന്നുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 209 പ്രകാരം ഒരു പഞ്ചായത്തുപ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് പഞ്ചായത്തിന് നികുതി ഈടാക്കാവുന്നതാണ്. പരസ്യനികുതി ചുമത്തുമ്പോൾ അതിന്റെ ഏറ്റവും കുറഞ്ഞ നിരക്ക് എസ്.ആർ.ഒ.654/02 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. പരസ്യനികുതി പിരിക്കാനുള്ള അവകാശം ലേലം ചെയ്തുകൊടുത്ത് ഈ ഇനത്തിലുള്ള വരുമാനം കണ്ടെത്താനും ഈ മേഖലയിൽ സാധ്യതകൾ ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രമം നടത്തുന്നില്ല.

സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ നിയമാനുസൃതം നടത്തേണ്ടത് കർശനമായിരിക്കേ രജിസ്ട്രേഷൻ ഇല്ലാത്ത നിരവധി സ്ഥാപനങ്ങൾ നഗരസഭാ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഇനത്തിലുള്ള വരുമാന നഷ്ടത്തിലുപരി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കേവല നിബന്ധനകൾ എങ്കിലും പാലിച്ചുകൊണ്ടാണോ അവ പ്രവർത്തിക്കുന്നത് എന്ന് പരിശോധിക്കാനും നിയന്ത്രിക്കാനുമുള്ള അധികാരം വിനിയോഗിക്കാത്തത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതയില്ലായ്മയാണ് കാണിക്കുന്നത്.

നഗരസഭകളുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, പൊതുവായ മാർക്കറ്റുകൾ എന്നിവ യഥാകാലം ലേലം ചെയ്തുകൊടുക്കുവാനോ വാടകക്കരാറുകൾ കൃത്യമായി എഴുതി വാടക കൃത്യമായി പിരിച്ചെടുക്കുവാനോ ഉള്ള ശ്രമങ്ങളും നടക്കുന്നില്ല.

കുടിശ്ശിക നികുതികൾ, ഫീസുകൾ എന്നിവ നിയമാനുസൃതം പിരിച്ചെടുക്കുന്നതിലും തദ്ദേശസ്വയംഭരണാധികാരികൾ ഗുരുതരമായ അലംഭാവം കാണിക്കുന്നു.

തനതുവരുമാന നഷ്ടത്തിന് ഏതാനും ഉദാഹരണങ്ങൾ

| സ്ഥാപനം | ഇനം | തുക | ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക |
|---|---|---|---|
| മഞ്ചേരി മുനിസിപ്പാലിറ്റി മലപ്പുറം ജില്ല | വസ്തുനികുതി (വാർഷിക മൂല്യത്തിനനുസൃതമായ വസ്തുനികുതി ചുമത്താത്തതിനാൽ നഷ്ടം) | 2,53,404 | 2004-05/2(11) |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.5 പട്ടിക ക്രമ നം.(5)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

26. മഞ്ചേരി നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നികുതി പിരിവടക്കമുള്ള നടപടികൾ സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് സമിതി ചോദ്യമുന്നയിച്ചതിന് നികുതി കുടിശ്ശികയിനത്തിൽ 2,53,404 രൂപയാണ് നഗരസഭ പിരിച്ചെടുക്കാനുള്ളതെന്നും നിലവിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും നികുതിയിനത്തിൽ ഇതുവരെ ഒരു തുകയും അടച്ചിട്ടില്ലാത്തവരിൽ നിന്നും പുതിയ നികുതി സ്വീകരിച്ചിട്ടില്ലെന്നും കുടിശ്ശിക വരുത്തിയവരിൽ നിന്നുമാത്രമാണ് പുതിയ നികുതി സ്വീകരിച്ചതെന്നും നികുതി പരിഷ്കരണം നടക്കുന്നതുകൊണ്ട് 2016 മുതലുള്ള കുടിശ്ശികയും ചേർത്ത് സാധാരണ അടയ്ക്കുന്നതിനേക്കാൾ വലിയ തുകയാണ് അടയ്ക്കുന്നതെന്നും മഞ്ചേരി

നഗരസഭാ സെക്രട്ടറി-ഇൻ-ചാർജ് സമിതിയെ അറിയിച്ചു. തുടർന്ന് നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുകയും ആയതിന് നടപടി സ്വീകരിക്കാമെന്ന് മഞ്ചേരി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തു.

**നിഗമനങ്ങളും/ശിപാർശകളും**

27. **വാർഷിക മൂല്യത്തിനനുസൃതമായ വസ്തു നികുതി ചുമത്താത്തതിനാൽ മഞ്ചേരി നഗരസഭയുടെ തനതുവരുമാനത്തിൽ 2,53,404 രൂപയുടെ നഷ്ടം സംഭവിച്ചുവെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തൽ സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. പരാമർശവിധേയമായ നികുതി കുടിശ്ശിക അടിയന്തരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

കോടതി ഉത്തരവുണ്ടായിട്ടും വാടക കുടിശ്ശിക ഈടാക്കിയില്ല

[ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ 2(1)]

മഞ്ചേരി നഗരസഭ വക ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ എക്സ്റ്റൻഷൻ കേന്ദ്രം ആരംഭിക്കുന്നതിന് സ്ക്വയർ ഫീറ്റിന് 4.50 രൂപ നിരക്കിൽ 5400 സ്ക്വയർ ഫീറ്റ് സ്ഥലം അനുവദിച്ചു. 1/04 വരെ കെട്ടിടത്തിൽ പ്രവർത്തനം നടത്തിയ സ്ഥാപനം വാടകയിനത്തിൽ 9,72,000 രൂപ കുടിശ്ശിക വരുത്തി.

| | |
|---|---|
| 10/2000-3/04 (പ്രതിമാസം 24,300 രൂപ നിരക്കിൽ) | 1,45,800 |
| 2001-02 വർഷം | 2,91,600 |
| 2002-03 വർഷം | 2,91,600 |
| 4/03-1/04 | 2,43,000 |
| ആകെ | 9,72,000 രൂപ |

നഗരസഭയുടെ ഡിമാന്റ് നോട്ടീസിന് സർക്കാർ സ്റ്റേ നൽകിയിരുന്നെങ്കിലും 21-3-2003-ലെ 42341/സി1/02/തസ്വഭവ. നമ്പർ ഉത്തരവ് മുഖേന സ്റ്റേ റദ്ദാക്കുകയും 4/03 മുതൽ കൃത്യമായി വാടക നൽകാനും 3/03 വരെയുള്ള കുടിശ്ശിക 10 ഗഡുക്കളായി

അടവാക്കാനും നിർദ്ദേശിക്കുകയും ചെയ്തു. തുക അടവാക്കാത്തതിനാൽ റവന്യൂ ഇൻസ്പെക്ടർക്ക് ഡിസ്ട്രയിന്റ് വാറന്റ് നൽകുകയും ജപ്തി നടത്തുന്നതിനുള്ള മുതലുകൾ ഇല്ലാതിരുന്നതിനാൽ ജപ്തി നടത്താൻ സാധിച്ചിട്ടില്ലാത്തതുമാണ്. ഇത് പ്രകാരം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാനും 9,93,870 രൂപ (21,870 രൂപ പലിശയടക്കം) ഈടാക്കാൻ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുമുണ്ടായി. 5-10-2000 മുതലുള്ള വാടകയും 18% പലിശയും ലഭ്യമാക്കുന്നതിനായി ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 20373/04 നമ്പർ കേസ് 16-9-2004-ന് പരിഗണനയ്ക്കെടുത്തപ്പോൾ 50% തുക 16-3-2005-നകവും 50% തുക 16-9-2005-നകവും അടവാക്കാമെന്ന് ഓഡിയോ വിഷ്വൽ സെന്റർ സമ്മതിച്ചത് പ്രകാരം ഹർജി തീർപ്പാക്കി വിധി പ്രസ്താവിച്ചു. 12,000 രൂപ വക്കീൽ ഫീസിനത്തിൽ നൽകിയിട്ടുമുണ്ട്. ജി.ഒ.(ആർ.റ്റി.) 391/06/തസ്വഭവ. തീയതി 10-2-2006 നമ്പർ ഉത്തരവ് പ്രകാരം കേസ് ഫീ നൽകുന്നതിന് സർക്കാർ അനുമതിയും ലഭിച്ചിട്ടുണ്ട്.

വിധി പ്രകാരം തുകയുടെ ആദ്യ ഗഡു 16-3-2005-നും രണ്ടാം ഗഡു 16-9-2005-നും മുമ്പായി അടവാക്കണമെന്നും അല്ലാത്തപക്ഷം കോടതിയലക്ഷ്യ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചുകൊണ്ട് സെക്രട്ടറി ആർ.5/169/98 നമ്പർ കത്ത് ഓഡിയോ വിഷ്വൽ സെന്റർ മാനേജിംഗ് ഡയറക്ടർക്ക് നൽകിയതോടെ ഫയൽ നടപടികൾ അവസാനിപ്പിച്ചിരിക്കുന്നു. സമയോചിത നടപടിയെടുത്ത് തുക ഈടാക്കാൻ ശ്രമിക്കാതിരുന്നതുവഴി വാടകയിനത്തിലുള്ള തുക പിരിച്ചെടുക്കാൻ കഴിയാത്ത വിധം കാലഹരണപ്പെട്ടിട്ടുണ്ട്. യഥാവിധി നടപടിയെടുക്കാൻ വീഴ്ച വരുത്തിയ 3/05 മുതൽ 9/05 വരെയുള്ള ആർ.5 സെക്ഷൻ ക്ലാർക്ക്, റവന്യൂ ഇൻസ്പെക്ടർ, റവന്യൂ സൂപ്രണ്ട്, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി നഷ്ടത്തുക താഴെ കാണും പ്രകാരം ഈടാക്കേണ്ടതാണ്.

| | | |
|---|---|---|
| വാടക: | 9,72,000 രൂപ | |
| 2/04 മുതലുള്ള പലിശ 18% നിരക്കിൽ | 8,74,800 | 2/04-1/09 |
| | 1,45,800 | 2/09-11/09 |
| ആകെ | 19,92,600 രൂപ | |

19,92,600 രൂപയും 9,72,000 രൂപയ്ക്ക് 12/09 മുതൽ ഈടാക്കുന്ന തീയതി വരെയുള്ള പലിശയും ഈടാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. അബൂബക്കർപരി, സെക്രട്ടറി (ജീവിച്ചിരിപ്പില്ല)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.1.6]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

28. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സമിതി ആരാഞ്ഞതിന് വാടക കുടിശ്ശിക പിരിച്ചെടുത്തിട്ടുള്ളതായി മഞ്ചേരി നഗരസഭാ സെക്രട്ടറി-ഇൻ-ചാർജ്ജ് മറുപടി നൽകി. തുടർന്ന് സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

## നിഗമനങ്ങളും/ശിപാർശകളും

29. **പരാമർശവിധേയമായ വാടക കുടിശ്ശിക പിരിച്ചെടുത്തിട്ടുള്ളതായി മഞ്ചേരി നഗരസഭാ സെക്രട്ടറി-ഇൻ-ചാർജ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

ഷോപ്പിംഗ് കോംപ്ലക്സ് യാഥാർത്ഥ്യമായില്ല - 8 ലക്ഷത്തിന്റെ പാഴ്ചെലവ്

[ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ: 3(17)]

* ടെണ്ടർ ഉറപ്പിച്ചെങ്കിലും കരാർ വച്ചില്ല.
* കരാർ വയ്ക്കാതിരുന്നത് സ്ഥലം കൈമാറുന്നതിലെ തടസ്സം കാരണം.
* പ്രാരംഭ ആവശ്യങ്ങൾക്ക് ചെലവഴിച്ച 8 ലക്ഷം രൂപ പാഴായി.

2.10 കോടി രൂപയുടെ എസ്റ്റിമേറ്റിൽ മാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 1999-2000 വർഷം പദ്ധതി തയ്യാറാക്കുകയും പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മെസേർസ് ബ്ലൂചിപ്പ് കൺസ്ട്രക്ഷൻസിന് കരാർ നൽകാൻ തീരുമാനിക്കുകയും ചെയ്തു. തുടർ നടപടികളൊന്നും നഗരസഭയുടെ ഭാഗത്തുനിന്നുണ്ടാവാതിരുന്നതിനാൽ കരാറുകാരൻ 25-7-2002-ന് കരാർ വെയ്ക്കാൻ അനുവദിക്കാനും സ്ഥലം കൈമാറാനും ആവശ്യപ്പെട്ടുവെങ്കിലും നഗരസഭയുടെ ഭാഗത്തുനിന്നും നടപടിയുണ്ടായില്ല . 16-1-2003-ന് കരാറുകാരൻ ടിയാൻ കെട്ടിവച്ച ഇ.എം.ഡി. 18% പലിശസഹിതം തിരികെ നൽകാനാവശ്യപ്പെട്ടതായും കാണുന്നു. 4-2-2005-ലെ 38-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഇ.എം.ഡി. തിരിച്ചു നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലം നിർദ്ദിഷ്ട സമയത്തിനകം കൈമാറാൻ കഴിയാത്തതിനാലാണ് ഇപ്രകാരം തീരുമാനമെടുത്തത്. ഈ പദ്ധതി തുടർന്ന് ഒഴിവാക്കുകയും ചെയ്തിരിക്കുന്നു.

7,99,006 രൂപ ഈ പ്രവൃത്തിയുടെ പ്രാരംഭ ചെലവുകൾക്കായി ചെലവഴിച്ചു. പ്രവൃത്തി ഒഴിവാക്കിയതുവഴി 8 ലക്ഷത്തോളം രൂപയും ഇതിനായുള്ള നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളും പാഴ്ച്ചെലവായി. ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ചെക്ക് നമ്പർ | തുക | |
|---|---|---|
| 264971/01.06.98 | 26000 | കെ.ബി.ആർ.ഇളവിനായി സി.റ്റി.പി.-യ്ക്ക് നൽകിയത് |
| 800496/11.09.98 | 30000 | സോയിൽ ടെസ്റ്റിനായി ആർ.ഇ.സി.-യ്ക്ക് നൽകിയത് |
| 140327/10.02.99 | 12710 | സോയിൽ ടെസ്റ്റിനായി ആർ.ഇ.സി.-യ്ക്ക് നൽകിയത് |
| 291505/14.09.99 | 25000 | സ്ക്രൂട്ടിനി ഫീസ് (ആർ.ഇ.സി.) |
| 801071/29.02.00 | 51396 | സ്ക്രൂട്ടിനി ഫീസ് (ആർ.ഇ.സി.) |
| 487008/01.02.01 | 200000 | പ്ലാൻ/എസ്റ്റിമേറ്റ് ഫീസ് |
| 487035/16.05.01 | 100000 | പ്ലാൻ/എസ്റ്റിമേറ്റ് ഫീസ് |
| 369274/15.12.02 | 75000 | പ്ലാൻ/എസ്റ്റിമേറ്റ് ഫീസ് |
| 516447/12.02.01 | 157500 | സെന്റേജ് ചാർജ് |
| 259141/19.09.01 | 70400 | പരസ്യച്ചെലവ് |
| 440629/03.10.02 | 40000 | പരസ്യച്ചെലവ് |
| 123306/03.10.02 | 11000 | പരസ്യച്ചെലവ് |
| ആകെ | 799006 | |

Note: നഷ്ടോത്തരവാദിത്വം വ്യക്തിപരമായി നിജപ്പെടുത്താനാവാത്തതിനാൽ മേൽവിലാസം ചേർത്തിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.3.15 (1)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

30. ഓഡിറ്റ് പരാമർശം സംബന്ധിച്ച പദ്ധതി പരാജയപ്പെടാൻ കാരണമെന്തെന്ന് സമിതി ആരാഞ്ഞതിന് മാർക്കറ്റിലെ ഷെഡ്ഡുകളിലുള്ള വാടകക്കാരെ ഒഴിപ്പിച്ച് യഥാസമയം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കാത്തതാണ് പദ്ധതി പരാജയപ്പെടാൻ കാരണമെന്നും 1999-ൽ നഗരസഭ വിഭാവനം ചെയ്ത 7 പദ്ധതികളിൽ മാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് ഒഴികെയുള്ള എല്ലാ പദ്ധതികളും പൂർത്തിയായിട്ടുണ്ടെന്നും മഞ്ചേരി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

31. 1999 മുതൽ 2002 വരെ പദ്ധതിയുമായി മുന്നോട്ട് പോയിട്ടും വാടകക്കാരുമായി ഒരിക്കൽ പോലും ആശയവിനിമയം നടത്താത്തതും നിയമനടപടി സ്വീകരിക്കാത്തതും ഗൗരവമായ വിഷയമാണെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത വിഷയം സമഗ്രമായി പഠിച്ച് ടി സ്ഥലത്ത് തന്നെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ സാധിക്കുമോയെന്ന് നഗരസഭ ചർച്ച ചെയ്ത് തീരുമാനിക്കണമെന്നും ആയത് സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിച്ചു.

**നിഗമനങ്ങളും/ശിപാർശകളും**

32. **മഞ്ചേരി നഗരസഭ മാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 8 ലക്ഷം രൂപ ചെലവഴിച്ച് പ്രാരംഭ നടപടികൾ ചെയ്തിരുന്നുവെങ്കിലും പദ്ധതി പ്രദേശത്തെ മാർക്കറ്റിലെ ഷെഡ്ഡുകളിലെ വാടകക്കാരെ ഒഴിപ്പിച്ച് യഥാസമയം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിക്കാതിരുന്നതിനാൽ പദ്ധതി പരാജയപ്പെടുകയും നഗരസഭയ്ക്ക് 8 ലക്ഷം രൂപ നഷ്ടപ്പെടുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു. 1999 മുതൽ 2002 വരെ പദ്ധതിയുമായി മുന്നോട്ട് പോയിട്ടും വാടകക്കാരുമായി ഒരിക്കൽപോലും ആശയവിനിമയം നടത്താതിരുന്നതും നിയമനടപടി സ്വീകരിക്കാതിരുന്നതും സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. പദ്ധതി ആസൂത്രണത്തിൽ ഉണ്ടായ പിഴവ് നഗരസഭാ അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ കുറ്റകരമായ അനാസ്ഥയാണെന്ന് വിലയിരുത്തുന്നതോടൊപ്പം ഇക്കാര്യത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. പ്രസ്തുത വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തി ടി സ്ഥലത്ത് തന്നെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുവാൻ സാധിക്കുമോയെന്ന് നഗരസഭ ചർച്ച ചെയ്ത് തീരുമാനിക്കണമെന്നും ആയത് സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

മുനിസിപ്പൽ ഓഫീസ് കെട്ടിട നിർമ്മാണം - പാഴ്ചെലവും നിഷ്ക്രിയ ആസ്തിയും

[ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08 (ചെലവ്), ഖണ്ഡിക നമ്പർ: 2(26)]

- ഓഫീസ് കെട്ടിട നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചു.
- നിർമ്മാണ ചെലവ് 13.49 ലക്ഷം രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ ചെലവ് 13.49 ലക്ഷം.

2002-03-ലെ എം.198/03 നമ്പർ പ്രോജക്ടിൽ 1,15,25,000 രൂപയ്ക്ക് കെട്ടിടം നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കുകയും ആദ്യ ഘട്ടമായി 2002-03-ൽ 15 ലക്ഷം രൂപ വകയിരുത്തിയതിന് ഡി.പി.സി. 377/02 തീയതി 6-1-03 പ്രകാരം അനുമതി ലഭിക്കുകയും ചെയ്തിരുന്നു.

73/03-04 തീയതി 6-2-2004 നമ്പർ കരാർ പ്രകാരം എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് ഫൈനൽ ബില്ലിനത്തിൽ 13,49,951 രൂപ 8-4-2005-ലെ 91-ാം നമ്പർ വൗച്ചർ പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഒറിജിനൽ എസ്റ്റിമേറ്റിൽ ആവശ്യത്തിന് പ്രൊവിഷൻ നൽകിയിരുന്നില്ലെന്ന കാരണത്താൽ ഇനം (2), (3), (4), (6), (7), (8), (10) എന്നിവ കൂടുതൽ അളവിൽ ചെയ്യുകയും ഇഷ്ടികക്കെട്ട്, വാതിൽ, ജനൽ ഫിറ്റിംഗ്, പ്ലാസ്റ്ററിംഗ്, ഫ്ളോറിംഗ്, റോളിംഗ് ഷട്ടർ, പെയിന്റിംഗ്, പ്ലംബിംഗ് എന്നിവയ്ക്ക് വകയിരുത്തിയ 4,06,974 രൂപയുടെ പ്രവൃത്തി 'Not executed, hence savings' എന്ന് രേഖപ്പെടുത്തി ഒഴിവാക്കുകയും ചെയ്തുകൊണ്ടുള്ള 13.50 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് 23-3-2005-ന് ഡി.എൽ.റ്റി.സി. അനുമതിയും നൽകിക്കാണുന്നു.

തുടർന്ന് ഈ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി 2004-05 മുതൽ പദ്ധതി തയ്യാറാക്കിയെങ്കിലും 6-2-2008-ലെ 3-ാം നമ്പർ തീരുമാന പ്രകാരം (നിലവിൽ ഒരു ഫർണിഷ്ഡ് ഓഫീസ് ഉള്ളതിനാൽ ഷോപ്പിംഗ് കോംപ്ലക്സ് മാത്രമായി മാറ്റാൻ വേണ്ടി ഓഫീസ് ഒഴിവാക്കി) പ്രവൃത്തി റദ്ദ് ചെയ്തിരിക്കുന്നു.

13,49,951 രൂപ കെട്ടിട നിർമ്മാണത്തിനും 7,30,870 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കാനുമായി ചെലവഴിച്ചും പാതിവഴിയിൽ ഒരു ഉപയോഗവുമില്ലാതെ നിർമ്മാണത്തിലിരിക്കുന്ന ഒരു പദ്ധതി, പകരം എന്തു ചെയ്യണമെന്ന വ്യക്തമായ ഒരു നിർദ്ദേശവും നൽകാതെ റദ്ദ് ചെയ്യുകയും തുടർനടപടികളെടുക്കാതിരിക്കുകയും ചെയ്തത് ക്രമവിരുദ്ധമാണ്.

40 സെന്റ് വിസ്തീർണ്ണമുള്ളതും നിലവിൽ ഓഫീസ് പ്രവർത്തിച്ചുവരുന്നതുമായ കോംമ്പൗണ്ടിൽ ചെറുതും വലുതുമായ 5 കെട്ടിടങ്ങൾ ഉണ്ടെന്നും ഇവ പൊളിച്ചുമാറ്റിയാണ് കെട്ടിടം നിർമ്മിക്കുന്നതെന്നും 2002-03 പ്രോജക്ട് റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നതാണ്. 5 കെട്ടിടങ്ങളിൽ 1 പൂർണ്ണമായും 1 ഭാഗികമായും പൊളിക്കുകയും അതിൽനിന്നുള്ള മരവും ഓടും അലക്ഷ്യമായി ഇതേ കോമ്പൗണ്ടിൽ തന്നെ വെച്ചിട്ടുള്ളതായും കാണുന്നു. മഴയും വെയിലും കൊണ്ട് അവ നശിക്കുന്നതും ഉപയോഗിക്കാതിരിക്കുന്ന മറ്റു കെട്ടിടങ്ങളുടെ തകർച്ചയും നഗരസഭ കണ്ടില്ലെന്ന് നടിക്കുകയാണ്.

പദ്ധതി ഒരു ഘട്ടത്തിലും എത്താതിരുന്നിട്ടും വൈദ്യുതീകരണത്തിനായി പി.ഡബ്ല്യു(1)/14892/06-ാം നമ്പറായി ഒരു ഫയൽ ആരംഭിക്കുകയും 25-11-2006-ലെ 26-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി രാജഗോപാൽ ആന്റ് അസോസിയേറ്റ്സ്-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയുടെ 2.33% നിരക്ക് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള പ്രൊപ്പോസൽ 21-12-2006-ലെ 23-ാം നമ്പർ കൗൺസിൽ അംഗീകരിച്ചു (50% എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴും 50% റ്റി.എസ്. ലഭിച്ചാലും). 22,229 രൂപ 9-4-2007-ലെ 31-ാം നമ്പർ

വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. കോഴിക്കോട് ഇലക്ട്രിക്കൽ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള സെന്റേജ് ചാർജായി 46,100 രൂപ (വൗച്ചർ 509/20-9-07) നൽകുകയും 18,44,000 രൂപയുടെ എസ്റ്റിമേറ്റിന് ചീഫ് എഞ്ചിനീയർ അനുമതി നൽകിയതായി ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

6-2-2008-ലെ 3-ാം നമ്പർ തീരുമാന പ്രകാരം പ്രവൃത്തി റദ്ദു ചെയ്തതിനാൽ ഈ ഫയലിലെ നടപടികൾ ഒഴിവാക്കിയിരിക്കുന്നു.

9-8-1984-ലെ 12/84 നമ്പർ ടെക്നിക്കൽ സർക്കുലർ നിർദ്ദേശ പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിൽ തന്നെ വാട്ടർ സപ്ലൈ, സാനിറ്ററി സംവിധാനം, വൈദ്യുതീകരണം എന്നിവയ്ക്ക് കൂടി തുക വകകൊള്ളിക്കണമെന്ന നിബന്ധന പാലിക്കാത്തതും നിർമ്മാണം അനിശ്ചിതത്വത്തിലായ ഒരു പദ്ധതിയ്ക്ക് 68,329 രൂപ ചെലവഴിച്ചതും ക്രമവിരുദ്ധമാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. ടി. പി. സതീശൻ (സെക്രട്ടറി)

(സ്ഥിര മേൽവിലാസം ലഭ്യമല്ല)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.5.4(1)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

33. മഞ്ചേരി മുനിസിപ്പൽ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും അതിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും സമിതി ആരാഞ്ഞപ്പോൾ 2002-ൽ കെട്ടിടനിർമ്മാണം ആരംഭിച്ചപ്പോൾ 2,15,00,000 രൂപയാണ് വകയിരുത്തിയതെന്നും ആദ്യത്തെ വർഷം പ്ലാൻ ഫണ്ടിൽ 14 ലക്ഷം രൂപ വകയിരുത്തുകയും 40 സെന്റിൽ ഏകദേശം 10 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് ഫസ്റ്റ് ഫ്ലോർ പൂർത്തീകരിച്ചതായും ഭരണമാറ്റം വന്നതിനെത്തുടർന്ന് ടി കെട്ടിടം ഷോപ്പിംഗ് കോംപ്ലക്സ് ആക്കിയാൽ മതിയെന്ന് തീരുമാനിച്ച് പദ്ധതി അവസാനിപ്പിച്ചതായും എന്നാൽ പുതിയ ഭരണ സമിതി 40 സെന്റ് സ്ഥലവും ഉപയോഗപ്പെടുത്തി നിലവിലെ കെട്ടിടമുൾപ്പെടെ 9,15,00,000 രൂപയുടെ എഗ്രിമെന്റ് തയ്യാറാക്കുകയും 4 നിലക്കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഏകദേശം പൂർത്തിയാക്കിയതായും ഇനി പ്ലംബിംഗിന്റെയും വയറിംഗിന്റെയും ജോലികൾ മാത്രമേയുള്ളുവെന്നും അത് 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്നും മഞ്ചേരി നഗരസഭാ സെക്രട്ടറി-ഇൻ-ചാർജ് സമിതിയെ അറിയിച്ചു.

34. 6 മാസത്തിനുള്ളിൽ പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശത്തെത്തുടർന്ന് ആയത് നൽകാമെന്ന് മഞ്ചേരി നഗരസഭാ സെക്രട്ടറി-ഇൻ-ചാർജ് സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും/ശിപാർശകളും**

35. **മഞ്ചേരി മുനിസിപ്പൽ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി 2002-ൽ 2,15,00,000 രൂപ വകയിരുത്തി പണികൾ ആരംഭിക്കുകയും 14,00,000 രൂപ ചെലവഴിച്ച് കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിരുന്നുവെങ്കിലും ഭരണമാറ്റത്തെത്തുടർന്ന് പദ്ധതി അവസാനിപ്പിക്കുകയും പ്രസ്തുത കെട്ടിടം ഷോപ്പിംഗ് കോംപ്ലക്സ് ആക്കി മാറ്റുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നതായും എന്നാൽ പിന്നീട് വന്ന ഭരണസമിതി പ്രസ്തുത സ്ഥലത്ത് തന്നെ നിലവിലെ കെട്ടിടമുൾപ്പെടെ 9,15,00,000 രൂപ വകയിരുത്തി നാല് നില കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഏകദേശം പൂർത്തീകരിച്ചതായും സമിതിയെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്ലംബിംഗും വയറിംഗും ഉൾപ്പെടെയുള്ള ശേഷിക്കുന്ന പ്രവൃത്തികളെല്ലാം പൂർത്തീകരിച്ച് 6 മാസത്തിനുള്ളിൽ മുനിസിപ്പൽ ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പ്രവർത്തന സജ്ജമാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

മാർക്കറ്റ് കോംപ്ലക്സിലെ ബയോഗ്യാസ് പ്ലാന്റ് 16.43 ലക്ഷം ചെലവഴിച്ചിട്ടും പ്രവർത്തനരഹിതമായി തുടരുന്നു.

[(മഞ്ചേരി നഗരസഭ, മലപ്പുറം ജില്ല, ഓ.റി.2013-14, 2014-15, ഖ.3-7)]

മഞ്ചേരി നഗരസഭയുടെ അധീനതയിലുള്ള മാർക്കറ്റിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അക്രഡിറ്റഡ് ഏജൻസിയായ ഐ.ആർ.റ്റി.സി. (IRTC) മുഖാന്തിരം പ്രോജക്ട് തയ്യാറാക്കി. പ്രോജക്ട് പ്രകാരം 1000 കിലോ മാർക്കറ്റ് വേസ്റ്റ് സംസ്കരണശേഷിയുള്ള പ്ലാന്റിനുവേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. കരാർ വ്യവസ്ഥ പ്രകാരം പ്ലാൻ ഫണ്ടിൽ നിന്ന് തുക ഐ.ആർ.റ്റി.സി.-ക്ക് കൈമാറി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. നിലവിലുള്ള എസ്റ്റിമേറ്റ് തുകയിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുകയില്ല എന്ന് ഐ.ആർ.റ്റി.സി. അറിയിച്ചതിനെ തുടർന്ന് പ്ലാന്റിന്റെ സംഭരണശേഷി 800 കിലോ ആയി കുറച്ച് പുതുക്കി നിശ്ചയിക്കുകയും അതനുസരിച്ച് എസ്റ്റിമേറ്റ് പരിഷ്കരിച്ച് നൽകുകയും ചെയ്തു. 20-3-2015-ൽ ഐ.ആർ.റ്റി.സി. നിർമ്മാണം പൂർത്തിയാക്കിയതായി നഗരസഭയെ രേഖാമൂലം അറിയിക്കുകയും ബാക്കി

തുക ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ മെഷിനറികൾ സ്ഥാപിക്കുന്ന ഷെഡ്ഡിന്റെ നിർമ്മാണം പൂർത്തിയായില്ല എന്നും വയറിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടില്ല എന്നും ഫയലിൽ നിന്നും വ്യക്തമാകുന്നു. ഇപ്രകാരം പ്ലാന്റിന്റെ നിർമ്മാണം ഭാഗികമായി പൂർത്തിയാക്കി മാലിന്യത്തിൽ നിന്ന് ഗ്യാസ് ഉത്പാദിപ്പിക്കുന്നതിന് നാമമാത്രമായ തുടക്കം കുറിച്ചതായി കാണുന്നു. നിലവിൽ പ്ലാന്റുകൊണ്ട് വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ലഭിക്കേണ്ട പ്രയോജനം ഉണ്ടാകുന്നില്ല എന്ന് വ്യക്തമാണ്. അടിസ്ഥാനപരമായി പഠനം നടത്താതെയും നിർവ്വഹണ സമയത്ത് കൃത്യമായി ഇടപെട്ട് നിർമ്മാണം വിലയിരുത്തി നിർദ്ദേശം നൽകാതെയും പദ്ധതി മുന്നോട്ട് കൊണ്ടുപോയത് ഇതിന്റെ വിജയസാധ്യതകൾ ഇല്ലാതാക്കി. നാളിതുവരെ പ്രവൃത്തിക്കുവേണ്ടി 16.43 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും പ്ലാന്റും പരിസരവും സംസ്കരിക്കാത്ത മാലിന്യങ്ങളുടെ കേന്ദ്രം എന്ന നിലയിൽ ഉപയോഗശൂന്യമായി അവശേഷിക്കുന്നു.

പൊതുമാർക്കറ്റുകൾ ശരിയാംവണ്ണം പരിപാലിക്കുക എന്ന നിയമ ബാദ്ധ്യത ഏറ്റെടുക്കുന്നതിലേക്ക് നഗരസഭകൾ ആവിഷ്കരിക്കുന്ന മാലിന്യ പരിപാലന പദ്ധതികൾ ഈ വിധത്തിൽ ഫലരഹിതമായി തീരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ച് പരിഹാര നടപടികൾ ഉണ്ടാകേണ്ടത് സംസ്ഥാനത്തിന്റെ പൊതു ആവശ്യമാണ്. ബയോഗ്യാസ് പ്ലാന്റുകൾ നിർദ്ദിഷ്ടവിധം പ്രവർത്തിക്കുന്നില്ല എന്നതിന്റെ സാങ്കേതികവശം വിദഗ്ധതല പരിശോധനയ്ക്ക് വിധേയമാക്കി കുറ്റമറ്റ മാതൃക നിർദ്ദേശിക്കേണ്ടതുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.1.2 (ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.

36. ബയോഗ്യാസ് പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടെന്നും അതിൽ മാർക്കറ്റിലെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നുണ്ടെന്നും എന്നാൽ ബയോഗ്യാസ് നിലവിൽ ഹോട്ടലുകൾ ഉപയോഗിക്കുന്നില്ലെന്നും മഞ്ചേരി നഗരസഭാ സെക്രട്ടറി-ഇൻ-ചാർജ് സമിതിയെ ബോധിപ്പിച്ചു.

37. മാലിന്യ സംസ്കരണ പ്ലാന്റിൽ ഉപയോഗിക്കുന്ന മെഷിനറീസ് അല്ല ബയോഗ്യാസ് പ്ലാന്റിൽ ഉപയോഗിക്കുന്നതെന്നും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ടാകാമെന്നും അഭിപ്രായപ്പെട്ട സമിതി ഇതു സംബന്ധിച്ച് സർക്കാരിനോട് വിശദീകരണം ആരായുകയും പ്രസ്തുത വിഷയം സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തി റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തു.

**നിഗമനങ്ങളും/ശിപാർശകളും**

38. **മഞ്ചേരി നഗരസഭയുടെ അധീനതയിലുള്ള മാർക്കറ്റിലെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിർമ്മിച്ച പരാമർശവിധേയമായ ബയോഗ്യാസ് പ്ലാന്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും അതിൽ മാർക്കറ്റിലെ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നുണ്ടെന്നും എന്നാൽ ബയോഗ്യാസ് നിലവിൽ ഹോട്ടലുകൾ ഉപയോഗിക്കുന്നില്ലെന്നും നഗരസഭാ അധികൃതരുടെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പരാമർശവിധേയമായ പ്ലാന്റിന്റെ നിർമ്മാണത്തിനായി കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളതായി നിരീക്ഷിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.**

**പൊന്നാനി നഗരസഭ**

<u>ഓഡിറ്റ് ഖണ്ഡിക</u>

തനതുഫണ്ടിൽ നിന്നും യു.പി.എ. അക്കൗണ്ടിലേക്ക് തുക വകമാറ്റുന്നതിന് പകരം പദ്ധതി വിഹിതം വകമാറ്റി

[ഓഡിറ്റ് റിപ്പോർട്ട് വർഷം1999-2000 ഓഡിറ്റ് ഖണ്ഡിക നമ്പർ: 3(53)]

1994-ലെ കേരള മുനിസിപ്പാലിറ്റീസ് നിയമം 284-ാം വകുപ്പ് പ്രകാരം റവന്യൂ വരവിന്റെ 2% വരുന്ന തുക ഓരോ വർഷവും യു.പി.എ. അക്കൗണ്ടിലേക്ക് വകമാറ്റേണ്ടതുണ്ട്. 11-3-99-ലെ 10744/ബി2/99/ത.സ്വ.ഭ.വ. നമ്പർ ഗവൺമെന്റ് സർക്കുലർ പ്രകാരം ടി തുക വകമാറ്റി നിക്ഷേപിക്കാത്ത നഗരസഭകൾക്ക് അർഹമായ ഗ്രാന്റ് തുക അനുവദിക്കുന്നതിൽ നിയന്ത്രണവും ഏർപ്പെടുത്തുകയുണ്ടായി. എന്നിട്ടും തനതുഫണ്ടിൽ നിന്നും തുക വകമാറ്റാൻ തയ്യാറായില്ലെന്നുമാത്രമല്ല തനതു ഫണ്ടിൽ നിന്നും വകമാറ്റുന്നതിനുപകരം പദ്ധതി വിഹിതത്തിൽ നിന്നും 9,68,000 രൂപ യു.പി.എ. ഫണ്ടിലേയ്ക്കുമാറ്റുകയാണുണ്ടായത്. ഇത് ക്രമവിരുദ്ധമായ നടപടിയാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.24.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

39. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 1999-2000 കാലയളവിൽ തനതു ഫണ്ട് വളരെ കുറവായതിനാൽ റവന്യൂ വരവിന്റെ 2 ശതമാനം വരുന്ന തുക യു.പി.എ. അക്കൗണ്ടിലേയ്ക്ക് വകയിരുത്താൻ കഴിഞ്ഞില്ലെന്നും ആയതിനാലാണ് പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തിയതെന്നും നിലവിൽ റവന്യൂ വരുമാനത്തിന്റെ 2% തുക യു.പി.എ. അക്കൗണ്ടിലേയ്ക്ക് വകയിരുത്തുന്നുണ്ടെന്നും പൊന്നാനി നഗരസഭാ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും/ശിപാർശകളും**

40. **പൊന്നാനി നഗരസഭാ സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുക ഉപയോഗിക്കാതെ സ്ഥിരനിക്ഷേപം നടത്തി.

[ഓഡിറ്റ് റിപ്പോർട്ട് വർഷം 1999-2000 ഓഡിറ്റ് ഖണ്ഡിക നമ്പർ: 3(71)]

എസ്.ജെ.എസ്.ആർ.വൈ., പി.എം.ഐ.യു.പി. എന്നീ ഫണ്ടുകൾ അതതുവർഷത്തെ പദ്ധതികൾക്ക് ഉപയോഗിക്കാതെ സ്ഥിരം നിക്ഷേപം നടത്തിയിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. നിക്ഷേപ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കണക്കുകളിലെല്ലാം നിക്ഷേപം നടത്തുമ്പോൾ ചെലവായും തിരികെ എടുക്കുമ്പോൾ വരവായുമാണ് ചേർത്തു വരുന്നത്. ഏതു തീയതിയിലെ ഡെപ്പോസിറ്റാണ് തിരിച്ചെടുത്തിരിക്കുന്നതെന്ന് എവിടെയും രേഖപ്പെടുത്തിയിട്ടുമില്ല. തിരിച്ചെടുക്കുമ്പോൾ അതത് ഫണ്ടിൽ ക്രെഡിറ്റുചെയ്യുന്നതിനുപകരം വകമാറ്റി ക്രെഡിറ്റ് ചെയ്തിട്ടുമുണ്ട്.

| ചെക്ക് നമ്പർ/തീയതി | തുക (രൂ.) |
|---|---|
| 010516/19.12.98 | 5,00,000 |
| 5279993/30.09.97 | 2,00,000 |
| 167917/26.06.97 | 5,00,000 |
| 010545/21.04.98 | 5,00,000 |
| 051406/12.02.99 | 10,00,000 |
| 313422/09.09.99 | 10,00,000 |

വാർഷിക കർമ്മ പദ്ധതി പ്രകാരം അതത് വർഷം അംഗീകൃത പദ്ധതികൾക്ക് തുക ചെലവഴിക്കാതെ വൻതുക സ്ഥിരനിക്ഷേപം നടത്തുന്ന നഗരസഭയുടെ നടപടി സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.24.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

41. എസ്.ജി.എസ്.ആർ.വൈ,പി.എം.ഐ.യു.പി.ഫണ്ടുകൾ അതത് വർഷത്തെ പദ്ധതികൾക്ക് ഉപയോഗിക്കാതെ സ്ഥിരനിക്ഷേപം നടത്തിയതുമായി ബന്ധപ്പെട്ട് സമിതി ചോദ്യമുന്നയിച്ചതിന്, ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകരിച്ച് വരുന്നതിനിടയ്ക്കുള്ള സമയത്താണ് തുക പഞ്ചാബ് നാഷണൽ ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തിയതെന്നും നിക്ഷേപിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടെന്നും പൊന്നാനി നഗരസഭാ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും/ശിപാർശകളും**

42. **പൊന്നാനി നഗരസഭാ സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

പദ്ധതിപണം അനധികൃതമായി പിൻവലിച്ച് ചെലവ് ചെയ്തത് - ക്രമവിരുദ്ധം

[ഓഡിറ്റ് റിപ്പോർട്ട്: വർഷം1998-99 ഓഡിറ്റ് ഖണ്ഡിക:നമ്പർ 3(24)]

ഓഡിറ്റ് വർഷത്തെ പദ്ധതിത്തുക വിനിയോഗത്തിൽ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ പൊന്നാനി താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി 98-99 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനാവാത്ത അഞ്ച് പ്രോജക്ടുകൾക്കായി 1,14,266 രൂപ സാമ്പത്തിക വർഷാവസാനം പിൻവലിച്ചിരിക്കുന്നതായി കാണുകയുണ്ടായി. ഒരു സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്ലാൻഫണ്ട് അക്കൗണ്ടിൽ വരവുവന്ന തുകയിൽ തൻവർഷം ചെലവഴിയ്ക്കാൻ കഴിയാത്ത തുക സെക്രട്ടറിയുടെ പ്ലാൻ ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന നിർദ്ദേശം നിലനിൽക്കെ സാമ്പത്തിക വർഷത്തിന്റെ അവസാന നാളിൽ തുക മൊത്തമായി പിൻവലിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. മാത്രമല്ല ഇതേ പ്രോജക്ടുകൾ സ്പിൽ ഓവറായി അംഗീകാരം വാങ്ങി നടപ്പിലാക്കാൻ അനുവാദം നൽകിയ സാഹചര്യം നിലനിൽക്കെയാണ് തുക പിൻവലിച്ച് കൈവശം വച്ചതും 1999-2000 വർഷത്തിൽ അനധികൃതമായി ചെലവഴിച്ചതും. വിശദാംശം ചുവടെ ചേർക്കുന്നു.

പിൻവലിച്ച തുക 1,14,266 രൂപ

| പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക (രൂ.) |
|---|---|
| 1. കുടിവെള്ള ശുചീകരണം | 8,420 |
| 2. രോഗപ്രതിരോധ പ്രവർത്തനം | 45,098 |
| 3. ആരോഗ്യ ബോധവൽക്കരണം | 13,491 |
| 4. ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് വിദ്യാഭ്യാസ പ്രോത്സാഹനം | 13,913 |
| 5. പൊതുകിണർ ശുചീകരണം | 7,215 |
| ആകെ | 88,137 |

സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കുവിരുദ്ധമായി ചെലവുചെയ്ത 88,137 രൂപ ഓഡിറ്റിൽ തടസ്സം ചെയ്തിട്ടുണ്ട്. പിൻവലിച്ച തുകയിൽ ബാക്കി വന്ന 26,129 രൂപ പലിശയുൾപ്പെടെ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.24.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

43. താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. പി.എസ്. സുബ്രഹ്മണ്യത്തിനെതിരെ ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ ഡോ. പി.എസ്. സുബ്രഹ്മണ്യം സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചെലവു ചെയ്ത 88,137 രൂപയിൽ തിരിച്ചടയ്ക്കാനുള്ള 26,129 രൂപ ഈടാക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിച്ചുവരികയാണെന്ന് പൊന്നാനി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. ആർ.ആർ. നടപടി ത്വരിതപ്പെടുത്തി തുക തിരികെ ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും/ശിപാർശകളും**

44. **സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവ് ചെയ്ത ഈ തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

മാംസസ്റ്റാൾ നിർമ്മാണം - അപാകതകൾ

[ഓഡിറ്റ് റിപ്പോർട്ട് വർഷം 1998-99 ഓഡിറ്റ് ഖണ്ഡിക നമ്പർ: 3-15]

ആവിക്കുളത്തിനടുത്ത് നിലവിലുള്ളതും പൊളിഞ്ഞുവീണതുമായ മത്സ്യസ്റ്റാളുകൾ പൊളിച്ചുനീക്കി പുതിയതായി 11 സ്റ്റാളുകളും രണ്ടു ടോയ്‌ലെറ്റും നിർമ്മിക്കുന്ന പദ്ധതിക്കായി 50,000 രൂപ കൺവീനർക്ക് മുൻകൂർ നൽകിയതിൽ കെട്ടിടത്തിന്റെ തറ പൂർത്തിയാക്കുന്നതിന് വന്ന മൂല്യനിർണ്ണയം 28,966 രൂപ കഴിച്ചുള്ള 21,034 രൂപ തിരിച്ചു പിടിക്കാൻ നിർദ്ദേശിച്ചതല്ലാതെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. തുക 12% പലിശസഹിതം ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.24.4]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

45. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് സമിതി വിശദാംശങ്ങൾ ആരാഞ്ഞതിന് 1999-ൽ മാംസ സ്റ്റാൾ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് ബാക്കി തുക തിരിച്ചടച്ചില്ലെന്നുള്ളതാണ് ഓഡിറ്റ് തടസ്സമെന്നും പ്രസ്തുത പ്രവൃത്തിയുടെ കൺവീനർ, കമ്മിറ്റി അംഗങ്ങൾ എന്നിവർ ആരെന്ന് അറിയില്ലെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. ബാക്കി തുക കൺവീനറിൽ നിന്നും തിരികെ ഈടാക്കുന്നതിന് പകരം കൺവീനറെ അറിയില്ലെന്ന് പറയുന്നതിൽ നിന്നും ടി വിഷയത്തിൽ ഗുരുതരമായ കൃത്യവിലോപമാണ് നടത്തിയിരിക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു. കരാറുകാരനെ കണ്ടുപിടിച്ച് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും, അതു സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാനും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും/ശിപാർശകളും**

**46. മാംസസ്റ്റാൾ നിർമ്മാണവുമായി ബന്ധപ്പെട്ട് മുൻകൂർ തുക കൈപ്പറ്റിയിട്ടും പദ്ധതി പൂർത്തീകരിക്കുകയോ ശേഷിച്ച തുക തിരിച്ചടയ്ക്കുകയോ ചെയ്യാതിരുന്ന കൺവീനർക്കെതിരെ പൊന്നാനി നഗരസഭാ അധികൃതർ നാളിതുവരെയായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും പ്രസ്തുത കൺവീനറുടെ പേര് വിവരങ്ങൾ പോലും നിലവിൽ നഗരസഭയിൽ ലഭ്യമല്ലെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പൊന്നാനി നഗരസഭാ അധികൃതരുടെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപമാണ് സംഭവിച്ചിരിക്കുന്നതെന്ന് വിലയിരുത്തുന്നതോടൊപ്പം പരാമർശ വിധേയമായ പദ്ധതിയുടെ കൺവീനറെ കണ്ടെത്തി ടിയാനിൽ നിന്നും നഷ്ടത്തുക ഈടാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി പണി നടത്തിയില്ല – തുക ഈടാക്കിയില്ല – രൂപ 6,70,166

[ഓഡിറ്റ് റിപ്പോർട്ട് വർഷം 1999-2000 ഓഡിറ്റ് ഖണ്ഡിക നമ്പർ:3(28),3(69)]

ഒൻപത് മരാമത്ത് പ്രവർത്തികൾക്കായി കൺവീനർമാർക്ക് 6,70,166 രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയെങ്കിലും പ്രവൃത്തികൾ പൂർത്തിയാക്കാൻ തയ്യാറായിട്ടില്ല. എന്നിട്ടും അഡ്വാൻസ് തുകകൾ തിരിച്ചീടാക്കാൻ യാതൊരു ഫലപ്രദമായ നടപടിയും സ്വീകരിച്ചുകാണുന്നില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.24.5]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

47. പ്രസ്തുത ഓഡിറ്റ് തടസ്സത്തിന് കാരണം നഗരസഭയിലെ ഉദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ പ്രവർത്തനങ്ങളുടെ പരിണിതഫലമാണെന്ന് വിമർശിച്ച സമിതി, കരാറുകാരനാണ് തുക മുഴുവൻ കൈവശപ്പെടുത്തിയതെന്ന് പറയുന്നത് ശരിയായ കാര്യമല്ലെന്ന് അഭിപ്രായപ്പെടുകയും പ്രസ്തുത കരാറുകാരനെ കണ്ടുപിടിച്ച് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

## നിഗമനങ്ങളും/ശിപാർശകളും

48. **ഒൻപത് മരാമത്ത് പ്രവൃത്തികൾക്കായി 6,70,166 രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും പദ്ധതികൾ പൂർത്തീകരിക്കുകയോ അഡ്വാൻസ് തുകകൾ തിരിച്ചടയ്ക്കുകയോ ചെയ്യാതിരുന്ന കൺവീനർമാർക്കെതിരെ നാളിതുവരെയായി നടപടികളൊന്നും സ്വീകരിക്കാതിരുന്ന പൊന്നാനി നഗരസഭാ അധികൃതരുടെ നിരുത്തരവാദപരമായ നിലപാടിനോട് സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പരാമർശവിധേയമായ പ്രവൃത്തികളുടെ കരാറുകാരനിൽ നിന്നും നഷ്ടത്തുക അടിയന്തരമായി ഈടാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ വിവരം ലഭ്യമല്ല

പൊന്നാനി നഗരസഭ വിവിധ പദ്ധതി നിർവ്വഹണത്തിനായി വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി, കോസ്റ്റ് ഫോർഡ് എന്നീ സ്ഥാപനങ്ങളിൽ 71,81,466 രൂപ നിക്ഷേപിച്ചിരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിക്ഷേപവേലയുടെ വിവരണം | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ | നിക്ഷേപിച്ച തുക (രൂപ) | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|---|
| 1 | ട്രാൻസ്ഫോർമർ സ്ഥാപിക്കാനും തെരുവു വിളക്ക് സ്ഥാപിക്കാനും | 1999-2000 | 3(36) | 1200120 | വൈദ്യുതി ബോർഡ് |
| 2 | പൈപ്പ് ലൈൻ നീട്ടാനും വാട്ടർ ടാപ്പുകൾ സ്ഥാപിക്കാനും | 1999-2000 | 3(35) | 1300000 | കേരള വാട്ടർ അതോറിറ്റി |
| 3 | 6 നിർമ്മാണ പ്രവർത്തികൾക്ക് | 1998-1999 | 3(6) | 4390192 | കോസ്റ്റ് ഫോർഡ് |
| 4 | 10 നിർമ്മാണ പ്രവർത്തികൾക്ക് 20% മുൻകൂർ | 1999-2000 | 3(23) | 291154 | കോസ്റ്റ് ഫോർഡ് |
| ആകെ | | | | 71,81,466 | |

ടി പദ്ധതികൾ പൂർത്തീകരിച്ചതായോ പദ്ധതിയുടെ പ്രയോജനം സ്ഥലവാസികൾക്ക് ലഭ്യമായതായോ ഉള്ള വൈദ്യുതി ബോർഡ്/കേരള വാട്ടർ അതോറിറ്റി/കോസ്റ്റ് ഫോർഡ് അധികൃതരുടെ വിനിയോഗ സാക്ഷ്യപത്രമോ മോണിട്ടറിംഗ് സമിതി റിപ്പോർട്ടോ ഉൾപ്പെടെ യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.24.6]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

49. പദ്ധതി പൂർത്തീകരിച്ച് സ്ഥലവാസികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുവാൻ സാധിക്കാതിരുന്നതിന് കാരണം സമിതി ആരാഞ്ഞതിന്, ഡെപ്പോസിറ്റ് പ്രവർത്തികളായിരുന്ന പ്രസ്തുത പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്നും, കെ.എസ്.ഇ.ബി.-യുടെയും കോസ്റ്റ് ഫോർഡ്-ന്റെയും വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെന്നും എന്നാൽ വാട്ടർ അതോറിറ്റിയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്നും പൊന്നാനി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

50. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതുമായി ബന്ധപ്പെട്ട സമിതി ചോദ്യത്തിന് ആയത് രണ്ട് ആഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാമെന്ന് വാട്ടർ അതോറിറ്റി സൂപ്രണ്ട് മറുപടി നൽകി. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും/ശിപാർശകളും**

**51. പൊന്നാനി നഗരസഭ വിവിധ പദ്ധതികൾക്കായി കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, കോസ്റ്റ് ഫോർഡ് എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച 71,81,466 രൂപയിൽ കെ.എസ്.ഇ.ബി.-യുടെയും കോസ്റ്റ് ഫോർഡിന്റെയും വിനിയോഗ സാക്ഷ്യപത്രങ്ങൾ മാത്രമാണ് നിലവിൽ ലഭ്യമായിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. വാട്ടർ അതോറിറ്റി മുഖേന നിർവ്വഹിച്ച പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം അടിയന്തരമായി ലഭ്യമാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

മൈത്രീ ഭവന നിർമ്മാണം - വിനിയോഗ വിവരം ലഭ്യമല്ല:

[ഓഡിറ്റ് റിപ്പോർട്ട് വർഷം: 1998-99 ഓഡിറ്റ് ഖണ്ഡിക നമ്പർ:3(7)]

30-6-1998-ലെ 344546-ാം നമ്പർ ചെക്ക് പ്രകാരം 8,00,000 രൂപ ഭവന നിർമ്മാണ ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് (മലപ്പുറം) നൽകിയിട്ടുണ്ട്. 30-6-1998-ന് ചെക്ക് നൽകിയെങ്കിലും 24-3-1999-ന് മാത്രമാണ് ഭവന നിർമ്മാണ

ബോർഡിന് 63 ഗുണഭോക്താക്കളുടെ പട്ടിക അയച്ചു കൊടുക്കുന്നത്. തുക നൽകിയതല്ലാതെ എത്ര ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കിയെന്നോ, വീട് നിർമ്മാണം പൂർത്തിയാക്കി എന്നതു സംബന്ധിച്ച യാതൊരു വിനിയോഗ വിവരവും ലഭ്യമല്ല. ഈ പദ്ധതിയുടെ വ്യക്തമായ വിനിയോഗ വിവരം പരിശോധനാവിധേയമാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.24.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

52. മൈത്രീ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട വിനിയോഗ സർട്ടിഫിക്കറ്റ് ഹൗസിംഗ് ബോർഡ് ലഭ്യമാക്കാതിരുന്നത് സംബന്ധിച്ച സമിതി ചോദ്യത്തിന്, 1998-99 കാലയളവിൽ 9 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കിയ പദ്ധതിയായിരുന്നു ഇതെന്നും അതിൽ 5 ലക്ഷം രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെന്നും പൊന്നാനി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് 4 ലക്ഷം രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനാൽ പ്രസ്തുത തുക തിരിച്ചടയ്ക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുകയും പ്രസ്തുത തുക തിരിച്ചടയ്ക്കാമെന്ന് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് അഡീഷണൽ സെക്രട്ടറി സമിതിയ്ക്ക് ഉറപ്പു നൽകുകയും ചെയ്തു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

## നിഗമനങ്ങളും/ശിപാർശകളും

**53. 1998-99 കാലയളവിൽ 9 ലക്ഷം രൂപ ചെലവിൽ ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കിയ മൈത്രീ ഭവനനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് 5 ലക്ഷം രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് മാത്രമാണ് ലഭ്യമായിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. ശേഷിക്കുന്ന 4 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തുക തിരികെ നഗരസഭയ്ക്ക് കൈമാറുമെന്ന് ഹൗസിംഗ് ബോർഡ് അഡീഷണൽ ഡയറക്ടർ സമിതിയ്ക്ക് നൽകിയ ഉറപ്പ് അടിയന്തരമായി നടപ്പിലാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പദ്ധതി തുകയിൽ നിന്നും സബ്സിഡി അനുവദിച്ചു

[ഓഡിറ്റ് റിപ്പോർട്ട് വർഷം: 1998-99 ഓഡിറ്റ് ഖണ്ഡിക നമ്പർ: 3(9)]

[ഓഡിറ്റ് റിപ്പോർട്ട് വർഷം: 1999-2000 ഓഡിറ്റ് ഖണ്ഡിക നമ്പർ:3(34)]

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ അനുസരിച്ച് പുരകെട്ടി മേയുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും വ്യക്തിഗത ധനസഹായം നൽകാൻ അനുമതി ഇല്ലാതിരുന്നിട്ടും അതിനുവിരുദ്ധമായി 1998-99-ൽ 289 പേർക്കായി 2,89,000 രൂപയും 1999-2000-ൽ 256 പേർക്കായി 2,56,000 രൂപയും അനുവദിച്ചു നൽകി കാണുന്നുണ്ട്. പദ്ധതി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി സെക്രട്ടറി ചെലവിട്ട 5,45,000 രൂപ അംഗീകരിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.24.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

54. പദ്ധതി രേഖയ്ക്ക് വിരുദ്ധമായി സെക്രട്ടറി പണം ചെലവഴിച്ചിട്ടുണ്ടോയെന്ന് സമിതി ചോദ്യമുന്നയിച്ചതിന് വാർഡ് സഭയുടെയും കൗൺസിലിന്റെയും അംഗീകാരത്തോടെ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം അർഹതപ്പെട്ട ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാക്കിയതെന്ന് പൊന്നാനി നഗരസഭാ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. സെക്രട്ടറിയുടെ പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

### നിഗമനങ്ങളും/ശിപാർശകളും

55. **പൊന്നാനി നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

രാസവവള വിതരണത്തിനായി മാത്രം പദ്ധതി - മാനദണ്ഡങ്ങൾക്കു വിരുദ്ധം:

[ഓഡിറ്റ് റിപ്പോർട്ട് വർഷം: 1999-2000 ഓഡിറ്റ് ഖണ്ഡിക നമ്പർ: 3(43)]

10-9-1998-ലെ 37804/പി.3.98/തസ്വഭവ-ാം നമ്പർ ഗവൺമെന്റ് സർക്കുലർ പ്രകാരം ജൈവവളവും സാധാരണ വളവും ഒരു വലിയ സംയോജിത ഉല്പാദന വർദ്ധന പ്രോജക്ടിന്റെ ഘടകമെന്ന നിലയിൽ വിലയുടെ 50% വരെ സബ്സിഡി നാമമാത്ര ചെറുകിട കൃഷിക്കാർക്ക് നൽകാവുന്നതാണ്. എന്നാൽ വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നതിനായി മാത്രം പ്രോജക്ടുകൾ ഉണ്ടാക്കാൻ പാടില്ലെന്ന് നിർദ്ദേശമുണ്ട്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി തയ്യാറാക്കിയ പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരവും നൽകിക്കാണുന്നു. ഈ പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ

വിജിലൻസിന്റെ കസ്റ്റഡിയിലാണ്. ലഭ്യമായ വിവരങ്ങളനുസരിച്ച് വളം വിതരണത്തിനായി 1998-99 ൽ 3,29,900 രൂപയും 1999-2000-ൽ 9,04,800 രൂപയും ഉൾപ്പെടെ 12,34,700 രൂപ ചെലവിട്ടിട്ടുള്ളതായി കാണുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 4.24.9)

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

56. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സത്തെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ പദ്ധതി നടപ്പിലാക്കിയത് കൃഷി ഓഫീസർ ആണെന്നും വിത്തും വളവും കീടനാശിനിയും വിതരണം ചെയ്യേണ്ടിയിരുന്ന പ്രസ്തുത പ്രോജക്റ്റിൽ നിന്നും വിത്ത് ഒഴിവാക്കി വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നതിനായിട്ടുള്ള പ്രോജക്ടാക്കി മാറ്റി എന്നുള്ളതാണ് ഓഡിറ്റ് പരാമർശമെന്നും പൊന്നാനി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

57. വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ടി വിഷയവുമായി ബന്ധപ്പെട്ടതല്ല വിജിലൻസ് അന്വേഷണമെന്നും ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്കെതിരെയുള്ള അഴിമതി സംബന്ധിച്ചാണെന്നും എന്നാൽ പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ വിജിലൻസ് വകുപ്പിന് നൽകിയിരിക്കുകയാണെന്നും പൊന്നാനി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന് നൽകിയിട്ടുള്ള പ്രസ്തുത രേഖകൾ തിരികെ വാങ്ങി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും/ശിപാർശകളും

58. **പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കിയ രാസവള വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളെല്ലാം നിർവ്വഹണ ഉദ്യോഗസ്ഥർക്കെതിരെയുള്ള അഴിമതി ആരോപണവുമായി ബന്ധപ്പെട്ട മറ്റൊരു കേസിന്റെ അന്വേഷണത്തിനായി നിലവിൽ വിജിലൻസ് വകുപ്പിന് കൈമാറിയിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത രേഖകൾ വിജിലൻസ് വകുപ്പിൽ നിന്നും തിരികെ വാങ്ങി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

എസ്.ജെ.എസ്.ആർ.വൈ. ഫണ്ടിൽ നിന്നും ജീവനക്കാർക്ക് സ്കൂട്ടർ അഡ്വാൻസ് അനുവദിച്ചു-ക്രമവിരുദ്ധം

[ഓഡിറ്റ് റിപ്പോർട്ട് വർഷം: 1999-2000 ഓഡിറ്റ് ഖണ്ഡിക നമ്പർ : 3-56]

ദാരിദ്ര്യ നിർമ്മാർജന പദ്ധതിയ്ക്കായി അനുവദിച്ച ഫണ്ടിൽ നിന്നും രണ്ട് ജീവനക്കാർക്ക് 25,000 രൂപ വീതം സ്കൂട്ടർ അഡ്വാൻസായി അനുവദിച്ചത് നീതീകരിക്കാനാവാത്ത നടപടിയായി കാണുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 4.24.10)

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

59. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക്കായി അനുവദിച്ച ഫണ്ടിൽ നിന്നും സ്കൂട്ടർ വാങ്ങാൻ അഡ്വാൻസ് നൽകിയതെങ്ങനെയാണെന്ന് സമിതി ആരാഞ്ഞതിന് ജില്ലാ മിഷന്റെ സർക്കുലർ പ്രകാരമാണ് രണ്ട് ജീവനക്കാർ അഡ്വാൻസ് വാങ്ങിയതെന്നും അതിൽ സർവ്വീസിൽ നിന്നും വിരമിച്ചയാൾ തുക മുഴുവനും തിരിച്ചടച്ചുവെന്നും സർവ്വീസിൽ ഉള്ള ജീവനക്കാരന്റെ ശമ്പളത്തിൽ നിന്നും 2019-മേയ് മാസം മുതൽ തുക തിരികെ ഈടാക്കാൻ തുടങ്ങിയിട്ടുണ്ടെന്നും പൊന്നാനി നഗരസഭാ സെക്രട്ടറി മറുപടി നൽകി.

60. 1999-ൽ ഓഡിറ്റ് ഒബ്ജക്ഷൻ വന്നിട്ടും സ്വീകരിക്കാത്ത നടപടിയാണ് സമിതി തെളിവെടുപ്പുണ്ടെന്ന് അറിഞ്ഞതിനുശേഷം സ്വീകരിച്ചതെന്ന് സമിതി നിരീക്ഷിക്കുകയും പലിശ സഹിതം പ്രസ്തുത തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

**നിഗമനങ്ങളും/ശിപാർശകളും**

**61. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക്കായി അനുവദിച്ച ഫണ്ടിൽ നിന്നും രണ്ട് ജീവനക്കാർക്ക് സ്കൂട്ടർ അഡ്വാൻസായി 25,000 രൂപ വീതം അനുവദിച്ച പൊന്നാനി നഗരസഭാ അധികൃതരുടെ നടപടി തീർത്തും ക്രമരഹിതമാണെന്ന് സമിതി വിലയിരുത്തുന്നു. 1999-ൽ വന്ന ഓഡിറ്റ് ഒബ്ജക്ഷന് 2019-ലെ നിയമസഭാ സമിതിയോഗത്തിന് മുന്നോടിയായി മാത്രമാണ് നഗരസഭാധികൃതർ നടപടി ആരംഭിച്ചത് എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. അഡ്വാൻസ് തുക തിരികെ അടയ്ക്കുവാൻ ശേഷിക്കുന്ന ജീവനക്കാരനിൽ നിന്നും പ്രസ്തുത തുക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

വായ്പാത്തുക കെ.യു.ഡി.എഫ്.സി.യ്ക്ക് തനതു ഫണ്ടിൽ നിന്നും നൽകി. പദ്ധതി വിഹിതത്തിൽ നിന്നും വകമാറ്റി

[ഓഡിറ്റ് റിപ്പോർട്ട് വർഷം: 1999-2000 ഓഡിറ്റ് ഖണ്ഡിക നമ്പർ :3(54)]

കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് വീടിന്റെ ഗുണമേന്മ വർദ്ധിപ്പിക്കൽ/മേൽക്കൂര ബലപ്പെടുത്തൽ എന്നിവയ്ക്ക് 5000 രൂപ വീതം നൽകുകയും 2000 രൂപ ഇതിൽ വായ്പയിനത്തിൽ മാസഗഡുക്കളായി ഗുണഭോക്താക്കൾ തിരച്ചടവാക്കുകയും വേണ്ടതായിരുന്നു. ഇപ്രകാരം തിരിച്ചീടാക്കുന്ന തുകയിൽ നിന്നും കെ.യു.ഡി.എഫ്.സി.ക്ക് വായ്പാത്തുക തിരിച്ചടവാക്കാൻ ലക്ഷ്യമിട്ട പദ്ധതിയാണിത്. എന്നാൽ ഗുണഭോക്താക്കളിൽ നിന്നും തുക തിരിച്ചീടാക്കാനാവാതെ വന്നതിനാൽ തനത് ഫണ്ടിൽ നിന്നും വായ്പ തുകയും പലിശയും അടവാക്കി. തനതുഫണ്ടിൽ നിന്നും ഇപ്രകാരം അടവാക്കിയ 5,50,013 രൂപ പദ്ധതി വിഹിതത്തിൽ നിന്നും 31-3-2000-ൽ വകമാറ്റിക്കാണുന്നു. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി തുക വകമാറ്റിയ നടപടിയ്ക്ക് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 4.24.11)

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

62. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും /ശിപാർശകളും**

**63. തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

എൻ.എസ്.ഡി.പി. - ഭവന പദ്ധതി വായ്പത്തുക തിരിച്ചീടാക്കിയതു സംബന്ധിച്ച വിവരം ലഭ്യമല്ല.

[ഓഡിറ്റ് റിപ്പോർട്ട് വർഷം: 1999-2000 ഓഡിറ്റ് ഖണ്ഡിക നമ്പർ :3(55)]

29-5-1998-ലെ ജി.ഒ.(എം.എസ്.)111/98 തസ്വഭവ. നമ്പർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ചേരി വികസനത്തിന് മാറ്റിവെച്ച തുകയുമായി ചേർത്ത് കേന്ദ്ര വിഹിതം ഉപയോഗിക്കാവുന്നതാണ്. ഈ പദ്ധതി പ്രകാരം പുതിയ വീട് നിർമ്മാണത്തിനായി താഴെപറയും പ്രകാരമാണ് ഫണ്ട് വകയിരുത്തേണ്ടത്.

| | | |
|---|---|---|
| സബ്സിഡി (എൻ.എസ്.ഡി.പി.): | | 5000 |
| ഗുണഭോക്തൃ വിഹിതം | : | 2500 |
| വായ്പ | : | 25000 |
| **ആകെ** | **:** | **32,500** |

നഗരസഭ 1999-2000 വർഷം 164 ഗുണഭോക്താക്കൾക്ക് താഴെകാണും പ്രകാരം ഗുണഭോക്തൃ വിഹിതമുൾപ്പെടെ 26,500 രൂപ വീതം നൽകുകയുണ്ടായി.

| | | |
|---|---|---|
| വായ്പ | : | 15,000 |
| എൻ.എസ്.ഡി.പി. വിഹിതം | : | 5,000 |
| നഗരസഭാ വിഹിതം | : | 4,000 |
| ഗുണഭോക്തൃ വിഹിതം | : | 2,500 |
| **ആകെ** | **:** | **26,500** |

164 പേർക്ക് വായ്പ (15,000 രൂപ) നൽകാൻ വേണ്ടി 24,60,000 രൂപ നഗരസഭ കെ.യു.എഫ്.സി.യിൽ നിന്നും എടുത്തിട്ടുണ്ട്. വായ്പ തുക 185 രൂപ വീതമുള്ള പ്രതിമാസ തവണകളായി തിരിച്ചടയ്ക്കേണ്ടതാണ്. ഈ തുക ഈടാക്കിയത് സംബന്ധിച്ച വ്യക്തമായ ഒരു വിവരവും നഗരസഭാ അധികൃതർ ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായില്ല. തിരിച്ചുപിടിച്ച തുകയുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.24.12]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

64. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും/ ശിപാർശകളും**

**65. തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

ഓഡിറ്റിൽ രേഖകൾ ഹാജരാക്കിയില്ല

പൊന്നാനി നഗരസഭയിൽ താഴെപ്പറയുന്ന വിവിധ പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | റിപ്പോർട്ട് ഖണ്ഡിക | ചെലവാക്കിയ തുക (രൂപ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | മത്സ്യ വിപണന ക്കാർക്ക് ഇരുചക്ര വാഹനം നൽകൽ | ഫിഷറീസ് ഇൻസ്പെക്ടർ | 1998-99 3(18) | 2,04,000 | ബാങ്ക് മാനേജർ നൽകിയ രസീത് ഒഴികെ ഒരു രേഖയും ഹാജരാക്കിയില്ല |
| 2 | മത്സ്യ തൊഴിലാളികൾക്ക് വള്ളവും വലയും വാങ്ങൽ | ഫിഷറീസ് ഇൻസ്പെക്ടർ | 1998-99 3(20) | 7,00,000 | കുറ്റിക്കാട് സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയുടെ പേരിൽ ചെക്ക് നൽകിയതിനുള്ള കൈപ്പറ്റ് രസീത് ഒഴികെ ഒരു രേഖയും ഹാജരാക്കിയില്ല. |
| 3 | മത്സ്യ വിപണന ബൂത്ത് | ഫിഷറീസ് ഇൻസ്പെക്ടർ | 1998-99 3(21) | 1,50,000 | ചെക്കിന്റെ കൈപ്പറ്റ് രസീത് ഒഴികെ ഒരു രേഖയും ഹാജരാക്കിയിട്ടില്ല |
| 4 | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം | ഫിഷറീസ് ഇൻസ്പെക്ടർ | 1998-99 3(22) | 1,00,000 | കൈപ്പറ്റ് രസീത് ഒഴികെ ഒരു രേഖയും ഹാജരാക്കിയിട്ടില്ല |
| 5 | കമ്പ്യൂട്ടർ പാർക്ക് സ്ഥാപിക്കൽ | സെക്രട്ടറി | 1999-00 3(51) | 4,04,598 | സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയതു സംബന്ധിച്ച ഒരു രേഖയും ലഭ്യമാക്കിയില്ല. |
| | | **ആകെ** | | **15,58,598** | |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.24.13]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

66. 15,58,598 രൂപയുടെ പ്രോജക്ടുകൾ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതുസംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഫിഷറീസ് ഇൻസ്പെക്ടറാണ് പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനെന്നും ഇതുമായി ബന്ധപ്പെട്ട യാതൊരു രേഖയും ഓഫീസിലില്ലെന്നും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (പൊന്നാനി) മറുപടി ആവശ്യപ്പെട്ട് കത്തുകൾ അയച്ചപ്പോൾ രേഖകൾ ഹാജരാക്കാൻ സമയം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടതായും പൊന്നാനി നഗരസഭാ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

67. പ്രസ്തുത വിഷയത്തിന്റെ പശ്ചാത്തലത്തിൽ ക്രമക്കേടുകളിൽ സെക്രട്ടറി കൃത്യമായി ഇടപെടുകയും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചതോടൊപ്പം ടി വിഷയം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു.

**നിഗമനങ്ങളും/ശിപാർശകളും**

**68. പൊന്നാനി നഗരസഭയിൽ ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 15,58,598 രൂപയുടെ അഞ്ച് പ്രോജക്ടുകൾ സംബന്ധിച്ച രേഖകൾ നാളിതുവരെ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്നും ടി രേഖകൾ നിലവിൽ നഗരസഭയിലും ഫിഷറീസ് ഇൻസ്പെക്ടറുടെ ഓഫീസിലും ലഭ്യമല്ലെന്നും സമിതി നിരീക്ഷിക്കുന്നു. ഫിഷറീസ് ഡയറക്ടറേറ്റിൽനിന്നും പ്രസ്തുത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ അടിയന്തരമായി കൈപ്പറ്റി ആയത് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും മേലിൽ ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള ഊർജിത നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022 ഫെബ്രുവരി 24.

അനുബന്ധം I

**പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും**

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തദ്ദേശസ്വയംഭരണ വകുപ്പ് | 4 | തിരൂർ നഗരസഭ 28.5 ലക്ഷം രൂപ ചെലവഴിച്ച് 2012-ൽ നിർമ്മിച്ച ജൈവവള നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം 2016-ൽ തന്നെ നിലച്ചിരുന്നുവെന്നും ജൈവവള നിർമ്മാണ പ്രവർത്തനം നടത്തിയിരുന്ന ആലുവ ടെക്നോ ഗ്രൂപ്പ് എന്ന സ്ഥാപനത്തിന്, നഗരസഭ പ്രതിമാസം ഒന്നര ലക്ഷത്തോളം രൂപ നൽകിയിരുന്നുവെങ്കിലും നാല് വർഷ കാലയളവ് കൊണ്ട് വെറും 1,82,128 രൂപ മാത്രമാണ് വളം നിർമ്മാണത്തിലൂടെ നഗരസഭയ്ക്ക് ലഭ്യമായതെന്നും സമിതി നിരീക്ഷിക്കുന്നു. ജൈവവള നിർമ്മാണ പ്ലാന്റിനായി ചെലവായ തുക ആലുവ ടെക്നോ ഗ്രൂപ്പിൽ നിന്നും തിരികെ ഈടാക്കുന്നതിനായി നാളിതുവരെയായി യാതൊരു നടപടികളും സ്വീകരിക്കാതിരുന്ന നഗരസഭാ അധികൃതരുടെ നിരുത്തരവാദപരമായ നിലപാടിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനുള്ള വിശദീകരണവും നഷ്ടത്തുക പ്രസ്തുത സ്ഥാപനത്തിൽ നിന്നും തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അത് സംബന്ധിച്ച റിപ്പോർട്ടും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | | 5 | കൂടാതെ, പരാമർശവിധേയമായ ജൈവവള നിർമ്മാണ പദ്ധതി 2019 ആഗസ്റ്റ് 31-നകം പുനരുജ്ജീവിപ്പിച്ച് പ്രവർത്തനം ആരംഭിക്കുമെന്ന് സമിതിയ്ക്ക് നൽകിയ ഉറപ്പ് അടിയന്തരമായി നടപ്പിലാക്കി ആയത് സംബന്ധിച്ച റിപ്പോർട്ടും പ്രസ്തുത പദ്ധതിയ്ക്കായി നാളിതുവരെ വകയിരുത്തിയ തുകയുടെ വിനിയോഗ വിവരവും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | തദ്ദേശസ്വയംഭരണ വകുപ്പ് | 7 | സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | ” | 11 | മലപ്പുറം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺഹാളിൽ വച്ച് 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ നടന്ന വിവിധ പരിപാടികളുടെ വാടകയോടനുബന്ധിച്ചുള്ള ലക്ഷ്വറി ടാക്സ് പിരിച്ചെടുക്കാത്തതുമായി ബന്ധപ്പെട്ട് വാണിജ്യ നികുതി വകുപ്പിൽ നിന്നും നോട്ടീസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ലക്ഷ്വറി ടാക്സ് ഇനത്തിലുള്ള കുടിശ്ശികയും പലിശയുമുൾപ്പെടെയുള്ള തുക നഗരസഭാ ഫണ്ടിൽ നിന്നും അടച്ച നടപടികളിൻമേൽ സാധൂകരണം നൽകാൻ സർക്കാരിലേയ്ക്ക് നൽകിയ കത്തിന്മേലുള്ള തീരുമാനം അറിയിക്കുന്നതിനും ലക്ഷ്വറി ടാക്സ് ഈടാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട നിയമത്തിൽ അപാകത നിലനിൽക്കുന്നപക്ഷം ആയതു പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| 4 | ” | 15 | പെരിന്തൽമണ്ണ നഗരസഭയ്ക്ക് റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കാനുള്ള തുക സംബന്ധിച്ച വിഷയത്തിന്മേൽ സർക്കാർ തലത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് ഹൈ പവർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അധികൃതർ സമിതിയോഗത്തിൽ അറിയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആയതു സംബന്ധിച്ച് അടിയന്തര നടപടി കൈക്കൊണ്ട് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | തദ്ദേശസ്വയംഭരണ വകുപ്പ് | 18 | മഞ്ചേരി നഗരസഭയിൽ 1975-76 മുതൽ 1997-98 വരെയുള്ള കാലയളവിൽ തൊഴിൽ നികുതി പിരിക്കുന്നതിൽ വന്ന വീഴ്ച നിമിത്തം 4,37,837 രൂപയുടെ നഷ്ടം സംഭവിച്ചതായി സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത കാലയളവിലെ തൊഴിൽ നികുതി നിലവിൽ പിരിച്ചെടുക്കുന്നതോ നികുതി പിരിവിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടത്തുക ഈടാക്കുന്നതോ നിലവിലെ സാഹചര്യത്തിൽ അപ്രായോഗികമായതിനാലും നഗരസഭ നിലവിൽ കാര്യക്ഷമമായി നികുതി പിരിവ് നടത്തുന്നതിനാലും പരാമർശവിധേയമായ നഷ്ടത്തുക എഴുതിതള്ളുവാൻ സാധിക്കുമോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 6 | ” | 20 | മഞ്ചേരി നഗരസഭാ സെക്രട്ടറി ഇൻ-ചാർജിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 7 | ” | 22 | മഞ്ചേരി നഗരസഭ വിവിധ പദ്ധതികൾക്കായി മൂന്ന് സ്ഥാപനങ്ങളിലായി 96,73,859 രൂപ നിക്ഷേപിച്ചിരുന്നുവെന്നും അതിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുകയും കോസ്റ്റ് ഫോർഡ് ടൗൺ ഹാൾ നിർമ്മാണം പൂർത്തിയാക്കി നഗരസഭയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിക്ഷേപിച്ച തുകയ്ക്ക് നാളിതുവരെയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയം നഗരസഭാ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 8 | ” | 25 | മഞ്ചേരി നഗരസഭ മൂന്ന് പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച 4,13,322 രൂപയിൽ രണ്ട് സംഘങ്ങൾ തുക വിനിയോഗിച്ചിരുന്നുവെങ്കിലും പ്രസ്തുത സഹകരണ സംഘങ്ങളൊന്നും നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | തദ്ദേശസ്വയംഭരണ വകുപ്പ് | | ഓരോ സംഘത്തിനും നൽകിയ തുക സംബന്ധിച്ച കൃത്യമായ വിശദാംശങ്ങളൊന്നും നിലവിൽ നഗരസഭയിൽ ലഭ്യമല്ലെന്ന് നഗരസഭാ സെക്രട്ടറിയുടെ മറുപടിയിൽനിന്നും സമിതിയ്ക്ക് ബോദ്ധ്യമാകുന്നു. നഗരസഭയുടെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് കൃത്യമായി പഠനം നടത്തണമെന്നും പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 9 | ” | 27 | വാർഷിക മൂല്യത്തിനനുസൃതമായ വസ്തു നികുതി ചുമത്താത്തതിനാൽ മഞ്ചേരി നഗരസഭയുടെ തനതുവരുമാനത്തിൽ 2,53,404 രൂപയുടെ നഷ്ടം സംഭവിച്ചുവെന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തൽ സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. പരാമർശവിധേയമായ നികുതി കുടിശ്ശിക അടിയന്തരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 10 | ” | 29 | പരാമർശവിധേയമായ വാടക കുടിശ്ശിക പിരിച്ചെടുത്തിട്ടുള്ളതായി മഞ്ചേരി നഗരസഭാ സെക്രട്ടറി-ഇൻ-ചാർജ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | ” | 32 | മഞ്ചേരി നഗരസഭ മാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 8 ലക്ഷം രൂപ ചെലവഴിച്ച് പ്രാരംഭ നടപടികൾ ചെയ്തിരുന്നുവെങ്കിലും പദ്ധതി പ്രദേശത്തെ മാർക്കറ്റിലെ ഷെഡ്ഡുകളിലെ വാടകക്കാരെ ഒഴിപ്പിച്ച് യഥാസമയം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിക്കാതിരുന്നതിനാൽ പദ്ധതി പരാജയപ്പെടുകയും നഗരസഭയ്ക്ക് 8 ലക്ഷം രൂപ നഷ്ടപ്പെടുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു. 1999 മുതൽ 2002 വരെ പദ്ധതിയുമായി മുന്നോട്ട് പോയിട്ടും വാടകക്കാരുമായി ഒരിക്കൽപോലും ആശയവിനിമയം നടത്താതിരുന്നതും നിയമനടപടി സ്വീകരിക്കാതിരുന്നതും സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. പദ്ധതി ആസൂത്രണത്തിൽ ഉണ്ടായ പിഴവ് നഗരസഭാ അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ കുറ്റകരമായ അനാസ്ഥയാണെന്ന് വിലയിരുത്തുന്നതോടൊപ്പം ഇക്കാര്യത്തിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | തദ്ദേശസ്വയംഭരണ വകുപ്പ് | | സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. പ്രസ്തുത വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തി ടി സ്ഥലത്ത് തന്നെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുവാൻ സാധിക്കുമോയെന്ന് നഗരസഭ ചർച്ച ചെയ്ത് തീരുമാനിക്കണമെന്നും ആയത് സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു. |
| 12 | ” | 35 | മഞ്ചേരി മുനിസിപ്പൽ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി 2002-ൽ 2,15,00,000 രൂപ വകയിരുത്തി പണികൾ ആരംഭിക്കുകയും 14,00,000 രൂപ ചെലവഴിച്ച് കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിരുന്നുവെങ്കിലും ഭരണമാറ്റത്തെത്തുടർന്ന് പദ്ധതി അവസാനിപ്പിക്കുകയും പ്രസ്തുത കെട്ടിടം ഷോപ്പിംഗ് കോംപ്ലക്സ് ആക്കി മാറ്റുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നതായും എന്നാൽ പിന്നീട് വന്ന ഭരണസമിതി പ്രസ്തുത സ്ഥലത്ത് തന്നെ നിലവിലെ കെട്ടിടമുൾപ്പെടെ 9,15,00,000 രൂപ വകയിരുത്തി നാല് നില കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഏകദേശം പൂർത്തീകരിച്ചതായും സമിതിയെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്ലംബിംഗും വയറിംഗും ഉൾപ്പെടെയുള്ള ശേഷിക്കുന്ന പ്രവൃത്തികളെല്ലാം പൂർത്തീകരിച്ച് 6 മാസത്തിനുള്ളിൽ മുനിസിപ്പൽ ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പ്രവർത്തന സജ്ജമാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 13 | ” | 38 | മഞ്ചേരി നഗരസഭയുടെ അധീനതയിലുള്ള മാർക്കറ്റിലെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിർമ്മിച്ച പരാമർശവിധേയമായ ബയോഗ്യാസ് പ്ലാന്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും അതിൽ മാർക്കറ്റിലെ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നുണ്ടെന്നും എന്നാൽ ബയോഗ്യാസ് നിലവിൽ ഹോട്ടലുകൾ ഉപയോഗിക്കുന്നില്ലെന്നും നഗരസഭാ അധികൃതരുടെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പരാമർശവിധേയമായ പ്ലാന്റിന്റെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | തദ്ദേശസ്വയംഭരണ വകുപ്പ് | | നിർമ്മാണത്തിനായി കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളതായി നിരീക്ഷിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| 14 | ” | 40 | പൊന്നാനി നഗരസഭാ സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 15 | ” | 42 | പൊന്നാനി നഗരസഭാ സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | ” | 44 | സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവ് ചെയ്ത ഈ തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 17 | ” | 46 | മാംസസ്റ്റാൾ നിർമ്മാണവുമായി ബന്ധപ്പെട്ട് മുൻകൂർ തുക കൈപ്പറ്റിയിട്ടും പദ്ധതി പൂർത്തീകരിക്കുകയോ ശേഷിച്ച തുക തിരിച്ചടയ്ക്കുകയോ ചെയ്യാതിരുന്ന കൺവീനർക്കെതിരെ പൊന്നാനി നഗരസഭാ അധികൃതർ നാളിതുവരെയായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും പ്രസ്തുത കൺവീനറുടെ പേര് വിവരങ്ങൾ പോലും നിലവിൽ നഗരസഭയിൽ ലഭ്യമല്ലെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പൊന്നാനി നഗരസഭാ അധികൃതരുടെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപമാണ് സംഭവിച്ചിരിക്കുന്നതെന്ന് വിലയിരുത്തുന്നതോടൊപ്പം പരാമർശ വിധേയമായ പദ്ധതിയുടെ കൺവീനറെ കണ്ടെത്തിടിയാനിൽ നിന്നും നഷ്ടത്തുക ഈടാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 18 | തദ്ദേശസ്വയംഭരണ വകുപ്പ് | 48 | ഒൻപത് മരാമത്ത് പ്രവൃത്തികൾക്കായി 6,70,166 രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും പദ്ധതികൾ പൂർത്തീകരിക്കുകയോ അഡ്വാൻസ് തുകകൾ തിരിച്ചടയ്ക്കുകയോ ചെയ്യാതിരുന്ന കൺവീനർ മാർക്കെതിരെ നാളിതുവരെയായി നടപടികളൊന്നും സ്വീകരിക്കാതിരുന്ന പൊന്നാനി നഗരസഭാ അധികൃതരുടെ നിരുത്തരവാദപരമായ നിലപാടിനോട് സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പരാമർശവിധേയമായ പ്രവൃത്തികളുടെ കരാറുകാരനിൽ നിന്നും നഷ്ടം ഈടാക്കി അടിയന്തരമായി ഈടാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 19 | ” | 51 | പൊന്നാനി നഗരസഭ വിവിധ പദ്ധതികൾക്കായി കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, കോസ്റ്റ് ഫോർഡ് എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച 71,81,466 രൂപയിൽ കെ.എസ്.ഇ.ബി. യുടെയും കോസ്റ്റ് ഫോർഡിന്റെയും വിനിയോഗ സാക്ഷ്യപത്രങ്ങൾ മാത്രമാണ് നിലവിൽ ലഭ്യമായിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. വാട്ടർ അതോറിറ്റി മുഖേന നിർവ്വഹിച്ച പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം അടിയന്തരമായി ലഭ്യമാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 20 | ” | 53 | 1998-99 കാലയളവിൽ 9 ലക്ഷം രൂപ ചെലവിൽ ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കിയ മൈത്രീ ഭവനനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് 5 ലക്ഷം രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് മാത്രമാണ് ലഭ്യമായിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. ശേഷിക്കുന്ന 4 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തുക തിരികെ നഗരസഭയ്ക്ക് കൈമാറുമെന്ന് ഹൗസിംഗ് ബോർഡ് അഡീഷണൽ ഡയറക്ടർ സമിതിയ്ക്ക് നൽകിയ ഉറപ്പ് അടിയന്തരമായി നടപ്പിലാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 21 | തദ്ദേശസ്വയംഭരണ വകുപ്പ് | 55 | പൊന്നാനി നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 22 | ” | 58 | പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കിയ രാസവള വിതരണപദ്ധതി യുമായി ബന്ധപ്പെട്ട രേഖകളെല്ലാം നിർവ്വഹണ ഉദ്യോഗസ്ഥർക്കെതിരെയുള്ള അഴിമതി ആരോപണവുമായി ബന്ധപ്പെട്ട മറ്റൊരു കേസിന്റെ അന്വേഷണത്തിനായി നിലവിൽ വിജിലൻസ് വകുപ്പിന് കൈമാറിയിരിക്കുക യാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത രേഖകൾ വിജിലൻസ് വകുപ്പിൽ നിന്നും തിരികെ വാങ്ങി സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 23 | ” | 61 | ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക്കായി അനുവദിച്ച ഫണ്ടിൽ നിന്നും രണ്ട് ജീവനക്കാർക്ക് സ്കൂട്ടർ അഡ്വാൻസായി 25,000 രൂപ വീതം അനുവദിച്ച പൊന്നാനി നഗരസഭാ അധികൃതരുടെ നടപടി തീർത്തും ക്രമരഹിതമാണെന്ന് സമിതി വിലയിരുത്തുന്നു. 1999-ൽ വന്ന ഓഡിറ്റ് ഒബ്ജക്ഷന് 2019-ലെ നിയമസഭാ സമിതിയോഗത്തിന് മുന്നോടിയായി മാത്രമാണ് നഗരസഭാധികൃതർ നടപടി ആരംഭിച്ചത് എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. അഡ്വാൻസ് തുക തിരികെ അടയ്ക്കുവാൻ ശേഷിക്കുന്ന ജീവനക്കാരനിൽ നിന്നും പ്രസ്തുത തുക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 24 | തദ്ദേശസ്വയംഭരണ വകുപ്പ് | 63 | തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 25 | ” | 65 | തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 26 | ” | 68 | പൊന്നാനി നഗരസഭയിൽ ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 15,58,598 രൂപയുടെ അഞ്ച് പ്രോജക്ടുകൾ സംബന്ധിച്ച രേഖകൾ നാളിതുവരെ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്നും ടി രേഖകൾ നിലവിൽ നഗരസഭയിലും ഫിഷറീസ് ഇൻസ്പെക്ടറുടെ ഓഫീസിലും ലഭ്യമല്ലെന്നും സമിതി നിരീക്ഷിക്കുന്നു. ഫിഷറീസ് ഡയറക്ടറേറ്റിൽ നിന്നും പ്രസ്തുത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ അടിയന്തരമായി കൈപ്പറ്റി ആയത് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും മേലിൽ ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള ഊർജിത നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

**അനുബന്ധം II**

## തിരൂർ നഗരസഭ

[illegible]
ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക
(Remedial Measures taken Statement)

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ക്രമ നം. | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
| | 2007-08 ഖണ്ഡിക (4.10.1) | 2004-05 ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ(24) | <u>ജൈവവള നിർമ്മാണ യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടില്ല</u><br>നഗരസഭയിലുണ്ടായിരുന്ന 1.62 ഏക്കർ ട്രഞ്ചിംഗ് ഗ്രൗണ്ട് വികസിപ്പിക്കുന്നതിനായി 3.72 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കുന്നതിന് 33,32,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ഏറ്റെടുത്ത സ്ഥലം 2003-04 പദ്ധതിയിലുൾപ്പെടുത്തി 4,82,212 രൂപ ചെലവാക്കി ഒരു ഷെഡ് നിർമ്മിച്ചതല്ലാതെ ജൈവവള യൂണിറ്റിനാവശ്യമായ യന്ത്ര സാമഗ്രികളും അനുബന്ധ ഉപകരണങ്ങളും വാങ്ങി യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടില്ല. 1999-2000 മുതൽ സ്ഥലമെടുക്കാൻ അനുമതി ലഭ്യമാവുകയും 2000-01 ൽ തന്നെ പദ്ധതി വിഭാവനം ചെയ്തിട്ടും 28.50 ലക്ഷം രൂപയോളം ചെലവഴിച്ചതല്ലാതെ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാനായിട്ടില്ല | തിരൂർ നഗരസഭയുടെ സർവ്വേ നം.144/16, 3, 11, 5, 7, 8 ബി, 1C, 143/4, 5, 38/12, 144/12, 4 ബി, 143/1 എന്നീ സർവ്വേ നമ്പരിൽ ഉൾപ്പെടുന്ന 4.967 ഏക്കർ സ്ഥലത്ത് നിലവിൽ പ്രവർത്തിച്ചു വരുന്ന ഖരമാലിന്യ പ്ലാന്റ് 2004-05 ആഡിറ്റ് വർഷത്തിൽ പ്രവർത്തനം തുടങ്ങാതിരുന്നതിനാലാണ് ആഡിറ്റ് പരാമർശം ഉണ്ടാകാൻ കാരണം. തുടർന്ന് ആലുവ കേന്ദ്രമായി പ്രവർത്തിക്കുന്ന ടെക്നോ ഗ്രൂപ്പ് സ്ഥാപനത്തിന്റെ സാങ്കേതിക വിദ്യ ഉപയോഗിച്ച് 46,11,595/- രൂപ ചെലവിൽ പ്ലാന്റ് നിർമ്മിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ശുചിത്വ മിഷൻ ഗ്രാന്റും പദ്ധതി വിഹിതവും തനത് ഫണ്ടും ഏകോപിപ്പിച്ച് കൊണ്ടാണ് പ്ലാന്റ് നിർമ്മാണവും പ്രവർത്തനവും തുടങ്ങിയത്. 31.03.2012 വരെ ടെക്നോ ഗ്രൂപ്പിന്റെ മേൽ നോട്ടത്തിൽ തന്നെ പ്ലാന്റിന്റെ പ്രവർത്തനം നടത്തുകയും ചെയ്തിട്ടുണ്ട്. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2012-13 മുതൽ നഗരസഭ നേരിട്ട് പ്ലാന്റിന്റെ പ്രവർത്തനം പരാതികൾ ഇല്ലാത്ത വിധത്തിൽ നല്ല രീതിയിൽ തന്നെ നടത്തി വരുന്നുണ്ട്. നിലവിൽ ഈ നഗരപ്രദേശത്തിൽ ഉണ്ടാകുന്ന മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുവാൻ വേണ്ട നടപടിയും ബോധവത്കരണവും നഗരസഭയുടെ നേതൃത്വത്തിൽ നടന്നു വരുന്നുണ്ട്, എന്ന് [illegible] |

S. JAMUNA
Additional [illegible]
Local Self Government Dept.
Govt Secretariat Trivandrum
Phone [illegible]

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 2.9 | മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും കണ്ടിജന്റ് ജീവനക്കാരുടെ റിട്ടയർമെന്റ്,മരണ ആനുകൂല്യങ്ങൾ കാലവിളംബമില്ലാതെ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് കണ്ടിജന്റ് പെൻഷൻ ഫണ്ട് വിഭാവനം ചെയ്തിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.05.1997 ലെ ജിഒ(പി) 96/97 നമ്പർ പ്രകാരം 1997 ലെ കേരള മുനിസിപ്പാലിറ്റി കണ്ടിജന്റ് എംപ്ലോയീസ് ഡെത്ത് കം റിട്ടർമന്റ് ബെനിഫിറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം എല്ലാ നഗരസഭകളുടെ അതാത് ട്രഷറികളിൽ കേരള മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു എസ്.ബി അക്കൗണ്ട് തുടങ്ങണമെന്ന് നിഷ്കർഷിക്കുന്നു. ഓരോ മാസവും ജീവനക്കാരന്റെ ശമ്പള ബിൽ പാസ്സാക്കുന്നതോടൊപ്പം മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും മൊത്തം ശമ്പളത്തിന്റെ 15% വരുന്ന തുക മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.<br><br>മിക്ക നഗരസഭകളിലും ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ലായെന്ന് രേഖകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നു. പെൻഷൻ കാര്യങ്ങൾക്കായി ട്രഷറിയിൽ എസ്.ബി എക്കൗണ്ടുകൾ ആരംഭിക്കാത്ത തനതു ഫണ്ടിൽ നിന്ന പെൻഷൻ വിതരണ നടത്തുന്നുണ്ട്. പെൻഷൻ അക്കൗണ്ട് ആരംഭിച്ചിട്ടില്ല നിയമം അനുശാസിക്കും പ്രകാരം പെൻ,ൻ അംശദാനം ഒടുക്കാതെ മറ്റുകാര്യങ്ങൾക്കായി അക്കൗണ്ട് ഉപയോഗിക്കുന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>തിരൂർ നഗരസഭ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. പെൻഷൻ കോണ്ടിബ്യൂഷനുപുറമെ പെൻഷൻ വിതരണത്തിനു തികയാത്ത തുക നഗരസഭ തനതു ഫണ്ടിൽ നിന്ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നു | **തിരൂർ നഗരസഭ**<br><br>റിട്ടയർ ചെയ്യുന്ന കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലേക്ക് തിരൂർ സബ്ട്രഷറിയിൽ TPA.265 എന്ന നമ്പറിൽ തിരൂർ നഗരസഭ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടുള്ളതും ഓരോ മാസവും ടി വിഭാഗത്തിലെ ജീവനക്കാരുടെ ശമ്പളത്തിന്റെ 15% തുക ടി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു വരുന്നുണ്ട്. ആനുകൂല്യങ്ങൾ നൽകുന്നതിന് ടി അക്കൗണ്ടിലെ നീക്കിയിരിപ്പ് തികയാത്ത പക്ഷം നഗരസഭാ തനത് ഫണ്ടിൽ നിന്നും ആവശ്യമായ തുക ടി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാറുണ്ട്. |

| ക്രമ നമ്പർ | ഖണ്ഡിക | പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1 | 4.9.3 | ആസ്തികളുടെ ഉപയോഗം – വാടകക്കാരിൽ നിന്ന് ലക്ഷ്വറിടാക്സ് ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ പര്യാപ്തമല്ല.<br><br>i) ലക്ഷ്വറി ടാക്സിനത്തിലെ റിക്കവറി തുക നഗരസഭാ ഫണ്ടിൽ നിന്നും അടവാക്കി മലപ്പുറം നഗരസഭ ഓ.റി.2014–15 ഖ..3–2)<br><br>1976 ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് നിയമം വകുപ്പ് 32 പ്രകാരം കൺവെൻഷൻ സെന്റർ, ഹാൾ, കല്യാണമണ്ഡപം, ഓഡിറ്റോറിയം തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതും പ്രസ്തുത സ്ഥാപനത്തിൽ നടക്കുന്ന ഓരോ പരിപാടിക്കും വാങ്ങുന്ന 3,000/–രൂപ മുതൽ 10,000/–രൂപ വരെയുള്ള തുകകൾക്ക് 10% ഉം 10,000/–രൂപ മുതൽ 20,000/–രൂപ വരെയുള്ള തുകകൾക്ക് 15%ഉം ലക്ഷ്വറി ടാക്സിനത്തിൽ കക്ഷികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.എന്നാൽ നഗരസഭ 2005–06 മുതൽ 2009–10 വരെയുള്ള കാലയളവിൽ കുന്നമ്മൽ വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി ടൗൺഹാൾ വാടകക്ക് എടുത്ത കക്ഷികളിൽ നിന്ന് ലക്ഷ്വറി ടാക്സ് ഈടാക്കിയില്ല. ആയതിനാൽ ലക്ഷ്വറിടാക്സ് | മലപ്പുറം നഗരസഭ.<br><br>മലപ്പുറം നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാരിയൻകുന്നത്ത് കുഞ്ഞുമുഹമ്മദ് ഹാജി സ്മാരക ടൗൺഹാൾ 22/12/2005 മുതൽ പ്രവർത്തനം ആരംഭിക്കുകയും പരിപാടികൾക്ക് കക്ഷികളിൽ നിന്നും നഗരസഭ വാടക ഈടാക്കിവരുന്നതുമാണ്. എന്നാൽ കൊമേർഷ്യൽ ടാക്സ് ഓഫീസിൽ നിന്നും 09/11/2010-ലെ L.F New Case/2010 നമ്പർ നോട്ടീസ് പ്രകാരം ലക്ഷ്വറി ടാക്സ് പിരിവ് നടത്തുന്നതിന് നഗരസഭയ്ക്ക് നിർദ്ദേശം ലഭിച്ചു. തുടർന്ന് ടി വിഷയം 17/12/2010-ന് ചേർന്ന നഗരസഭാ കൗൺസി ൽ ചർച്ച ചെയ്യുകയും പുതിയ നിരക്കിൽ ലക്ഷ്വറി ടാക്സ് ഈടാക്കുന്നതിനും, ലക്ഷ്വറി ടാക്സ് ഈടാക്കാത്ത കാലയളവിലെ തുക ഒഴിവാക്കുന്നതിനും സർക്കാരിലേക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചു. സർക്കാരിലേക്ക് ഇതു സംബന്ധിച്ച് കത്തു നൽകിയെങ്കിലും ആയതിന് സ്പഷ്ടീകരണം ഒന്നും തന്നെ ലഭിച്ചിരുന്നില്ലായെങ്കിലും 2011 ജനുവരി മാസം മുതൽ ടൗൺഹാളിന് ലക്ഷ്വറി ടാക്സ് ഈടാക്കി ഓരോമാസവും 10-ാം തീയതിക്കു മുമ്പായി കൊമേഴ്സ്യൽ |

| | | | |
|---|---|---|---|
| | | ഇനത്തിൽ കുടിശ്ശികയും പലിശയുമടക്കം 3,25,263/-രൂപ നഗരസഭാ ഫണ്ടിൽ നിന്നും ഒടുക്കു വരുത്തി.<br><br>ലക്ഷ്വറി ടാക്സ് ഈടാക്കുന്നത് സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ (215-ാം വകുപ്പ്) പര്യാപ്തമല്ലാത്തതിനാൽ ആയത് യഥാവിധി ഈടാക്കുന്നതിന് കഴിയാതെ വരുന്നു. ഈ അപാകത പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി ആവശ്യമാണ്. | ടാക്സ് ഓഫീസിൽ അടവാക്കിവരികയും ചെയ്തുവരുന്നു. 2005-06 മുതൽ 2010-11 വർഷം വരെയുള്ള ലക്ഷ്വറി ടാക്സ് തുക നഗരസഭ ഈടാക്കിയിട്ടില്ലാത്തതിനാല് ആയത് അടവാക്കുവാൻ നഗരസഭ ബാധ്യസ്ഥരല്ല എന്ന് കൊമേഷ്യല് ടാക്സ് ഓഫീസിലേക്ക് അറിയിച്ചിരുന്നു. ടി കാലയളവിലെ ലക്ഷ്വറി ടാക്സ് തുകയ്ക്ക് പെനാൽട്ടി ചുമത്തിക്കൊണ്ട് ഡിമാന്റ് നോട്ടീസ് ലഭിച്ചതിനെ തുടർന്ന് നഗരസഭയ്ക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ നിർത്തിവെയ്ക്കുന്നതിന് നഗരസഭ കളക്ടർക്ക് കത്ത് നൽകുകയും ജില്ലാ കലക്ടർ ഗവണ്മെന്റ് സെക്രട്ടറിക്ക് അപ്പീൽ മുഖേന കത്ത് നൽകുകയും ചെയ്തു. തുടർന്ന് നിയമോപദേശത്തിന്റെ അടിസ്ഥാനത്തില് 27/08/2014-ലെ 13-ാം നമ്പർ തീരുമാനപ്രകാരം നഗരസഭാ കൗൺസിൽ ബഹു. ഹൈക്കോടതിയിൽ ഹർജി ഫയൽചെയ്യുകയും ചെയ്തു. എന്നാൽ ലക്ഷ്വറി ടാക്സ് ഇനത്തിൽ കുടിശ്ശികയും പലിശയും അടക്കം 3,25,263/- രൂപ അടവാക്കാത്തതിനാൽ 15/10/2014-ൽ നഗരസഭാ വാഹനമായ KL-10 Q-0197 നമ്പർ മഹീന്ദ്രാ മാർഷൽ ഇക്കണോമി വാഹനം ഡെപ്യൂട്ടി തഹസീൽദാർ ജപ്തി ചെയ്യുകയുണ്ടായി. നഗരസഭ ഫയൽ ചെയ്ത W.P. (C) 27188/14 നമ്പർ കേസ് പ്രകാരം ലക്ഷ്വറി ടാക്സ് തുക അടവാക്കുന്നതിനും സർക്കാർ മുമ്പാകെയുള്ള അപ്പീൽ തീർപ്പാക്കുന്നതിനും വേണ്ടി നിർദ്ദേശം നൽകി കേസ് |

| | | | |
|---|---|---|---|
| | | | തീർപ്പാക്കിയിരുന്നു. മേൽ സാഹചര്യത്തി ൽ 2005-06 മുതൽ 2010-11 വരെയുള്ള കാലയളവിൽ നഗരസഭ ഈടാക്കാത്ത ലക്ഷ്വറി ടാക്സ് അടവാക്കുന്നത് സംബന്ധിച്ച് നഗരസഭാ സെക്രട്ടറി സമർപ്പിച്ച അപേക്ഷ നഗരകാര്യ ഡയറക്ടറുടെ ജി3/14453/19 നമ്പർ കത്ത് പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി 9/07/19 തിയതിയിൽ അപേക്ഷ നൽകിയിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചു വരികയാണ് . |

[signature]

മിനിമോൾ എബ്രഹാം
ഗവ. അഡീഷണൽ സെക്രട്ടറി &
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം, ഫോൺ: 0471- 2518535

| | | | |
|---|---|---|---|
| 2 | 3.76.2 | **മത്സ്യത്തൊഴിലാളികൾക്ക് വലയും റോപ്പും വിതരണം - രേഖകൾ ലഭ്യമല്ല.**<br><br>മത്സ്യബന്ധന മേഖലയിലെ പദ്ധതികൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ആയിരിക്കേണ്ടത് ഫിഷറീസ് ഇൻസ്പെക്ടർ ആയിരിക്കേ ഈ പദ്ധതി സെക്രട്ടറി നേരിട്ട് നടപ്പിലാക്കാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. മത്സ്യഫെഡുമായി സഹകരിച്ച് നടപ്പാക്കാൻ ഉദ്ദേശിച്ച ഈ പ്രോജക്ടിന് വേണ്ടി പദ്ധതി വിഹിതത്തിൽ നിന്ന് 807900/- രൂപ മത്സ്യ ഫെഡിന് കൈമാറിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് വലയും റോപ്പും നൽകിയത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 807900/- രൂപയുടെ ചിലവ് തടസ്സപ്പെടുത്തിയിട്ടുണ്ട്. | <u>താനൂർ മുനിസിപ്പാലിറ്റി</u><br><br>പഞ്ചായത്ത് നഗരസഭയായി മാറിയപ്പോൾ ഇതുമായി ബന്ധപ്പെട്ട് ഒരു ഫയലും നഗരസഭയിൽ രേഖാമൂലം കൈമാറിയിട്ടില്ലാത്തതാണ്. എന്നിരുന്നാലും നഗരസഭയിലെ എല്ലാ സെക്ഷനുകളിലും പരിശോധന നടത്തിയിട്ടുള്ളതും ടി ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയലോ, മറ്റു രേഖകളോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. പഞ്ചായത്ത് നഗരസഭയായി മാറിയപ്പോൾ ചുമതല വഹിച്ചിരുന്ന ചാർജ്ജ് ഓഫീസറുടെ പേര് വിവരങ്ങൾ നഗരസഭയിൽ അറിയിക്കുന്നതിന് പഞ്ചായത്ത് വകുപ്പിന് കത്ത് നല്കിയിട്ടുള്ളതാണ്. |
| 3 | 4.21.1 | **<u>തൊഴിൽ നികുതി കലാഹരണപ്പെട്ട നഷ്ടം 4,37,837/- രൂപ</u>**<br><br>1994 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ടിന്റെ സെക്ഷൻ 539(1) പ്രകാരം പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക 3 വർഷത്തിനകം പിരിച്ചെടുക്കുന്നതിൽ വീഴ്ചവരുത്തിയതുമൂലം 1975-76 മുതൽ 1997-98 വരെയുള്ള കാലയളവിലെ തൊഴിൽ നികുതിയി നത്തിൽ 4,37,837/- രൂപ കാലഹരണപ്പെട്ടതിനാൽ നഷ്ടമായിട്ടുണ്ട്.. ഈ തുക 12% പലിശസഹിതം വീഴ്ചക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണ്. | **<u>മഞ്ചേരി നഗരസഭ</u>**<br><br>മുൻ മഞ്ചേരി പഞ്ചായത്ത് 01-04-1978 മുതലാണ് നഗരസഭയായി ഉയർത്തപ്പെട്ടത്. പഞ്ചായത്ത് ആയിരുന്ന കാലം മുതലുള്ള തൊഴിൽ നികുതിയാണ് പിരിച്ചെടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്. മേൽ കാലയളവിലെ കുടിശ്ശിക പരിശോധിക്കുന്നതിന് യാതൊരുവിധ രേഖകളും ഈ ഓഫീസിൽ ഇപ്പോൾ ലഭ്യമല്ല. അടക്കാനുള്ള വ്യക്തികളുടെ പേരും മേൽവിലാസവും കാലവും എത്ര തുക അടക്കാനുണ്ടെന്ന വിവരങ്ങൾ ഒന്നും തന്നെ പരിശോധനയിൽ ഈ ഓഫീസിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ടി കാലഘട്ടങ്ങളിലെ ഉദ്യോഗസ്ഥരിൽ ഭൂരിഭാഗവും റിട്ടയർ ചെയ്തിട്ടുള്ളതും, റിട്ടയർ ചെയ്തതിൽ പലരും മരണപ്പെടുകയും ചെയ്തിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ 1975-76 മുതൽ 1997-98 വരെയുള്ള കാലത്തെ വസൂലാക്കാൻ കഴിയാത്ത തൊഴിൽ നികുതി പിരിച്ചെടുക്കുന്നത് അപ്രായോഗ്യമായതിനാൽ ആയത് ഈടാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഓഡിറ്റ് പരാമർശ പ്രകാരം നഗരസഭ ശരിയായ വിധത്തിൽ തൊഴിൽ നികുതി നടത്തുന്നുണ്ട് എന്നും 2018-19 വർഷത്തിൽ അരിയർ ആയി 1148062/- രൂപയും, കറന്റ് ആയി 15166200/- രൂപയും ഉൾപ്പെടെ ആകെ 16314322/- രൂപയിൽ 456149/- രൂപ അരിയർ ഇനത്തിലും, 13997750/- രൂപ കറന്റ് ഇനത്തിലും കൂടി ആകെ 14453899/- രൂപ വരവ് വന്നിട്ടുള്ളതാണ്. നിലവിൽ കുടിശ്ശികയുള്ള തുക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.<br>നഗരസഭയിൽ നിലവിൽ തൊഴിൽ നികുതി കാര്യക്ഷമമായി പിരിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി തരുവാൻ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു. |
| 4 | 4.21.2 | **<u>ഷാസു ലോൺ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാതെ മുനിസിപ്പൽ ഫണ്ടിൽ നിന്നും തിരിച്ചടവ് നടത്തി 14,28,163/- രൂപ</u>**<br>1996-97 ൽ 600 ഗുണഭോക്താക്കൾക്ക് 2,365/- രൂപ നിരക്കിൽ കക്കൂസ് നിർമ്മിക്കുന്നതിന് വായ്പ നൽകുന്നതിനായി കെ.യു.എഫ്.സി യിൽ നിന്നും 14,19,000/- രൂപ വായ്പയെടുക്കുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുമുണ്ടായി. ഇതിൽ കേവലം 30 പേർ മാത്രമാണ് വായ്പ തുക മുഴുവനായും അടവാക്കിയിട്ടുള്ളത്. ഗുണഭോക്താ ക്കളിൽ നിന്നും വായ്പതുക ഈടാക്കാൻ നടപടി സ്വീകരിക്കാതെ മുനിസിപ്പൽ ഫണ്ടിൽ നിന്നും 14,28,163/- രൂപ പിൻവലിച്ച് കെ.യു.ഡി.എഫ്.സി യ്ക്ക് നൽകിയത് ക്രമവിരുദ്ധമാണ്. | **<u>മഞ്ചേരി നഗരസഭ</u>**<br>ദുർബല വിഭാഗക്കാർക്ക് കക്കൂസ് നിർമ്മാണത്തിനായി മഞ്ചേരി നഗരസഭയിൽ 600 ഗുണഭോക്താക്കൾക്ക് 2365/- രൂപാ നിരക്കിൽ വായ്പ നൽകുന്നതിനായി 14,19,000/- രൂപ കെ.യു.ഡി.എഫ്.സി യിൽ നിന്നും വായ്പ എടുക്കുകയുണ്ടായി. 35 ഗുണഭോക്താക്കൾ കൃത്യമായി വായ്പ തിരിച്ചടക്കുകയും അവർക്ക് സബ്സിഡി നൽകിയിട്ടുള്ളതുമാണ്. ലോൺ അനുവദിക്കുന്നതിനായി ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരം നിർമ്മാണം പൂർത്തിയാവുന്ന മുറക്ക് സബ്സിഡിയായി നൽകുന്നതിന് 1000 രൂപയുടെ ഇന്ദിരാവികാസ് പത്രികകൾ സെക്രട്ടറിയുടെ പേരിൽ എടുത്തു സൂക്ഷിക്കുകയും ആയത് സമയബന്ധിതമായി പുതുക്കുകയും ചെയ്തിട്ടുണ്ട്. ഷാസു ലോണുമായി ബന്ധപ്പെട്ട വീട് റിപ്പയർ പ്രവർത്തിക്കും കക്കൂസ് നിർമ്മാണ പ്രവർത്തിക്കുമായി ഇന്ദിരാ വികാസ് പത്രിക ഇനത്തിലുള്ള17,31,000/- രൂപയും ഈ ഇനത്തിൽ വിജയബാങ്കിൽ നിക്ഷേപിച്ച 2,53,000/- രൂപയും പലിശയുമടക്കം 20 ലക്ഷത്തിലധികം രൂപ നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട് ഗുണഭോക്താക്കൾ ലോൺ തുക |

<table>
<tr><td></td><td></td><td></td><td>തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള സാഹചര്യത്തിൽ അവർക്ക് സബ്സിഡിയായി നൽകേണ്ട തുക നഗരസഭാ ഫണ്ടിൽ മുതൽ കൂട്ടിയത് പ്രകാരം നഗരസഭയ്ക്ക് 20 ലക്ഷത്തിലധികം രൂപ ലഭ്യമാകുകയാണുണ്ടായത്. ആയതിനാൽ നഗരസഭയ്ക്ക് നഷ്ടം വന്നിട്ടില്ല. സമൂഹത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിനായി നൽകിയ ലോൺ തുക അവർ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിലും സബ്സിഡി തുക തിരിച്ച് നൽകേണ്ട സാഹചര്യം ഇല്ലാതെ വന്നതിനാലും നഗരസഭാ ഫണ്ടിൽ വരവ് വന്ന സാഹചര്യത്തിൽ ഓഡിറ്റ് റിപ്പോർട്ടിലെ നടപടികൾ അവസാനിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.</td></tr>
<tr><td>5</td><td>4.21.3</td><td><u>ഡെപ്പോസിറ്റ് വർക്ക് വിനിയോഗ വിവരം ലഭ്യമല്ല</u><br>വിവിധ പദ്ധതി നിർവ്വണത്തിനായി 2000-01 ൽ കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന ഭവന നിർമ്മാണബോർഡ്, കോസ്റ്റ് ഫോർഡ് എന്നീ സ്ഥാപനങ്ങൾക്കായി 96,73,859/- രൂപ നഗരസഭ നൽകിയിരുന്നു.<br><u>വിശദവിവരം ചുവടെ ചേർക്കുന്നു.</u>
<table>
<tr><th>ക്രമം</th><th>നിക്ഷേപ വേലയുടെ വിവരണം</th><th>ഓഡിറ്റ് റിപ്പോർട്ട് വർഷം</th><th>ഖണ്ഡിക നമ്പർ</th><th>നിക്ഷേപിച്ച തുക (രൂപ)</th><th>സ്ഥാപനത്തിന്റെ പേര്</th></tr>
<tr><td>1</td><td>പൈപ്പുലൈൻ നീട്ടൽ</td><td>2000-01</td><td>3(27)</td><td>14,81,485</td><td>കേരള വാട്ടർ അതോറിറ്റി</td></tr>
<tr><td>2</td><td>ഭവന പദ്ധതി</td><td>2000-01</td><td>3(31)</td><td>66,92,374</td><td>കേരള സംസ്ഥാന ഭവന നിർമ്മാണ</td></tr>
</table></td><td>മഞ്ചേരി നഗരസഭ<br><br><u>പൈപ്പ്ലൈൻ നീട്ടൽ</u><br>ടി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. നഗരസഭയിലെ വിവിധ വാർഡുകളിലായി 8850 മീറ്റർ പൈപ്പ് ലൈൻ നീട്ടി സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രയോജനം 7000 ത്തോളം ആളുകൾക്ക് ലഭിച്ചിട്ടുണ്ട്. 14,81,485 രൂപയിൽ 13,45,130/- രൂപ ചിലവഴിച്ചതായുള്ള വിനിയോഗ സാക്ഷ്യപത്രം കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ബാക്കി തുകയായ 1,36,355/- രൂപ . നഗരസഭാ അക്കൗണ്ടിൽ അടവാക്കിയിട്ടുള്ളതാണ്.<br>1) <u>ഭവന പദ്ധതി</u><br>ടി പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം അയച്ചുതരുന്നതിന് അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.എച്ച്.ബി, മലപ്പുറം ഡിവിഷന് വിവിധ കത്തുകൾ അയച്ചിട്ടും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.<br>2) <u>ടൗൺഹാൾ നിർമ്മാണം.</u><br>ടൗൺഹാൾ നിർമ്മണം :- 04.03.2006 ൽ ടൗൺഹാൾ നിർമ്മാണം</td></tr>
</table>

| | | | |
|---|---|---|---|
| | | ബോർജ്<br>3 \| ടൗൺ ഹാൾ നിർമ്മാണം \| 2000-01 \| 3(23) (28) \| 15,00,000 \| കോസ്റ്റ് ഫോർഡ്<br>ടി പദ്ധതികൾ പൂർത്തീകരിച്ചതായോ പദ്ധതിയുടെ പ്രയോജനം സ്ഥലവാസികൾക്ക് ലഭ്യമായതായോ ഉള്ള കേരള വാട്ടർ അതോറിറ്റി/ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്/കോസ്റ്റ് ഫോർഡ് അധികൃരുടെ വിനിയോഗ സാക്ഷ്യപത്രമോ മോണിട്ടറിംഗ് സമിതി റിപ്പോർട്ടോ ഉൾപ്പെടെ യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ല. | പൂർത്തിയായിട്ടുണ്ട്. കോസ്റ്റ്ഫോഡ് അധികൃതരുടെ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. നഗരസഭാ പ്രദേശത്തെയും സമീപ പ്രദേശങ്ങളിലെയും മുഴുവൻ ജനങ്ങളും ഇതിന്റെ ഗുണഭോക്താക്കളാണ്. 01.02.2007 മുതൽ ലേല വ്യവസ്ഥയിൽ (5,32,000/-) ശ്രീ.ഹൈദരാലി, സുറുമയിൽ ഹൗസ്, മഞ്ചേരി എന്നയാൾക്ക് നൽകിയിട്ടുണ്ട്. 01.04.2011 മുതൽ 10% വർദ്ധനയിൽ വാടക പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. PW(1) 459/18 dtd, 13.05.2019 പ്രകാരം വിനിയോഗ സാക്ഷ്യപത്രം, ഫയൽ എന്നിവ പരിശോധിക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഹാജരാക്കിയിട്ടുണ്ട്. |
| 6 | 4.21.4 | **സഹകരണ സംഘങ്ങൾക്ക് പദ്ധതി വിഹിതത്തിൽ നിന്നും നൽകിയ തുക ചെലവഴിച്ചില്ല 4,13,322/- രൂപ**<br>താഴെ പറയുന്ന പ്രകാരം സഹ.സംഘ ങ്ങളുടെ അക്കൗണ്ടിൽ തുക ബാക്കിയുണ്ട്. കെട്ടിട നിർമ്മാണത്തിനായി തുക അനുവദി ച്ചത്.<br>2000-01 ൽ 3 പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനായി 03.04.2000 ലെ 17/2000/പ്ലാനിംഗ് നമ്പറായി പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി 4,13,322/- രൂപ അനുവദിച്ചു നൽകി. തുക നാളിതു വരെയും വിനിയോഗിക്കാതെ സഹകരണ സംഘങ്ങളുടെ അക്കൗണ്ടിൽ നിക്ഷേപി ച്ചിരിക്കുകയാണ്. പദ്ധതി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി അനുവദിച്ചതും നാളിതുവരെ വിനിയോഗിക്കാതിരുന്നതുമായ | **മഞ്ചേരി നഗരസഭ**<br>താഴെ പറയുന്ന പ്രകാരം സഹ.സംഘങ്ങളുടെ അക്കൗണ്ടിൽ തുക ബാക്കിയുണ്ട്. കെട്ടിട നിർമ്മാണത്തിനായി തുക അനുവദിച്ചത്.<br>\| ബാങ്കിന്റെ പേര് \| അക്കൗണ്ട് നമ്പർ \| അവശേഷിക്കുന്ന തുക<br>1. കരുവമ്പ്രം യൂത്ത് ഹോം ഗാർമെന്റ്സ് പട്ടിക ജാതി സഹ.സംഘം (പലിശസഹിതം) ക്ലിപ്തം നമ്പർ എ.129 \| ജില്ലാ സഹകരണ ബാങ്ക്, മഞ്ചേരി \| 6171 \| 2,75,243/-<br>2. പട്ടികജാതി വ്യവസായ സഹ.സംഘം \| എസ്.ബി.ടി മഞ്ചേരി \| 400065 \| - |

| | | | |
|---|---|---|---|
| | | 4,13,322/- രൂപ തിരിച്ചിടാക്കി സർക്കാരിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. | 3. പട്ടികജാതി വ്യവസായ സഹ.സംഘം എസ്.ബി.ടി മഞ്ചേരി 400066 -<br>സംഘം (1)-ൽ ബാക്കി കിടക്കുന്ന തുക പലിശ സഹിതം സർക്കാറിലേക്ക് അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മഞ്ചേരി നഗരസഭ വ്യവസായ വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2-ഉം 3-ഉം സഹ.സംഘങ്ങളുടെ അക്കൗണ്ടിൽ തുകയൊന്നും അവശേഷിക്കുന്നില്ല. സംഘം വക രേഖകൾ പരിശോധിച്ചതിൽ ടി തുകകൾ പ്രവർത്തന മൂലധനമായി ചിലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി സാഹചര്യത്തിൽ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് കേരള സഹകരണ നിയമം സെക്ഷൻ 65 പ്രകാരം<br>അന്വേഷണം നടത്തുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് വ്യവസായ വികസന ഓഫീസർ അറിയിപ്പ് നൽകിയിട്ടുണ്ട്. ആയതുപ്രകാരം അന്വേഷണത്തിനായി കോ.ഓപറേറ്റീവ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയും. അദ്ദേഹം ടി വിഷയം അന്വേഷിച്ച് റിപ്പോർട്ട് ജനറൽ മാനേജർക്ക് നൽകിയതായി അറിയാൻ കഴിഞ്ഞു. എന്നാൽ ഓഡിറ്റ് തടസ്സത്തിന് മറുപടി തയ്യാറാക്കുന്നതിലേക്കായി അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാൻ ജില്ലാ രജിസ്ട്രാർക്ക് ഒരു കത്ത് കൂടി അയച്ചിട്ടുള്ളതുമാണ്. |
| 7 | 4.24.1 | 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 284-ാം വകുപ്പു പ്രകാരം റവന്യൂ വരവിന്റെ 2 % വരുന്ന തുക ഓരോ വർഷവും യു.പി.എ അക്കൗണ്ടിലേക്ക് വകമാറ്റേണ്ടതുണ്ട്. 11.03.99 ലെ 10744/ബി.2/999/തസഭവ- നമ്പർ ഗവൺമെന്റ് സർക്കുലർ പ്രകാരം ടി തുക | **പൊന്നാനി മുനിസിപ്പാലിറ്റി**<br>1999-2000 വർഷത്തെ റവന്യൂ വരുമാനത്തേക്കാൾ കൂടുതൽ റവന്യൂ ചെലവുകൾ നഗരസഭയ്ക്ക് ഉണ്ടായി. തനത് ഫണ്ടിൽ നിന്ന് വികസന പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിച്ചതിനാലും മതിയായ തുക ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് അപ്രകാരം പദ്ധതി വിഹിതം വകമാറ്റാൻ ഇടയായത്. മാത്രവുമല്ല നഗരസഭയ്ക്ക് അനുവദിക്കുന്ന പദ്ധതി വിഹിതം |

| | | | |
|---|---|---|---|
| | | വകമാറ്റി നിക്ഷേപിക്കാത്ത നഗരസഭകൾക്ക് അർഹമായ ഗ്രാന്റ് തുക അനുവദിക്കുന്നതിൽ നിയന്ത്രണവും ഏർപ്പെടുത്തുകയുണ്ടായി. എന്നിട്ടും തനതുഫണ്ടിൽ നിന്നും തുക വകമാറ്റാൻ തയ്യാറായില്ലെന്നു മാത്രമല്ല തനതു ഫണ്ടിൽ നിന്നും വകമാറ്റുന്നതിനുപകരം പദ്ധതി വിഹിതത്തിൽ നിന്നും 968000/- രൂപ യു.പി.എ ഫണ്ടിലേയ്ക്കുമാറ്റുകയാണുണ്ടായത്. | നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള ഫണ്ട് എന്ന നിലയ്ക്ക് ആയത് 11/3/99ലെ 10744/ബി2/99/തസ്വഭവ നമ്പർ സർക്കാർ സർക്കുലറിലെ നിർദ്ദേശപ്രകാരം യു.പി.എ. ഫണ്ടിലേക്ക് അടവാക്കാനുള്ള തുക അടവാക്കുകയാണ് ഉണ്ടായത്. നിലവിൽ നഗരസഭ തനതുഫണ്ടിൽ നിന്നും ദാരിദ്ര്യലഘൂകരണ പ്രവർത്തനങ്ങൾക്കായി 2% തുക എല്ലാ വർഷവും നീക്കിവയ്ക്കുകയും ആയത് കൃത്യമായി വിനിയോഗിക്കുകയും ചെയ്തുവരുന്നു. |
| 8 | 4.24.2 | എസ്.ജെ.എസ്.ആർ.വൈ, പി.എം.ഐ.യു.പി എന്നീ ഫണ്ടുകൾ അതതുവർഷത്തെ പദ്ധതികൾക്ക് ഉപയോഗിക്കാതെ സ്ഥിര നിക്ഷേപം നടത്തിയിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. നിക്ഷേപ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കണക്കുകളിലെല്ലാം നിക്ഷേപം നടത്തുമ്പോൾ ചെലവായും തിരികെ എടുക്കുമ്പോൾ വരവായുമാണ് ചേർത്തു വരുന്നത്. ഏതു തീയതിയിലെ ഡെപ്പോസിറ്റാണ് തിരിച്ചെടുത്തിരിക്കുന്നതെന്ന് എവിടയും രേഖപ്പെടുത്തിയിട്ടുമില്ല. തിരിച്ചെടുക്കുമ്പോൾ അതാതു ഫണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനു പകരം വകമാറ്റി ക്രഡിറ്റു ചെയ്തിട്ടുണ്ട്. | **<u>പൊന്നാനി മുനിസിപ്പാലിറ്റി</u>**<br>SJSRY പദ്ധതിയുടെ ഓരോ വർഷത്തെയും ആക്ഷൻ പ്ലാൻ പാസാക്കി വരുന്നതിനുള്ള കാലതാമസം മൂലമാണ് ആയതിലേക്കുള്ള തുക ബാങ്കിൽ സ്ഥിരനിക്ഷേപമായി സൂക്ഷിച്ചിരുന്നത്. ആക്ഷൻ പ്ലാൻ അംഗീകരിച്ച് വരുന്ന മുറയ്ക്ക് ടി തുക പിൻവലിച്ച് പദ്ധതി നടപ്പിലാക്കുന്നതിനായി വിനിയോഗിച്ചിട്ടുള്ളതാണ്. സ്ഥിരനിക്ഷേപം നടത്തുമ്പോൾ ലഭിക്കുന്ന ആകർഷകമായ പലിശ നിരക്ക് നഷ്ടപ്പെടാതിരിക്കുന്നതിനാണ് അപ്രകാരം ചെയ്തിട്ടുള്ളത്. |
| 9 | 4.24.3 | പദ്ധതി പണം അനധികൃതമായി പിൻവലിച്ച് ചെലവ് ചെയ്തത്-ക്രമവിരുദ്ധം.<br>ഓഡിറ്റ് വർഷത്തെ പദ്ധതി തുക വിനിയോഗത്തിൽ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രൊജെക്ടുകൾ | **<u>പൊന്നാനി മുനിസിപ്പാലിറ്റി</u>**<br>നിർവഹണ ഉദ്യോഗസ്ഥനായിരുന്ന താലൂക് ആശുപത്രി സൂപ്രണ്ട് ഡോ. പി.എസ്. സുബ്രഹ്മണ്യത്തിനെതിരെ RR No. 2019/3820 നമ്പർ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | പരിശോധിച്ചതിൽ നിർവഹണ ഉദ്യോഗസ്ഥനായ പൊന്നാനി താലൂക് ആശുപത്രി സൂപ്രണ്ട് നിർവഹണ ഉദ്യോഗസ്ഥനായി 98-99 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനാവാത്ത അഞ്ചു പ്രൊജെക്ടുകൾക്കായി 1,14,266/- രൂപ സമ്പത്തികവർഷാവസാനം<br>പിൻവലിച്ചിരിക്കുന്നതായി കാണുകയുണ്ടായി. ഒരു സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവഹണത്തിനായി അനുവദിച്ച നിർവഹണ ഉദ്യോഗസ്ഥരുടെ പ്ലാൻ ഫണ്ട് അക്കൗണ്ടിൽ വരവ് വന്ന തുകയിൽ തൻവർഷം ചെലവഴിക്കാൻ കഴിയാത്ത തുക സെക്രട്ടറിയുടെ പ്ലാൻ ഫണ്ടിൽ തിരിച്ചടക്കണമെന്ന നിർദേശം നിലനിൽക്കെ സാമ്പത്തിക വർഷത്തിന്റെ അവസാന നാളിൽ തുക മൊത്തമായി പിൻവലിച്ചത് ക്രമ വിരുദ്ധമായ നടപടിയാണ് .മാത്രമല്ല ഇതേ പ്രൊജെക്ടുകൾ;സ്പിൽ ഓവറായി അംഗീകാരം വാങ്ങി നടപ്പിലാക്കാൻ അനുവാദം നൽകിയ സാഹചര്യം നിലനിൽക്കെയാണ് തുകപിൻവലിച്ച കൈവശം വച്ചതും 1999-2000 വർഷത്തിൽ അനധികൃതമായി ചെലവഴിച്ചതും വിശദാംശം ചുവടെ ചേർക്കുന്നു<br>പിൻവലിച്ച തുക 1,14,260/-<br><br>പ്രോജക്റ്റിന്റെ പേര് — ചെലവഴിച്ച തുക<br><br>1.കുടിവെള്ള ശുചീകരണം — 8420/-<br>2.രോഗ പ്രതിരോധ പ്രവർത്തനം — 45,098/- | |

| | | | |
|---|---|---|---|
| | | 3.ആരോഗ്യ ബോധവൽക്കരണം 13,491/-<br>4.ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് വിദ്യാഭ്യാസ പ്രോത്സാഹനം 13,913/-<br>5.പൊതുകിണർ ശുചീകരണം 7,215/-<br>**ആകെ** 88,137/-<br>സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചെലവ് ചെയ്ത 88,137/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്തിട്ടുണ്ട് .പിൻവലിച്ച തുകയിൽ ബാക്കി വന്ന 26,129/-രൂപ പലിശയുൾപ്പെടെ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ് | |
| 10 | 4.24.4 | മാംസസ്റ്റാൾ നിർമ്മാണം- അപാകതകൾ (ഓഡിറ്റ് റിപ്പോർട്ട് 1998-99 ഖണ്ഡിക 3-15) ആവിക്കുളത്തിനടുത്ത് നിലവിലുള്ളതും പൊളിഞ്ഞുവീണതുമായ മത്സ്യസ്റ്റാളുകൾ പൊളിച്ചുനീക്കി പുതിയതായി 11 സ്റ്റാളുകളും 2 ടോയ്‌ലറ്റുകളും നിർമ്മിക്കുന്ന പദ്ധതിക്കായി 50,000/- രൂപ കൺവീനർക്ക് മുൻകൂർ നൽകിയതിൽ കെട്ടിടത്തിന്റെ തറ പൂർത്തിയാക്കുന്നതിന് വന്ന മൂല്യനിർണ്ണയം 28966/- രൂപ കഴിച്ചുള്ള 21034/- രൂപ തിരിച്ചുപിടിക്കാൻ നിർദ്ദേശിച്ചല്ലാതെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. തുക 12% പലിശ സഹിതം ഈടാക്കേണ്ടതാണ്. | **<u>പൊന്നാനി മുനിസിപ്പാലിറ്റി</u>**<br>കൺവീനർ, കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ വിവരങ്ങൾ ലഭിക്കുന്നതിന് ടി പ്രവൃത്തികളിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയർ, സെക്രട്ടറി എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്. കൺവീനർമാരുടെയും കമ്മിറ്റി അംഗങ്ങളുടെയും പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടെയുള്ള രേഖകൾ നഗരസഭ ഓഫീസിൽ ലഭ്യമല്ല. ആയതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. |
| 11 | 4.24.5 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി പണി നടത്തിയില്ല - തുക ഈടാക്കിയില്ല-- 642662/-രൂപ (ഓഡിറ്റ് റിപ്പോർട്ട് 1999-2000 | **<u>പൊന്നാനി മുനിസിപ്പാലിറ്റി</u>**<br>കൺവീനർ കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ വിവരങ്ങൾ ലഭിക്കുന്നതിന് ടി പ്രവൃത്തികളിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയർ, |

| | | | |
|---|---|---|---|
| | | ണ്ഡിക 3(28),3 (69))<br>9 മരാമത്ത് പ്രവർത്തനങ്ങൾക്കായി കൺവീനർമാർക്ക് 670166/- രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയെങ്കിലും പ്രവർത്തികൾ പൂർത്തിയാക്കാൻ തയ്യാറായിട്ടില്ല. എന്നിട്ടും അഡ്വാൻസ് തുകകൾ തിരിച്ച് ഈടാക്കാൻ യാതൊരു ഫലപ്രദമായ നടപടിയും സ്വീകരിച്ചുകാണുന്നില്ല. | സെക്രട്ടറി എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്. കൺവീനർമാരുടെയും കമ്മിറ്റി അംഗങ്ങളുടെയും പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടെയുള്ള രേഖകൾ നഗരസഭ ഓഫീസിൽ ലഭ്യമല്ല. ആയതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. |
| 12 | 4.24.6 | ഡെപ്പോസിറ്റ് വർക്ക് വിനിയോഗ വിവരം ലഭ്യമല്ല.<br>പൊന്നാനി നഗരസഭ വിവിധ പദ്ധതി നിർവ്വാഹണത്തിനായി വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി, കോസ്റ്റ് ഫോർഡ് എന്നീ സ്ഥാപനങ്ങളിൽ 7181466/- രൂപ നിക്ഷേപിച്ചിരുന്നു.. | **പൊന്നാനി മുനിസിപ്പാലിറ്റി**<br>വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ***ഇലക്ട്രിക്കൽ സെക്ഷൻ*** 25.03.2019, 01.04.2019 എന്നീ തീയതികളിൽ കത്ത് അയച്ചിട്ടുള്ളതാണ്. യു.സി ഹാജരാക്കാത്ത പക്ഷം നിയമസഭാ സമിതിയ്ക്കു മുമ്പാകെ നേരിട്ട് ഹാജരാകുവാൻ അറിയിച്ചിട്ടുണ്ട്.<br>വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ***പബ്ലിക് ഹെൽത്ത്*** സെക്ഷൻ വാട്ടർ അതോറിറ്റി 25.03.2019, 01.04.2019 എന്നീ തീയതികളിൽ കത്ത് അയച്ചിട്ടുള്ളതാണ്. യു.സി ഹാജരാക്കാത്ത പക്ഷം നിയമസഭാ സമിതിയ്ക്കു മുമ്പാകെ നേരിട്ട് ഹാജരാകുവാൻ അറിയിച്ചിട്ടുണ്ട്.<br>വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ഡയറക്ടർ ***കോസ്റ്റ് ഫോർഡ്,*** തൃശ്ശൂർ 25.03.2019, 01.04.2019 എന്നീ തീയതികളിൽ കത്ത് |

| | | | |
|---|---|---|---|
| | | | അയച്ചിട്ടുള്ളതാണ്. യു.സി ഹാജരാക്കാത്ത പക്ഷം നിയമസഭാ സമിതിയ്ക്കു മുമ്പാകെ നേരിട്ട് ഹാജരാകുവാൻ അറിയിച്ചിട്ടുണ്ട്. |
| 13 | 4.24.7 | മൈത്രീ ഭവന നിർമ്മാണം-വിനിയോഗ വിവരം ലഭ്യമല്ല<br><br>(ഓഡിറ്റ് റിപ്പോർട്ട് 1998-99 ഖണ്ഡിക 3(7) )<br><br>30.06.1998ലെ 344546-ാം നമ്പർ ചെക്ക് പ്രകാരം 800000/- രൂപ ഭവന നിർമ്മാണ ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് (മലപ്പുറം) നൽകിയിട്ടുണ്ട്. 30.06.1998 ന് ചെക്ക് നൽകിയെങ്കിലും 24.03.1999 ന് മാത്രമാണ് ഭവന നിർമ്മാണ ബോർഡിന് 63 ഗുണഭോക്താക്കളുടെ പട്ടിക അയച്ചുകൊടുക്കുന്നത്. തുക നൽകിയതല്ലാതെ എത്ര ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കിയെന്നോ, വീട് നിർമ്മാണം പൂർത്തിയാക്കി എന്നത് സംബന്ധിച്ച യാതൊരു വിനിയോഗ വിവരവും ലഭ്യമല്ല. ഈ പദ്ധതിയുടെ വ്യക്തമായ വിനിയോഗ വിവരം പരിശോധനാവിധേയമാക്കേണ്ടതാണ്. | **<u>പൊന്നാനി മുനിസിപ്പാലിറ്റി</u>**<br>മൈത്രി ഭവനം പദ്ധതിപ്രകാരം 1998-99 കാലഘട്ടത്തിൽ നഗരസഭയിൽ ചെലവഴിച്ചതും ബാക്കി വന്നിട്ടുള്ളതുമായ തുക സംബന്ധിച്ച വിവരങ്ങൾക്ക്ടി പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഭവനനിർമ്മാണ ബോർഡ് മലപ്പുറം 25.03.19, 01.04.19 എന്നീ തീയതികളിൽ കത്ത് അയച്ചിട്ടുള്ളതാണ്. യു.സി ഹാജരാക്കാത്ത പക്ഷം നിയമസഭാ സമിതിയ്ക്കു മുമ്പാകെ നേരിട്ട് ഹാജരാകുവാൻ അറിയിച്ചിട്ടുണ്ട്. |
| 14 | 4.24.8 | പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പദ്ധതി തുകയിൽ നിന്നും സബ്സിഡി അനുവദിച്ചു.<br><br>പദ്ധതിനിർവ്വാഹണ മാർഗ്ഗരേഖ അനുസരിച്ച് | **<u>പൊനാനി മുനിസിപ്പാലിറ്റി</u>**<br>നഗരസഭയിലെ 18 വാർഡുകൾ മത്സ്യതൊഴിലാളി കുടുംബങ്ങൾ ഉൾപ്പെടുന്ന മേഖലയാണ്. സാമ്പത്തികമായി വളരെയധികം പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന കുടുംബങ്ങളാണ് നല്ലൊരു വിഭാഗം. അവരുടെ വീടുകൾ |

| | | | |
|---|---|---|---|
| | | പുര കെട്ടി മേയലിന് പദ്ധതിവിഹിതത്തിൽ നിന്നും വ്യക്തിഗത ധനസഹായം **നൽകാൻ** അനുമതി ഇല്ലാതിരുന്നിട്ടും അതിന് വിരുദ്ധമായി 1998-99ൽ 289 പേർക്കായി 289000/- രൂപയും 1999-2000ൽ 256 പേർക്കായി 256000/- രൂപയും അനുവദിച്ച് നൽകി കാണുന്നുണ്ട്. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സെക്രട്ടറി ചെലവിട്ട 545000/- രൂപ അംഗീകരിച്ചിട്ടില്ല. | പുരകെട്ടി മേയുന്നതിന് 1000 രൂപ ധനസഹായം നൽകിയാൽ ടി **മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് അത് വളരെയധികം ആശ്വാസകരമാകുന്നതാണ് എന്ന് ഭരണസമിതി വിലയിരുത്തുകയും പുരകെട്ടി മേയുന്നതിന് കൗൺസിൽ അംഗീകരിച്ച് പദ്ധതി രേഖയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്.** പ്രസ്തുത പദ്ധതി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമാണെന്ന് ജില്ലാ ആസൂത്രണ സമിതി **വ്യക്തമാക്കിയിരുന്നില്ല. ആയതിനാൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ലഭിച്ച** അപേക്ഷകൾ വാർഡ് സഭയുടെയും കൗൺസിലിന്റെയും അംഗീകാരത്തോടെ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ് അനുസരിച്ചാണ് അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് 1000/- രൂപ വീതം നൽകിയിട്ടുള്ളത്. മാത്രമല്ല **പുരകെട്ടി മേയുന്നതിന്** ധനസഹായം അനുവദിക്കുന്നതിന് പിന്നീട് മാർഗ്ഗ **രേഖയിൽ ഉൾപ്പെടുത്തുകയും** നിലവിൽ തുടർന്നു വരുകയും ചെയ്യുന്നുണ്ട്. പദ്ധതി ആസൂത്രണം, നിർവ്വഹണം സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിന് ശേഷം ചെലവ് ചെയ്ത 544500/- ചെലവും നടപടികളും അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി തരുവാൻ അപേക്ഷിക്കുന്നു. |
| 15 | 4.24.9 | രാസവള വിതരണത്തിനായി മാത്രം പദ്ധതി മാനദണ്ഡങ്ങൾക്കു വിരുദ്ധം.<br><br>10.09.1998ലെ 37804/പി3 98/തഭവ-ാം നമ്പർ ഗവ. സർക്കുലർ പ്രകാരം ജൈവവളവും സാധാരണ വളവും ഒരു വലിയ സംയോജന ഉൽപ്പാദന വർദ്ധന പ്രോജക്ടിന്റെ ഘടകമെന്ന നിലയിൽ വിലയുടെ 50% വരെ സബ്സിഡി നാമമാത്ര ചെറുകിട കൃഷിക്കാർക്ക് നൽകാവുന്നതാണ്. | **<u>പൊന്നാനി മുനിസിപ്പാലിറ്റി</u>**<br>1998-1999 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടാണിത്. ടി പ്രോജക്ട് ഡി.പി.സി-യുടെ അംഗീകാരത്തിന് വിധേയമായി നിർവ്വഹണം നടത്തുകയും തുക വിനിയോഗിക്കുകയും ചെയ്തു. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് സമർപ്പിച്ചിട്ടുള്ളതെന്ന് ഡി.പി.സിയുടെ പരാമർശം ഉണ്ടായിരുന്നില്ല. |

| | | | |
|---|---|---|---|
| | | എന്നാൽ വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നതിനായി മാത്രം പ്രോജക്ടുകൾ ഉണ്ടാക്കാൻ പാടില്ലെന്ന് നിർദ്ദേശമുണ്ട്. ഈ നിർദ്ദേശത്തിന് വിരുദ്ധമായി തയ്യാറാക്കിയ പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി അംഗീകാരവും നൽകി കാണുന്നു. ഈ പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ വിജിലൻസിന്റെ കസ്റ്റഡിയിലാണ്.ലഭ്യമായ വിവരങ്ങളനുസരിച്ച് വളവിതരണത്തിനായി 1998-99 ൽ 329900/- രൂപയും 1999-2000 ൽ 904800/- രൂപയും ഉൾപ്പെടെ 1234700/- രൂപ ചെലവിട്ടിട്ടുള്ളതായി കാണുന്നു. | |
| 16 | 4.24.10 | SJSRY ഫണ്ടിൽ നിന്നും ജീവനക്കാർക്ക് സ്കൂട്ടർ അഡ്വാൻസ് അനുവദിച്ചു. ക്രമവിരുദ്ധം. ദാരിദ്ര്യനിർമ്മാർജന പദ്ധതിക്കായി അനുവദിച്ച ഫണ്ടിൽ നിന്നും 2 ജീവനക്കാർക്ക് 25000/- രൂപ വീതം സ്കൂട്ടർ അഡ്വാൻസായി അനുവദിച്ചത് നീതീകരിക്കാനാവാത്ത നടപടിയായി കാണുന്നു. | **<u>പൊന്നാനി മുനിസിപ്പാലിറ്റി</u>**<br>SJSRY ഫണ്ടിൽ നിന്നും സ്കൂട്ടർ അഡ്വാൻസ് അനുവദിച്ചത് 2 ജീവനക്കാർക്കാണ് .ഒരാൾ നിലവിൽ സർവ്വീസിലുള്ളതും (മണികണ്ഠൻ, ഹെൽത്ത് സൂപ്പർവൈസർ, ഒറ്റപ്പാലം മുനിസിപ്പാലിറ്റി) മറ്റെയാൾ സർവ്വീസിൽ നിന്നും വിരമിച്ചയാളുമാണ് (രാജേന്ദ്രൻ, സർവ്വീസിൽ നിന്നും വിരമിച്ച സ്റ്റേഷൻ - തൃശ്ശൂർ നഗരസഭ). ഈ രണ്ടുപേരിൽ നിന്നും പലിശ സഹിതം തുക തിരിച്ച പിടിക്കുന്നതിൻറെ ഭാഗമായി ഈ ഓഫീസിൽ നിന്നും 15/05/19 ന് വിശദീകരണം ആവശ്യപ്പെട്ട കത്ത് നല്കിയിട്ടുള്ളതും ശ്രീ. മണികണ്ഠൻ നാളിതുവരെ മറുപടി നല്കിയിട്ടില്ലാത്തതുമാണ്. പ്രസ്തുത തുക അടവാക്കാത്ത പക്ഷം പലിശ സഹിതം തുക തിരിച്ചടയ്ക്കാൻ ടിയാൻ ഇപ്പോൾ സേവനമനുഷ്ടിക്കുന്ന ഒറ്റപ്പാലം നഗരസഭാ സെക്രട്ടറിക്ക 29/05/19 ന് കത്ത് നൽകിയിട്ടുണ്ട്. ശ്രീ എം വി ജോസ് എന്നയാൾ സർവീസിൽ നിന്നും വിരമിച്ചിട്ടുള്ളതും ടിയാനോട് വിശദീകരണം |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടുകൊണ്ട് 15/05/19 ന് നോട്ടീസ് നൽകിയതിൻ പ്രകാരം ടിയാൻ തുക തിരിച്ചടച്ചിട്ടുള്ളതാണെന്നും ആയതിന്റെ ലഭ്യമായ രേഖകൾ ഹാജരാക്കികൊണ്ടു മറുപടി അയച്ചുതന്നിട്ടുള്ളതാണ്. ടിയാൻ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| 17 | 4.24.11 | വായ്പത്തുക കെ.യു.ഡി.എഫ്.സിയ്ക്ക് തനതു ഫണ്ടിൽ നിന്നും നൽകി പദ്ധതി വിഹിതത്തിൽ നിന്നും വകമാറ്റി<br><br>കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് വീടിന്റെ ഗുണമേന്മ വർദ്ധിപ്പിക്കൽ/മേൽക്കൂര ബലപ്പെടുത്തൽ എന്നിവയ്ക്ക് 5000/- രൂപ വീതം നൽകുകയും 2000/- രൂപ ഇതിൽ വായ്പ ഇനത്തിൽ മാസഗഡുക്കളായി ഗുണഭോക്താക്കൾ തിരിച്ചടവാക്കുകയും വേണ്ടതായിരുന്നു. ഇപ്രകാരം തിരിച്ച് ഈടാക്കുന്ന തുകയിൽ നിന്നും കെ.യു.ഡി.എഫ്.സി ക്ക് വായ്പ തുക തിരിച്ചീടാക്കാൻ ലക്ഷ്യമിട്ട പദ്ധതിയാണിത്. എന്നാൽ ഗുണഭോക്താക്കളിൽ നിന്ന് തുക തിരിച്ചീടാക്കാനാവാതെ വന്നതിൽ തനത് ഫണ്ടിൽ നിന്നും വായ്പ തുകയും പലിശയും അടവാക്കി.തനത് ഫണ്ടിൽ നിന്ന് ഇപ്രാകം അടവാക്കിയ 550013/- രൂപ പദ്ധതിവിഹിതത്തിൽ നിന്നും 31.03.2000ൽ വക മാറ്റിക്കാണും. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി തുക വക | **<u>പൊന്നാനി മുനിസിപ്പാലിറ്റി</u>**<br>ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സാമ്പത്തികമായി വളരെ പിന്നാക്കവസ്ഥയിലുള്ളവരാണ് ടി പ്രൊജക്ടിന്റെ ഗുണഭോക്താക്കൾ. കെ.യു.ഡി.എഫ്.സി യിൽ നിന്നുള്ള വായ്പ ഗുണഭോക്താക്കൾ തിരിച്ചടക്കുന്നതിന് വീഴ്ച വരുത്തുകയും ഗുണഭോക്താക്കളുടെ സാമ്പത്തികാവസ്ഥ പരിഗണിച്ച് തനതു ഫണ്ടിൽ നിന്നും തിരിച്ചടക്കുകയും സാമ്പത്തിക വർഷവസാനം ചെലവാക്കാതെ അവശേഷിച്ചിരുന്ന പ്ലാൻ ഫണ്ട് ചെലവാക്കുന്നതിനായി വായ്പ തുക തിരിച്ചടക്കുന്നതിന് നൽകിയതിന്റെ ഭാഗമായി ടി തുക പ്ലാൻ ഫണ്ടിൽ നിന്ന് റീക്കൂപ് ചെയ്യുകയാണുണ്ടായത്. |

| | | | |
|---|---|---|---|
| | | മാറ്റിയ നടപടിക്ക് സാധൂകരണം ലഭ്യമാക്കേണ്ടതാണ്. | |
| 18 | 4.24.12 | എൻ.എസ്.സി.പി. ഭവന പദ്ധതി വായ്പത്തുക തിരിച്ചീടാക്കിയതു സംബന്ധിച്ച വിവരം ലഭ്യമല്ല. 29.05.1998ലെ ജി.ഒ (എം.എസ്) 111/98 തദവ നമ്പർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ചേരി വികസനത്തിന് മാറ്റി വെച്ച തുകയുമായി ചേർത്ത് കേന്ദ്രവിഹിതവും ഉപയോഗിക്കാവുന്നതാണ്. ഈ പദ്ധതി പ്രകാരം പുതിയ വീട് നിർമ്മാണത്തിനായി 26500/- രൂപ വീതം നൽകുകയുണ്ടായി.<br><br>164 പേർക്ക് വായ്പ (15000/- രൂപ) നൽകാൻ വേണ്ടി 2460000/- രൂപ നഗരസഭ കെ.യു.ഡി.എഫ്.സിയിൽ നിന്നും എടുത്തിട്ടുണ്ട്. വായ്പ തുക 185 രൂപ വീതമുള്ള പ്രതിമാസ തവണകളായി തിരിച്ചടക്കേണ്ടതാണ്. ഈ തുക ഈടാക്കിയത് സംബന്ധിച്ച് വ്യക്തമായ ഒരു വിവരവും നഗരസഭ അധികൃതർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ടായില്ല. തിരിച്ചുപിടിച്ച തുകയുടെ വിവരം ലഭ്യമാക്കേണ്ടതാണ്. | **പൊന്നാനി മുനിസിപ്പാലിറ്റി**<br>ടി പ്രൊജക്ടിന്റെ ഗുണഭോക്താക്കൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാണ്. പ്രസ്തുത ഗുണഭോക്താക്കൾ ടി വായ്പ തിരിച്ചടവ് വരുത്തിയിട്ടുണ്ട്. ദാരിദ്രാവസ്ഥ കാരണം വായ്പ തിരിച്ചടവ് പൂർണ്ണമായും തിരിച്ചടക്കാത്തവരുമുണ്ട്. പ്രസ്തുത വായ്പയിൽ കെ.യു.ഡി.എഫ്.സി ലേയ്ക്ക് തിരിച്ചടക്കാനുള്ള 173804/- തുക തിരികെ ഒടുക്കി വായ്പ അവസാനിപ്പിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| 19 | 4.24.13 | ഓഡിറ്റിൽ രേഖകൾ ഹാജരാക്കിയില്ല. പൊന്നാനി നഗരസഭയിൽ താഴെ പറയുന്ന വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>1. മത്സ്യവിപണനക്കാർക്ക് ഇരുചക്രവാഹനം നൽകൽ - 204000/-<br><br>2. മത്സ്യതൊഴിലാളികൾക്ക് വള്ളവും വലയും വാങ്ങൽ - 700000/- രൂപ.<br><br>3. മത്സ്യവിപണന ബൂത്ത് - 150000/- രൂപ.<br><br>4. മത്സ്യതൊഴിലാളികളുടെ മക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം - 100000/- രൂപ.<br><br>5. കമ്പ്യൂട്ടർ പാർക്ക് സ്ഥാപിക്കൽ - 404598/- രൂപ.<br><br>മൊത്തം തുക - 1558598/- രൂപ. | **<u>പൊന്നാനി മുനിസിപ്പാലിറ്റി</u>**<br>1) ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് പൊന്നാനിയ്ക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് 25/03/19, 01/04/19 എന്നീ തീയതികളിൽ കത്ത് അയച്ചിട്ടുള്ളതാണ്. യു.സി ഹാജരാക്കാത്ത പക്ഷം നിയമസഭാ സമിതിയ്ക്കു മുമ്പാകെ നേരിട്ട് ഹാജരാകുവാൻ അറിയിച്ചിട്ടുണ്ട്. |

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക**

| ക്രമ നമ്പർ | ഖണ്ഡിക | പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1 | 4.10.1 | നഗരസഭയിലുണ്ടായിരുന്ന 1.52 ഏക്കർ ട്രഞ്ചിംഗ് ഗ്രൗണ്ട് വികസനിപ്പിക്കുന്നതിനായി 3.72 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കുന്നതിന് 2332000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ഏറ്റെടുത്ത സ്ഥലം 2003-04 പദ്ധതിയിൽ ഉൾപ്പെടുത്തി 4,82,212/- രൂപ ചെലവാക്കി ഒരു ഷെഡ് നിർമ്മിച്ചതല്ലാതെ ജൈവവള യൂണിറ്റിനാവശ്യമായ യന്ത്ര സാമഗ്രികളും അനുബന്ധ ഉപകരണങ്ങളും വാങ്ങി യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടില്ല. 1999-2000 മുതൽ സ്ഥലമെടുക്കാൻ അനുമതി ലഭ്യമാകുകയും 2000-01 ൽ തന്നെ പദ്ധതി വിഭാവനം ചെയ്തിട്ടും 28.50 ലക്ഷം രൂപയോളം ചെലവഴിച്ചതല്ലാതെ ലക്ഷ്യം കൈവരിക്കാനായിട്ടില്ല. | **തിരൂർ നഗരസഭ**<br>നഗരസഭ ട്രഞ്ചിംഗ് ഗ്രൗണ്ട് വികസിപ്പിക്കുന്നതിനായി 2332000/-രൂപയും ഷെഡ് നിർമ്മിക്കുന്നതിന് 482212/-രൂപയും ചേർത്ത് 28.50 ലക്ഷം രൂപയോളം ചെലവഴിച്ചതല്ലാതെ ലക്ഷ്യം കൈവരിച്ചില്ല എന്ന് പരാമർശിച്ചിട്ടുണ്ട്.നഗരസഭ ഇപ്രകാരം ചെലവഴിച്ച തുകയിൽ 23 ലക്ഷത്തിൽപരം രൂപ ചെലവഴിച്ചത് ട്രഞ്ചിംഗ് ഗ്രൗണ്ട് വികസിപ്പിക്കുന്നതിന് ഭൂമി വാങ്ങുന്നതിനും 5 ലക്ഷത്തോളം രൂപ ചെലവഴിച്ചത് ഷെഡ് നിർമ്മിക്കുന്നതിനുമാണ്. ഇപ്രകാരം ഏറ്റെടുത്ത ഭൂമിയും നിർമ്മിച്ച ഷെഡും നഗരസഭയുടെ ആസ്തിയായി നിലനിൽക്കുന്നുവെന്നും ടി സ്ഥലത്തും നിർമ്മിച്ച ഷെഡിലുമാണ് ട്രഞ്ചിംഗ് ഗ്രൗണ്ട് നവീകരണത്തിന്റെ ഭാഗമായ പ്രവർത്തനങ്ങൾ നഗരസഭ നടത്തുന്നത്. ഇപ്രകാരം നഗരസഭയ്ക്ക് വളരെ അത്യന്താപേക്ഷിതമായ മാലിന്യ നിർമാർജനപ്രവർത്തനങ്ങൾക്ക് ഭൂമിയും ഷെഡും ഉപയോഗപ്പെടുത്തുന്നതിന് നഗരസഭ നടപടികൾ തുടർന്നു വരുന്നത് മാലിന്യ നിർമ്മാർജനം എന്ന മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിനാണ് എന്ന് ബോധിപ്പിച്ചുകൊള്ളുന്നു. |

| | | | | |
|---|---|---|---|---|
| | | | | ട്രഞ്ചിംഗ് ഗ്രൗണ്ട് നവീകണത്തിന്റെ ഭാഗമായി 32 തുമ്പൂർ മുഴി മോഡൽ എയ്റോബിക് ബിൻ സ്ഥാപിക്കുന്നതിന് തിരൂർ നഗരസഭയുടെ 2017-18 വികസന പദ്ധതിയിലെ പ്രൊജക്ടിൽ ഉൾപ്പെടുത്തി (പ്രൊജക്ട്നം.എസ്.ഒ 308/18)2665000/-രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ നിർമ്മാണത്തിനു വേണ്ടി സംസ്ഥാന ശുചിത്വമിഷനിൽ നിന്നും 2708000/-രൂപ തിരൂർ നഗരസഭയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഈ രണ്ടു നിർമ്മാണ പ്രവർത്തികളും കരാർ ഏറ്റെടുത്തിട്ടുള്ളത് സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനാണ്.<br>തുമ്പൂർമൊഴി മോഡൽ എയ്റോബിക്ക് ബിൻ സ്ഥാപിക്കുന്നതിന് സോഷ്യോ എക്ക്ണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ 18.05.2018-ന് തിരൂർ നഗരസഭാ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. (കരാർ നമ്പർ 99/17-18 തീയതി 18.05.2018)) ഇപ്പോൾ ഈ പ്രവർത്തി ആരംഭിച്ച് 50% പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. സാങ്കേതികാനുമതി തുകയുടെ 20% തുകയായ 533000/-രൂപ 29.11.2018-ന് ഈ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. ട്രഞ്ചിംഗ് ഗ്രൗണ്ട് റിനോവേഷൻ വർക്സ് റിസോഴ്സ് റിക്കവറി ഫെസിലിറ്റി ബിൽഡിംഗ് കൺസ്ട്രക്ഷൻ പ്രവർത്തിയുമായി ബന്ധപ്പെട്ട് ഇതേ ഏജൻസി തന്നെയാണ് തിരൂർ നഗരസഭ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. (കരാർ നമ്പർ 100/17-18 തീയതി 18.05.2018) ഈ പ്രവർത്തിക്ക് വേണ്ടി സാങ്കേതികാനുമതി തുകയുടെ 20% തുകയായ 541600/-രൂപ മൊബിലൈസേഷൻ അഡ്വാൻഡ് ആയി 29.11.2018-ന് ഏജൻസിക്ക് നൽകിയിട്ടുള്ളതാണ്. കരാർ ഉടമ്പടി പ്രകാരം 17.12.2018-ന് ആയിരുന്നു നിർമ്മാണം പൂർത്തീകരിക്കേണ്ടിയിരുന്നത്. നിർമ്മാണ |

പ്രവർത്തികൾക്ക് വേണ്ടി നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ഏറെ സാങ്കേതിക തടസ്സങ്ങൾ ഉണ്ടായതിനാലും അനേക വർഷങ്ങളായിട്ടുള്ള പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ മണ്ണിനടിയിൽ അടിഞ്ഞ് കൂടിയത് കാരണം ട്രഞ്ചിംഗ് നടത്തുന്നതിന് തടസ്സം നേരിട്ടതിനാലും ആണ് നിർമ്മാണ പ്രവർത്തി മന്ദഗതിയിലായത്. ഇപ്പോൾ നിർമ്മാണ പ്രവർത്തിക്ക് വേണ്ടി വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ നിർമ്മാണ സ്ഥലത്ത് അടിഞ്ഞ് കൂടിയ മാലിന്യങ്ങൾ എല്ലാം തന്നെ മാറ്റിയിട്ടുണ്ട്.ഈ തടസ്സങ്ങൾ നിലനിന്നതിനാൽ ഏജൻസിക്കെതിരെ നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. ആയതിനാൽ ഈ രണ്ട് പ്രവർത്തികളും 20.06.2019–ന് മുമ്പായി പൂർത്തീകരിക്കുമെന്ന് അറിയിക്കുന്നു.

| | |
|---|---|
| Project-I-SO308/18 | construction of Thumbur muzhi model aerobic bin and renovation of shed |
| AS | 70619/2017-18 dt. 14.09.2017 |
| TS | 7543/2018-19 |
| Amount of Ts | 2665000 |
| Execution | Accredited Agency-Socio Economic Unit Foundation |
| SOR/cost index | DSR 2016 |
| Duration | 6 months |
| Agreement placed | 28.01.2018 |

| | |
|---|---|
| Project-II-SO308/18 | Trenching Ground Renovation Works, Resource recovery Facility, Building Construction |

| | |
|---|---|
| AS | 70619/2017-18 dt. 14.09.2017 |
| TS | 12721/2018-19 |
| Amount of Ts | 2708000 |
| Execution | As stated above |
| SOR/cost index | As stated above |
| Duration | 6 months |
| Agreement placed | 28.01.2018 |

ഇപ്രകാരം പ്രവർത്തികൾ പൂർത്തിയാക്കുന്നതോടെ തിരൂർ നഗരസഭ അഭിമുഖീകരിക്കുന്ന ഗുരുതരമായ മാലിന്യ പ്രശ്നത്തിൽ നിന്നും നഗരസഭയയ്ക്ക് കരകയറാനാവുമെന്ന് നഗരസഭ പ്രതീക്ഷിക്കുന്നു.

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2010-11വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക**

| ക്രമ നമ്പർ | ഖണ്ഡിക | പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1 | 2,5(4) | തൊഴിൽ നികുതി 1997-98 മുതൽ 2005-06 വരെയുള്ള കുടിശ്ശിക ഈടാക്കാത്തതുമൂലമുണ്ടായ നഷ്ടം 2,99,645/ | **പരപ്പനങ്ങാടി നഗരസഭ**<br>ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി.സി സാമുവൽ എന്നവർ മലപ്പുറം ജില്ലാ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ച ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രികയിൽ 1997-98 മുതൽ 2005-06 വരെയുള്ള, ഒൻപത് വർഷങ്ങളിൽ ആറ് വർഷങ്ങളിലെ കുടിശ്ശിക ഈടാക്കിയിട്ടുണ്ടെന്നും 1997-98, 1998-99, 2000-01 വർഷങ്ങളിലെ കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ടെന്നും റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് സമയത്തുതന്നെ കാലഹരണപ്പെട്ടതും നിയമാനുസരണം പിരിച്ചെടുക്കാൻ കഴിയാത്തതുമായ ടി തുകകൾ പിരിച്ചെടുക്കാൻ അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പ്രസ്തുത കാലയളവിലെ സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക തുക പിന്നീട് പിരിച്ചെടുത്ത് നഗരസഭ ഫണ്ടിൽ ഒടുക്കിയതായി കാണുന്നില്ല. 2005/06 നുശേഷമുള്ള കാലയളവിൽ തൊഴിൽ നികുതി ശരിയാവണ്ണം പിരിച്ചെടുക്കുന്നതു കണക്കിലെടുത്തും നിലവിൽ |

| | | | |
|---|---|---|---|
| | | | കാലഹരണപ്പെട്ട തൊഴിൽ നികുതികളൊന്നും തന്നെ പിരിച്ചെടുക്കാനില്ലെന്നതും കണക്കിലെടുത്ത് ഇരുപത് വർഷത്തിനു മേൽ വരുന്ന ടി കാലയളവിലെ കുടിശ്ശിക പിരിച്ചെടുത്തിട്ടില്ലെന്ന ഓഡിറ്റ് പരാമർശങ്ങളിൻ മേലുള്ള തുടർനടപടികളിൽ നിന്നും നഗരസഭയെ ഒഴിവാക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. |
| 2 | 2.5(5) | വാർഷിക മൂല്യത്തിനനുസൃതമായി വസ്തുനികുതി ചുമത്തിയില്ല മുനിസിപ്പാലിറ്റിക്ക് 253404 രൂപയുടെ നഷ്ടം. | മഞ്ചേരി നഗരസഭയിൽ വസ്തുനികുതി നിർണ്ണയിച്ചതിൽ വാർഷിക വസ്തുനികുതി മൂല്യത്തിൽ നിന്നും യാതൊരു കിഴിവും വരുത്താതെ ആകെ മൂല്യത്തിൻമേലാണ് നികുതി ചുമത്തേണ്ടത്. എന്നാൽ നഗരസഭയിൽ 2004–05 ൽ അറ്റകുറ്റപ്പണികൾക്കായുള്ള കിഴിവ് വരുത്തി പഴയരീതിയിൽ നികുതി നിശ്ചയിച്ചതിനാൽ നഗരസഭക്ക് 2,53,404/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.<br><br>റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കക്ഷികൾക്ക് നോട്ടീസ് നൽകിയിരുന്നെങ്കിലും നാളിതുവരെ കക്ഷികൾ വർദ്ധിപ്പിച്ച തുക അടവാക്കിയിരുന്നില്ല. എന്നാൽ കക്ഷികൾക്ക് വീണ്ടും നഗരസഭയിൽ നിന്നും ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. 15 വർഷം മുമ്പുള്ള നികുതിപിരിവായതിനാൽ പ്രായോഗികമായി ബുദ്ധിമുട്ടുള്ളതാണ്. ആരംഭകാലത്ത് ഇതുപോലുള്ള ചെറിയ തെറ്റുകൾ സംഭവിച്ചെങ്കിലും ഇപ്പോൾ നികുതി നിർണ്ണയം കൃത്യമായി ചെയ്തുവരുന്നുണ്ട്. ആയതിനാൽ മേൽ പറഞ്ഞ ഓഡിറ്റ് പരാമർശം ഒഴിവാക്കിതരണമെന്ന് അപേക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| 3 | 5.1.6(1) | കോടതി ഉത്തരവുണ്ടായിട്ടും വാടക കുടിശ്ശിക ഈടാക്കിയില്ല.<br>മഞ്ചേരി നഗരസഭ വക ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ എക്സ്റ്റൻഷൻ കേന്ദ്രം ആരംഭിക്കുന്നതിന് സ്വക്യർ ഫീറ്റിന് 4.50 രൂപ നിരക്കിൽ 5400 സ്വക്യർ ഫീറ്റ് സ്ഥലം അനുവദിച്ചു. 1/04 വരെ കെട്ടിടത്തിൽ പ്രവർത്തനം നടത്തിയ സ്ഥാപനം വാടകയിനത്തിൽ 9,72,000/- രൂപ കുടിശ്ശിക വരുത്തി.<br>10/2000-3/04 (പ്രതിമാസം 24300 രൂപ നിരക്കിൽ), 145800<br>2001 - 2002 വർഷം 291600<br>2002 - 2003 വർഷം 291600<br>4/03 - 1/04 243000<br>--------<br>ആകെ 972000/- രൂപ<br>========<br>നഗരസഭയുടെ ഡിമാന്റ് നോട്ടീസിന് സർക്കാർ സ്റ്റേ നൽകിയിരുന്നെങ്കിലും 21-03-2003 ലെ 42341/സി.1/2002/തസ്വഭവ നമ്പർ ഉത്തരവ് മുഖേന സ്റ്റേ | മഞ്ചേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും കേരള സ്റ്റേറ്റ് വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന് വാടകക്ക് നൽകിയിരുന്നതുമായ കെട്ടിടത്തിന്റെ വാടക ഈടാക്കുന്നതിന് നഗരസഭ നിരവധി തവണ നോട്ടീസ് നൽകിയിരുന്നു എങ്കിലും തുക അടച്ചിരുന്നില്ല. ആയതിനാൽ തുക ഈടാക്കുവാൻ 12-07-2001 ൽ ഡിമാന്റ് നോട്ടീസ് നൽകുകയും ആയതിന് 09-06-2001 ലെ 33145/ബി.1/2001/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം 12-07-2001 ലെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള എല്ലാ നടപടികളും സർക്കാർ സ്റ്റേ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. സ്റ്റേ ഒഴിവാക്കി കിട്ടുന്നതിന് 24-09-2001 ലെ 10-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അപേക്ഷിച്ചതിൽ സ്റ്റേ 6 മാസത്തേക്ക് കൂടി നീട്ടുകയാണ് ചെയ്തിട്ടുള്ളത്. 21-03-2003 ലെ 42341/സി.1/2002 തസ്വഭവ നമ്പർ ഉത്തരവ് മുഖേന സ്റ്റേ റദ്ദാക്കിയ അവസരത്തിൽ തന്നെ റവന്യൂ ഇൻസ്പെക്ടർക്ക് ഡിസ്ട്രിയന്റ് വാറണ്ട് നൽകുകയും ജപ്തി നടത്തുന്നതിനുള്ള വസ്തുക്കൾ ഇല്ലാതിരുന്നതിനാൽ ജപ്തി നടത്താൻ സാധിച്ചിരുന്നില്ല. അതു പ്രകാരം തുക ഈടാക്കുവാൻ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 50% തുക 16-03-2005 നകവും 50% തുക 16/09/2005 നകവും അടയ്ക്കാമെന്നുള്ള ഓഡിയോ വിഷ്വൽ & റിപ്രോഗ്രാഫിക് സെന്ററിന്റെ സമ്മത പ്രകാരം ഹർജി തീർപ്പാക്കി വിധി പ്രസ്താവിച്ചിട്ടുണ്ട്. തുക അടയ്ക്കുന്നതിനുള്ള നോട്ടീസിന്റെ |

| | | | |
|---|---|---|---|
| | | റദ്ദാക്കുകയും 4/03 മുതൽ കൃത്യമായി വാടകനൽകും 3/03 വരെയുള്ള കുടിശ്ശിക 10 ഗഡുക്കളായി അടവാക്കാനും നിർദ്ദേശിക്കുകയും ചെയ്തു. തുക അടവാക്കാത്തതിനാൽ റവന്യു ഇൻസ്പെക്ടർക്ക് ഡിസ്ട്രയിന്റ് വാറന്റ് നൽകുകകയും ജപ്തി നടത്തുന്നതിനുള്ള മുതലുകൾ ഇല്ലാതിരുന്നതിനാൽ ജപ്തി നടത്താൻ സാധിച്ചിട്ടില്ലാത്തതുമാണ്. ഇത് പ്രകാരം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാനും 993870/- രൂപ (21870/- രൂപ പലിശയടക്കം) ഈടാക്കാൻ ബഹു: ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. 05-10-2000 മുതലുള്ള വാടകയും 18% പലിശയും ലഭ്യമാക്കുന്നതിനായി ഫയൽ ചെയ്ത ഡബ്ല്യൂ.പി. (സി) 20373/04 നമ്പർ കേസ് 16.09.2004 ന് പരിഗണനയ്ക്കെടുത്തപ്പോൾ 50% തുക 16.03.2005 നകവും 50% തുക 16.09.2005 - നകവും അടവാക്കാമെന്ന് ഓഡിയോ വിഷ്വൽ സെന്റർ സമ്മതിച്ചതു പ്രകാരം ഹർജി തീർപ്പാക്കി വിധി പ്രസ്താവിച്ചു. 12000/- രൂപ വക്കീൽ ഫീസിനത്തിൽനൽകിയിട്ടുമുണ്ട്.<br>ജി.ഒ.(ആർ.റ്റി)391/06/തസ്വഭവ തിയ്യതി.10.02.2006 ഉത്തരവ് പ്രകാരം കേസ് ഫീ നൽകുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.<br>വിധി പ്രകാരം ആദ്യ ഗഡു 16.03.2005 നും, രണ്ടാം | അടിസ്ഥാനത്തിൽ 31/12/2005 ൽ 50338-ാം നമ്പർ പോസ്റ്റ് ഡേറ്റഡ് ചെക്കു പ്രകാരം 1 ലക്ഷം രൂപ നൽകുകയും ആയത് 19/01/2006 ൽ നഗരസഭയുടെ അക്കൗണ്ടിൽ വരവുവെയ്ക്കുകയും ചെയ്തിട്ടുണ്ട്. 06/07/2006 ലെ 631737-ാം നമ്പർ പ്രകാരം നൽകിയ 677715/- രൂപ 01/08/2006 ലും 07/08/2006 ലെ 631782 നമ്പർ ചെക്ക് പ്രകാരം വന്ന 191150/- രൂപ 06-09-2006 ലും നഗരസഭാ ഫണ്ടിൽ വരവു വന്നിട്ടുണ്ട്. 21/03/2003 ലെ 42341/ബി.1/2002/തസ്വഭവ നമ്പർ കത്തു പ്രകാരം കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ & റിപ്രോഗ്രാഫിക് സെന്ററിൽ നിന്നും പിഴ പലിശ ഈടാക്കേണ്ടതില്ലെന്നും അറിയിച്ചിട്ടുണ്ട്. നഗരസഭക്ക് ലഭിക്കേണ്ട തുകയിൽ 968865/- രൂപയും പിരിച്ചെടുത്തിട്ടുണ്ട്. തുക കാലഹരണപ്പെട്ടിട്ടില്ലെന്നും നഗരസഭക്ക് നഷ്ടം സംഭവിച്ചിട്ടില്ലെന്നുമുള്ള വിവരം റിപ്പോർട്ടു ചെയ്തുകൊള്ളുന്നു. ആയതിനാൽ ഓഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാക്കിതരണമെന്നപേക്ഷിച്ചുകൊള്ളുന്നു. |

ഗഡു 16.09.2005 നും മുമ്പായി അടവാക്കണമെന്നും അല്ലാത്തപക്ഷം കോടതിയലക്ഷ്യ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചുകൊണ്ട് സെക്രട്ടറി ആർ.5/169/98 നമ്പർ കത്ത് ഓഡിയോ വിഷ്വൽ സെന്റർ മാനേജിംഗ് ഡയറക്ടർക്ക് നൽകിയതോടെ ഫയൽ നടപടികൾ അവസാനിപ്പിച്ചിരിക്കുന്നു സമയോചിത നടപടിയെടുത്ത് തുക ഈടാക്കാൻ ശ്രമിക്കാതിരുന്നതു വഴി വാടകയിനത്തിലുള്ള തുക പിരിച്ചെടുക്കാൻ കഴിയാത്ത വിധം കാലഹരണപ്പെട്ടിട്ടുണ്ട്. യഥാവിധി നടപടിയെടുക്കാൻ വീഴ്ച വരുത്തിയ 3/05 മുതൽ 9/05 വരെയുള്ള ആർ.5 സെക്ഷൻ ക്ലാർക്ക്, റവന്യു ഇൻസ്പെക്ടർ, റവന്യു സൂപ്രണ്ട്, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി നഷ്ടത്തുക താഴെ കാണും പ്രകാരം ഈടാക്കേണ്ടതാണ്.

വാടക 972000/- രൂപ

2/04 മുതലുള്ള പലിശ 18% നിരക്കിൽ 874800 2/04-1/09

145800 2/09- 11/09

-------

| | | | |
|---|---|---|---|
| | | 1992600<br>========<br>19,92,600/- രൂപയും 9,72,000/- രൂപയ്ക്ക് 12/09 മുതൽ ഈടാക്കുന്ന തീയതി വരെയുള്ള പലിശയും ഈടാക്കേണ്ടതാണ്. | |
| 4 | 5.2.23 | **-കോട്ടക്കൽ ഗ്രാമപഞ്ചായത്ത് - തൊഴിൽ പരിശീലനം - ക്രമവിരുദ്ധ ചെലവ്**<br>പ്രൊജക്റ്റ് നമ്പർ : 094/08 (ജനറൽ)<br>പദ്ധതി അടങ്കൽ : 900000/-രൂപ വികസന ഫണ്ട് :436000 രൂപ<br>ധനകാര്യ സ്ഥാപന വായ്പ : 450000<br>ഗുണഭോക്തൃ വിഹിതം 14000<br>900000<br>1. കോട്ടയ്ക്കൽ മാക്സ് അപ്ഡേറ്റ് ടെക്നോളജിസ് ഡയറക്ടർ നൽകിയ കത്തിനോടൊപ്പം വച്ച ഹാജർ പട്ടികയിൽ പങ്കെടുത്തവരുടെ ഹാജർ .വിവരം രേഖപ്പെടുത്തിയതിൽ നിന്നും പ്രോജെക്റ്റിൽ നിർദേശിക്കും വിധം പരിശീലനം നടത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു .<br>2. 1,20,000/-രൂപ സെക്രട്ടറിയിൽ നിന്നും കൈപറ്റിയതിനുള്ള രസീത്<br>സർവീസ് സഹകരണ ബാങ്ക് സെക്രട്ടറിയുടെ പേരിലാണ് മൊത്തം തുകയും നല്കിയതെങ്കിലും രസീതിൽ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും കൈപ്പറ്റിയതായിട്ടാണ് കാണിച്ചിട്ടുള്ളത് . | കോട്ടക്കൽ ഗ്രാമപഞ്ചായത്ത് 2007..08 വർഷത്തിൽ നടപ്പിലാക്കിയ പ്രൊജക്ട് 094/08 (ജനറൽ) തൊഴിൽ പരിശീലന പദ്ധതിയ്ക്കായി അനർഹമായി ചെലവഴിച്ച വികസന ഫണ്ട് 436000/-രൂപ (നാല് ലക്ഷത്തി മുപ്പത്തി ആറായിരം രൂപ മാത്രം) ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിനാണ് മേൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്.<br>ടി ഓഡിറ്റ് തടസവാദം പഞ്ചായത്ത് കാലഘട്ടത്തിൽ ഉള്ളതും ഇതുസംബന്ധിച്ച ഫയലുകളൊന്നും നഗരസഭയ്ക്ക് കൈമാറികിട്ടിയിട്ടില്ലാത്തതുമാണ്. പ്രസ്തുത ഫയൽ ലഭ്യമാക്കുന്നതിനായി ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിൽ നേരിട്ട് പോയി പരിശോധിച്ചതിൽ ഇതേ സമാഹൃത റിപ്പോർട്ടിന്റെ പകർപ്പല്ലാതെ യാതൊരു രേഖയും ലഭ്യമായിട്ടില്ലാത്തതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ കാലയളവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും പ്രസ്തുത തുക ഈടാക്കുന്നതിന് ടിയാന് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും തുക ഈടാക്കി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതാണെന്നും സെക്രട്ടറി അറിയിച്ചിരിക്കുന്നു. |

3. സിഡ്കോയിൽ നിന്നും ലഭ്യമായ ഇൻവോയ്സ് പ്രകാരം സാധനം വാങ്ങിയതോ സിഡ്കോക്ക് തുക നല്കിയതോ സംബന്ധിച്ച രേഖകൾ ലഭ്യമല്ല .യൂണിറ്റ് ചിലവിന്റെ 50% മാത്രമാണ് സബ്സിഡി നൽകാവുന്നത്. (97548/2=48,774/-രൂപ) എന്നിരിക്കെ 75,000/-രൂപ സബ്സിഡി നൽകിയെന്നത് അംഗീകരിക്കാവുന്നതല്ല .

യൂണിറ്റുകളുടെ പ്രാരംഭ പ്രവർത്തനം പോലും നടക്കുന്നതിനു മുൻപായി സർവീസ് സഹകരണ ബാങ്കിന് നൽകിയ 4,36,000/- രൂപ പദ്ധതി ലക്ഷ്യം കൈവരിക്കും വിധം ചെലവഴിച്ചിട്ടില്ലാത്തതിനാൽ അനർഹമായി ചെലവഴിച്ച വികസന ഫണ്ട് 4,36,000/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കേണ്ടതാണ് .

പരിശീലനം എന്നയിനത്തിൽ 1,20,000 രൂപ ചെലവഴിച്ചത് വെറും പരിശീലനത്തിനായി മാത്രം ചെലവഴിക്കരുതെന്ന നിർദേശത്തിന്റെ ലംഘനം കൂടിയാണ് പ്രൊജക്റ്റ് പ്രകാരമുള്ള യൂണിറ്റുകൾ ആരംഭിച്ചതിനു ശേഷം മാത്രം സബ്സിഡി അനുവദിക്കുന്നതിന് പകരം മുൻകൂറായി പരിശീലനത്തിനും സബ്സിഡിയിനത്തിലും തുക നൽകിയ സെക്രട്ടറിയുടെ നടപടിയും സർവീസ് സഹകരണ ബാങ്കിനെ ഈ പദ്ധതിയുമായി ബന്ധപ്പെടുത്തിയതിനെ സംബന്ധിച്ചും ആരംഭിച്ചുവെന്നിരുന്ന യൂണിറ്റുകളെ തെരഞ്ഞെടുത്തത് സംബന്ധിച്ചും വ്യക്തമായ അന്വേഷണവും നടത്തേണ്ടതാണ്. . തുണിസഞ്ചി/പേപ്പർ ബാഗ് നിർമാണത്തിനുള്ള യൂണിറ്റുകൾ ആരംഭിക്കാനുള്ള ശ്രമം മാത്രമേ ഉണ്ടായിട്ടുള്ളുവെന്നിരിക്കെ ഒപ്റ്റിക്കൽ ടെക്നിഷ്യൻ കോഴ്സ് , ന്യൂട്രിമിക്സ് ട്രെയിനിങ് എന്നിവയ്ക്കായി ചെലവഴിച്ച 60,000/-രൂപയും പരിശീലനചെലവിലുൾപ്പെടുന്നു .

പേപ്പർ ബാഗ് നിർമാണം, തുണിസഞ്ചി നിർമാണം എന്നിവയ്ക്കായി പരിശീലനം ലഭിച്ചുവെന്ന് യൂണിറ്റ് ഭാരവാഹികൾ പറയുന്നവരുടെ പേരും പരിശീലന സ്ഥാപനം നൽകിയ ഹാജർ പട്ടികയിലെ പേരും പരസ്പരം

| | | | |
|---|---|---|---|
| | | പൊരുത്തപ്പെടുന്നില്ല. ഇതിൽ നിന്നും പരിശീലനവും പ്രഹസനം മാത്രമായിരുന്നുവെന്ന് കണക്കാക്കുന്നു. | |
| 5 | 5-2-24(1) | റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് വാട്ടർ അതോറിറ്റി നൽകാനുള്ളത്<br>1,25,16,702/- രൂപ]<br><br>ഇ.1/4587/04 നമ്പർ ഫയൽ പ്രകാരം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി ട്രേഞ്ച് കീറിയ താഴെ പറയുന്ന രണ്ട റോഡുകൾ നന്നാക്കുന്നതിന 21,18,000/-രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും ആവശ്യപ്പെടാൻ എഞ്ചിനീറിങ് വിഭാഗം 18.06.04-ന് ശുപാർശ ചെയ്തിട്ടുണ്ട്<br><br>ഒലിങ്കര-വളയം മൂച്ചി റോഡ് 2010 മീറ്റർ<br><br>പാതായങ്കര പള്ളി റോഡ് 1750 മീറ്റർ<br><br>30.06.04-ലെ ഇ.1/4587/04 നമ്പർ കത്തിൽ തുക അടവാക്കാനാവശ്യപ്പെട്ടതിന് മറുപടിയായി വാട്ടർ അതോറിറ്റി മലപ്പുറം എക്സി. എഞ്ചിനീയർ ചെയർമാനുമായി കൂടിക്കാഴ്ച ആവശ്യപ്പെടുകയും 06.08.04- ന് യോഗം നടക്കുകയും ചെയ്തു.<br><br>വളയം മൂച്ചി ഒലിങ്കര റോഡ് വാട്ടർ അതോറിറ്റി ശരിയാക്കുന്നതാണ് എന്നും പ്രവർത്തിക്കാവശ്യമായ ടാർ നഗരസഭ നൽകേണ്ടതാണെന്നും യോഗത്തിൽ വാട്ടർ അതോറിറ്റി അസി. എക്സി. എഞ്ചിനീയർ ആവശ്യപ്പെട്ടുവെന്നും രേഖപ്പെടുത്തി യോഗം പിരിഞ്ഞിരിക്കുകയാണ്. ഫയലിൽ തുടർ നടപടി സ്വീകരിക്കുകയോ തുക വസൂലാക്കുകയോ | **പെരിന്തൽമണ്ണ നഗരസഭ**<br>അർബ്ബൻ വാട്ടർ സപ്ലൈ പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി 07/06/04 ഡി.ബി-3-17/2004(1), 14/06/04 ഡി.ബി-3-47/02, 11/06/04- ഡി.ബി2-32/04 എന്നീ കത്തുകൾ മുഖാന്തിരം കുടിവെള്ള പദ്ധതിക്കായി മുനിസിപ്പൽ റോഡ് കുഴിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് കേരള വാട്ടർ അതോറിറ്റി അസി.എക്സി.എഞ്ചിനീയർ നഗരസഭയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. 11/06/2003 ലെ ബഹു.ജില്ലാ കളക്ടറുടെ ജി.എസ് -15005/2002 ഉത്തരവു പ്രകാരം ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബഹു.ജില്ലാ കളക്ടർ അദ്ധ്യക്ഷനായി അർബ്ബൻ വാട്ടർ പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങളിലെ റോഡ് കുഴിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങളിലെ ഉദ്യോഗസ്ഥർ അംഗങ്ങളായി കമ്മിറ്റി രൂപീകരിച്ചിരുന്നു.<br><br>അസി.എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റിയുടെ മുകളിൽ പറഞ്ഞിരിക്കുന്ന കത്തിന്റെ അടിസ്ഥാനത്തിൽ 30/06/04 ലെ ഇ1-4587/04, 31/07/04 ലെ ഇ1-4422/04 നമ്പർ കത്തുകൾ മുഖാന്തിരം റീസ്റ്റോറേഷൻ ചാർജ്ജിനത്തിൽ തുക അടവാക്കുന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റിക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. എന്നാൽ 13/07/04 ലെ ഡി.ബി.2 6602/96-2 കത്ത് വഴി കേരള വാട്ടർ അതോറിറ്റി അസി.എക്സി.എഞ്ചിനീയർ ഈ വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഒരു യോഗം വിളിച്ച് ചേർക്കണമെന്ന് ആവശ്യപ്പെട്ടു. 03/08/04 ലെ ഇ1-4587/04 കത്ത് മുഖാന്തിരം യോഗം അറിയിപ്പ് നടത്തുകയും 06/08/04 ന് 10.30 ന് ബഹു.ചെയർമാന്റെ അദ്ധ്യക്ഷതയിൽ കേരള വാട്ടർ അതോറിറ്റിയെ പ്രതിനിധീകരിച്ച് അസി.എക്സി.എഞ്ചിനീയർ ഇൻചാർജ്ജ്, അസി.എഞ്ചിനീയർ വാട്ടർ സപ്ലൈ പ്രോജക്ട് |

| | | | |
|---|---|---|---|
| | | ചെയ്യുകാണുന്നില്ല. 25% സൂപ്പർ വിഷൻ ചാർജടക്കം 26,47,500/- രൂപ വാങ്ങുന്നതിനു നടപടി ഉണ്ടായില്ല.<br><br>ഇ. 1/4587/04 നമ്പർ ഫയലിൽ മദ്രസ്സപ്പടി കളത്തിലക്കര റോഡ് മുറിക്കുന്നതിനുള്ള അനുമതിക്ക് വാട്ടർ അതോറിറ്റി അപേക്ഷിച്ചതിന്മേലുള്ള ഫയൽ കുറിപ്പിൽ 4 പ്രവൃത്തികൾക്കായി 31460 മീറ്റർ നീളം റോഡ് മുറിച്ചു പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതിക്കു അപേക്ഷിച്ചിട്ടുണ്ട്. | സെക്ഷൻ-2 അസി.എഞ്ചിനീയർ വാട്ടർ സപ്ലൈ പ്രോജക്ട് സെക്ഷൻ-1 ഉം പങ്കെടുത്ത് യോഗത്തിൽ പ്രോജക്ടുകൾ 2005 മാർച്ച് മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതിനാൽ എത്രയും പെട്ടെന്ന് റോഡ് കുഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെടുകയും നഗരസഭാ ചെയർമാൻ ഈ വിഷയം സംബന്ധിച്ച് 21/07/04 ന് തിരുവനന്തപുരത്ത് ബഹു: ജലവിഭവ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ബഹു:വിദ്യാഭ്യാസ മന്ത്രിയും സ്ഥലം എം.എൽ.എ.യും പങ്കെടുത്ത യോഗത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേക്കായുള്ള റോഡ് കുഴിക്കുന്നതിന് നഗരസഭ അനുവാദം നൽകണമെന്ന് ധാരണയായിട്ടുണ്ടെന്നും റീസ്റ്റൊറേഷൻ ചാർജ്ജ് സംബന്ധിച്ച് നഗരസഭയുടെ ക്ലെയിം നിലനിൽക്കുന്നതായും അറിയിച്ചു.<br>ടി ചർച്ചയിലെ ധാരണയുടെ അടിസ്ഥാനത്തിലാണ് കേരള വാട്ടർ അതോറിറ്റി അധികൃതർ നഗരസഭാ റോഡുകളടക്കം കുഴിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ള പദ്ധതി നടപ്പിലാക്കിയത്. എന്നാൽ റോഡ് റീസ്റ്റൊറേഷൻ ചാർജ്ജ് അടവാക്കുകയുണ്ടായില്ല. ഓഡിറ്റ് പരാമർശത്തെ തുടർന്ന് 06/07/13 ലെ ജി2-16721/2010 നമ്പർ കത്ത് പ്രകാരം പറഞ്ഞിരിക്കുന്ന തുക പലിശ സഹിതം 30 ദിവസത്തിനുള്ളിൽ അടവാക്കുന്നതിന് എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ മലപ്പുറം ഓഫീസിലേക്ക് അറിയിപ്പ് നൽകിയിട്ടുള്ളതും അല്ലാത്തപക്ഷം നഗരസഭയിൽനിന്ന് വാട്ടർ അതോറിറ്റിക്ക് അടവാക്കുന്ന പൊതു ടാപ്പുകളുടെ പ്രതിമാസ വാട്ടർ ചാർജ്ജിനത്തിൽ ടി തുക അഡ്ജസ്റ്റ് ചെയ്യുന്നതാണെന്നും അറിയിപ്പ് നൽകിയിട്ടുള്ളതാണ്. ഈ ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ ചാർജ്ജ് കുടിശ്ശിക കിഴിച്ച് ബാക്കി തുക കേരള വാട്ടർ അതോറിറ്റിയിൽനിന്ന് ലഭ്യമാക്കണമെന്ന് അറിയിച്ചതിൽ റോഡ് കട്ട് ചെയ്ത 2004-06 കാലയളവിൽ നഗരസഭയ്ക്ക് വെള്ളം വിതരണം ചെയ്യുന്നതിന് എൽ.ഐ.സി സഹായത്തോടെ ചെയ്തുതീർത്ത പ്രവർത്തിയാണെന്നും ഇത്രയും വർഷത്തിനുശേഷം തുക വെള്ളക്കരം ഇനത്തിൽ തട്ടിക്കിഴിക്കാൻ കഴിയില്ലെന്നുമാണ് വാട്ടർ അതോറിറ്റിയിൽനിന്നും മറുപടി |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റി നഗരസഭയുടെ 70 വാട്ടർ ടാപ്പുകളുടെ ചാർജ്ജിനത്തിൽ ഓരോ മാസവും 45,990/- രൂപ കണക്കാക്കി ഓരോ മാസത്തെയും 2 ശതമാനം പലിശയുൾപ്പെടെ ആകെ 18742211/- രൂപയുടെ 04/02/2019 തീയതിയിലെ ഡിമാന്റ് നോട്ടീസ് പ്രകാരം നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. നഗരസഭയുടെ 2009-10 വർഷം മുതൽ 2019 ഫെബ്രുവരി മാസം വരെയുള്ള നഗരസഭയുടെ വിവിധ ഗ്രാന്റുകളിൽ നിന്നായി 15226403/- രൂപ വാട്ടർ അതോറിറ്റി കൈപ്പറ്റിയിട്ടുണ്ട്. റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ നഗരസഭക്കു നൽകാനുള്ള 12516702/- രൂപയും വാട്ടർ ചാർജ്ജിനത്തിൽ നഗരസഭയുടെ വിവിധ ഗ്രാന്റുകളിൽ നിന്ന് വാട്ടർ അതോറിറ്റിക്ക് ലഭ്യമായിട്ടുള്ള 15226403/- രൂപയും കൂട്ടിയാൽ ലഭ്യമാകുന്ന 27743105/- രൂപയിൽ നിന്ന് വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ്ജിനത്തിൽ നൽകാനുള്ള 18742211/- രൂപ കുറച്ചാൽ ലഭ്യമാകുന്ന ബാക്കി തുക വാട്ടർ അതോറിറ്റിയിൽ നിന്ന് നഗരസഭക്ക് ലഭ്യമാകാനുള്ളതാണ്. |
| 6 | 5.3.11 (1) | - സ്റ്റേഡിയം നിർമ്മാണത്തിന് ഭൂമി വാങ്ങിയത് പാഴ്ചെലവായി.<br>❖ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി നിലം വാങ്ങി.<br>❖ നിലം നികത്താൻ അനുമതിലഭിച്ചില്ല.<br>2001-02 വർഷം സ്റ്റേഡിയം നിർമ്മാണത്തിനായി 814990/- രൂപ ചെലവഴിച്ച് 2.6.3 ഏക്കർ വയൽ വാങ്ങി. എന്നാൽ നിലം നികത്തുന്നതിന് അനുമതി ലഭിച്ചിട്ടില്ല. കോട്ടക്കൽ പ്രദേശത്ത് സ്ഥലവില വളരെ ഉയർന്നതിനാലാണ് വിലക്കുറവുള്ള പാടശേഖരം വാങ്ങിയതെന്നും പാടം മണ്ണിട്ട | **കോട്ടക്കൽനഗരസഭ**<br>2001-02 വർഷത്തിൽ കോട്ടക്കൽ ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലയളവിൽ സ്റ്റേഡിയം നിർമ്മാണത്തിനായി 8,14,990/-രൂപ ചെലവിട്ട് 2.63 ഏക്കർ വയൽ വാങ്ങിയിരുന്നെങ്കിലും നിലം നികത്തുന്നതിന് അനുമതി ലഭിക്കാത്തിനാൽ സ്റ്റേഡിയം നിർമ്മാണം നടത്തുന്നതിന് സാധിച്ചിരുന്നില്ല. ടി ഭൂമി വാങ്ങുന്നതിനുമാത്രമാണ് 8,14,99,/-രൂപ ചെലവഴിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലത്ത് സ്റ്റേഡിയം നിർമ്മാണത്തിനായി യാതൊരു തുകയും ചെലവഴിച്ചിട്ടില്ലാത്തതാണ്.<br>ടി സ്ഥലം നിലവിൽ നഗരസഭയുടെ ആസ്തിയായി നിലനിൽക്കുന്നതിനാൽ സ്ഥലം വാങ്ങുന്നതിനായി ചെലവഴിച്ച തുക നഷ്ടമായി കണക്കാക്കാനാവില്ലെന്ന് റിപ്പോർട്ട് ചെയ്യുന്നു. ഭൂമിയുടെ നിലവിലുള്ള വിലയനുസരിച്ച് ഇപ്പോൾ ഇത് നേട്ടമാണ്. |

| | | | |
|---|---|---|---|
| | | നികത്തുന്നതിന് അനുമതി ലഭിച്ചിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും പരിഗണിക്കാതെ തുക ചെലവഴിച്ചതിനാൽ 8.15 ലക്ഷം രൂപ പദ്ധതിപ്പണം മുടങ്ങിക്കിടക്കാനിടയാക്കി. | ടി സ്ഥലത്ത് 2018-19 വർഷത്തിൽ ബഹു. കോട്ടക്കൽ എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് ചെറുകിട ജലസേചനപദ്ധതിക്കായി സർക്കാർ ഉത്തരവ്, നഗരസഭ കൗൺസിൽ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ചെറുകിട ജലസേചന വകുപ്പിന് സ്ഥലം കൈമാറിയിട്ടുള്ളതും പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണെന്ന് റിപ്പോർട്ട് ചെയ്യുന്നു. ആയതിനാൽ മേൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |
| 7 | 5.3.11 (2) - | ജല ലഭ്യത ഉറപ്പാക്കിയില്ല- കുടിവെള്ള പദ്ധതികൾ പരാജയം<br>⇛ജല ലഭ്യത ഉറപ്പ വരുത്താതെ ടാങ്കുകളും പൈപ്പ് ലൈനുകളും സ്ഥാപിച്ചു.<br>⇨കടിവെള്ള പദ്ധതികൾ പരാജയപ്പെട്ടു.<br>കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത് 9,10 പദ്ധതികളിലായി 77.93 ലക്ഷം രൂപ ചെലവഴിച് കമ്മീഷൻ ചെയ്ത കടിവെള്ള പദ്ധതികളിൽ ഭൂരിഭാഗവും ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ പൂർണ്ണമായും ഉപകാരപ്രദമാവുന്നില്ല. 30.05.2009 ന് ചില പദ്ധതികൾ നേരിൽ പരിശോധിച്ചതിൽനിന്നും ജല ലഭ്യത ഉറപ്പവരുത്താതെ മറ്റ തുടർ പ്രവർത്തികൾക്ക് വൻതോതിൽ തുക ചെലവ് ചെയ്തതാണ് ഈ പരാജയത്തിനിടയാക്കിയത് എന്ന് | കോട്ടക്കൽ ഗ്രാമപഞ്ചായത്ത് 9, 10 പദ്ധതികളിലായി 77.93 ലക്ഷം രൂപ ചെലവഴിച്ച് 6 കുടിവെള്ള പദ്ധതികൾ കമ്മിഷൻ ചെയ്തിട്ടുള്ളതാണ്. ഇതിൽ 5 പദ്ധതികൾ നിലവിൽ പ്രവർത്തനക്ഷമമാണ്.<br>തോക്കാംപാറ കുടിവെള്ള പദ്ധതി രാജാസ് ഹയർ സെക്കന്ററി സ്കൂളിലെ കിണറുമായി യോജിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ്. കൊഴൂർ പൊട്ടിപ്പാറ കുടിവെള്ള പദ്ധതി എല്ലാവർഷവും റീചാർജ്ജ് ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതിനാൽ ജല ലഭ്യതയുണ്ട്. നായാടിപ്പാറ കുടിവെള്ള പദ്ധതിയിൽ വേനൽക്കാലത്ത് ആവശ്യത്തിന് വെള്ളം ലഭിക്കാറില്ല. നഗരസഭ കുടിവെള്ളം സപ്ലൈ ചെയ്യുന്നതിനാൽ കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത കുറവാണ്. കുറ്റിപ്പുറം മദ്രസ്സുംപടി കുടിവെള്ള പദ്ധതിയിൽ ആദ്യകിണറിൽ നിന്നും വെള്ളം വേനൽക്കാലം തുടങ്ങുന്നതുവരെ ഉപയോഗിക്കുന്നു. തുടർന്ന് രണ്ടാമത്തെ കിണറിൽ നിന്നും വെള്ളം ലഭിക്കുമെങ്കിലും വേനൽക്കാലത്ത് ആവശ്യത്തിന് വെള്ളം ലഭിക്കാറില്ല. മരവട്ടം കുടിവെള്ള പദ്ധതിയിൽ വേനൽക്കാലത്ത് ജലക്ഷാമം ഉണ്ടാകാറുണ്ട്. കല്ലറമ്പ് കുടിവെള്ള പദ്ധതി തകരാർ സംഭവിച്ചിട്ടുള്ളതിനാൽ നിലവിൽ പ്രവർത്തനക്ഷമമല്ല. |

ബോധ്യപ്പെടുകയുണ്ടായി. ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | റിമാർക്സ് |
|---|---|
| തൊക്കാംപാറ കടിവെള്ള പദ്ധതി | 50000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിലേക്കാവശ്യമായ വെള്ളവും ലഭിക്കുന്നില്ല. പദ്ധതി ചെലവ് 13 ലക്ഷം രൂപയാണ്. |
| നായാടിപ്പാറ കടിവെള്ള പദ്ധതി | 40000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിൽ ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ പദ്ധതിപ്രദേശത്തു പൂർണമായും വെള്ളം ലഭിക്കുന്നില്ല. പദ്ധതി ചെലവ് 14,68414/-രൂപയാണ്. |
| കൊഴർ കൊട്ടിപ്പാറ കടിവെള്ള പദ്ധതി | 50000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിൽ ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ പദ്ധതിപ്രദേശത്തു പൂർണമായും വെള്ളം ലഭിക്കുന്നില്ല. പദ്ധതി ചെലവ് 7,89,342/-രൂപയാണ്. |
| കല്ലമ്പറമ്പ് കടിവെള്ള പദ്ധതി | 40000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിലേക്ക് 5 വർഷത്തോളമായി വെള്ളം ലഭിക്കുന്നില്ല. പദ്ധതി ചെലവ് 13,61,757/-രൂപയാണ്. |
| മരവട്ടം | ടാങ്ക് കപ്പാസിറ്റി 50000 ലിറ്ററാണ്. |

| | | | |
|---|---|---|---|
| | | കുടിവെള്ള പദ്ധതി — എന്നാൽ ടാങ്കിലേക്ക് ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. ചെലവ് 11,36,879 രൂപയാണ്.<br>കുറ്റിപ്പുറം മദ്രസ്സപ്പടി കുടിവെള്ള പദ്ധതി — 50000 ലിറ്റർ ടാങ്കിലേക്ക് ആവശ്യത്തിന് വെള്ളം ആദ്യ കിണറിൽ നിന്നും ലഭിക്കുന്നില്ല. വേറെ കിണർ കുഴിച്ച് അതുപയോഗിക്കുന്നുണ്ടെങ്കിലും ജല പരിമിതിയുണ്ട്. പദ്ധതിച്ചെലവ് തുക 17,37,038/-രൂപയാണ്. | |
| 8 | 5.3.14 | **കുടിവെള്ള പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചു.**<br><br>ഗ്രാമപഞ്ചായത്തിലെ ചേപ്പിലിക്കുന്ന്, ഒളിക്കൽപുറായ, ഈന്തുംകുഴി പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള പ്രോജക്ടിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ടാപ്പ് കണക്ഷനും പമ്പ് ഹൗസ് നിർമ്മാണവും ഭാഗികമായി പൂർത്തിയാക്കി പാതിവഴിയിൽ നിർത്തിയതായി കാണുന്നു.<br><br>കുടിവെള്ള പദ്ധതിക്ക് വേണ്ടി കിണർ, വാട്ടർ ടാങ്ക്, വിതരണ കുഴൽ എന്നിവ സ്ഥാപിച്ച് മുഴുവൻ കുടുംബങ്ങൾക്കും | **കൊണ്ടോട്ടി മുനിസിപ്പാലിറ്റി**<br><br>ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന വിഷയമായ ചേപ്പിലകുന്ന്, ഒളിക്കൽ പുറായ്, ഈന്തുംകുഴി പാതിവഴിയിൽ ഉപേക്ഷിച്ചതുമായി ബന്ധപ്പെട്ട കാലയളവിൽ ഇപ്പോഴത്തെ കൊണ്ടോട്ടി മുനിസിപ്പാലിറ്റി ഗ്രാമപഞ്ചായത്തായിരുന്നു.<br><br>ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് മേൽ ഫയൽ കൈമാറി കിട്ടാത്തതിനാൽ പ്രസ്തുത ഫയൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ കൗൺസിൽ മിനുട്സ് കൂടാതെ സ്പിൽ ഓവർ പ്രൊജക്ട്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദമായ പ്രൊജക്ട് റിപ്പോർട്ട് എന്നിവ പരിശോധിച്ചത് പ്രകാരം ടി പദ്ധതിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക, ടാങ്ക് നിർമ്മിക്കുക ,കിണർ നിർമ്മാണം എന്നീ കാര്യങ്ങൾ പൂർത്തീകരിച്ചിരുന്നു. എന്നാൽ ടി പദ്ധതിയ്ക്ക് |

കുടിവെള്ളമെത്തിക്കാനാണ് 2002-03, 2004-05, 2005-06 വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ 2005-06 വർഷത്തിൽ ഭാഗികമായി നിർവ്വഹിച്ച ശേഷം തുടർപ്രവർത്തനമൊന്നും നടത്തിയില്ല. 2002-03 മുതലുള്ള കുടിവെള്ള പദ്ധതിയുടെ ചെലവ് വിവരം താഴെ ചേർക്കുന്നു.

| വർഷം, പ്രോജക്ട് നമ്പർ | അടങ്കൽ തുക | ചെലവ് വിവരം |
|---|---|---|
| 2002-03 (100/03) ചേപ്പിലക്കുന്ന് കുടിവെള്ള പദ്ധതി പുനരുദ്ധാരണം | പരിശോധിക്കാനായില്ല | 33860 |
| 2003-04 (675/04) വൈദ്യുതീകരണം. | പരിശോധിക്കാനായില്ല | 51620 |
| 2004-05 (105/05) മോട്ടോർ പമ്പ് സെറ്റ്, അനുബന്ധ സാമഗ്രികൾ | പരിശോധിക്കാനായില്ല | 93141 |
| പൈപ്പ് ലൈൻ അനുബന്ധ പ്രവൃത്തികൾ (85/05) (പുതിയ പ്രോജക്ട്) ശ്രീ. ചുക്കാടൻ അശോകൻ | പദ്ധതി വിഹിതം 102500<br>ഗുണഭോക്തൃ വിഹിതം 10250<br>112750 | 25000 |
| 2005-06 (എസ് 142/06) | പദ്ധതി വിഹിതം 77500<br>ഗുണഭോക്തൃ വിഹിതം | 36306 (ബിൽ നം. 36/28.11.05) പാർട്ട് ബിൽ) |

വേണ്ടി നിർമ്മിച്ച കിണറിൽ ആവശ്യത്തിന് വെള്ളം ലഭിക്കാത്ത സാഹചര്യത്തിൽ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കിണറിൽ നിന്ന് വെള്ളം ലഭിക്കാത്ത സാഹചര്യത്തിലാണ് ടി പദ്ധതി ഉപേക്ഷിച്ചത്.

ഓഡിറ്റ് പരാമർശത്തിൽ പ്രതിപാദിച്ചിട്ടുള്ള ചേപ്പിലക്കുന്ന്, ഒളിക്കൽപുറായി, ഈന്തുംകുഴി പ്രൊജക്ടിൽപ്പെട്ട പ്രസ്തുത കിണർ മാത്രമാണ് ഉപയോഗപ്രദമായിട്ടുള്ളത്. കിണറിനോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള പൈപ്പ് കണക്ഷൻ കാലഹരണപ്പെട്ടിട്ടുള്ളതാണ്. കൂടാതെ ഇതോടൊപ്പം നിർമ്മിക്കപ്പെട്ട പമ്പ്ഹൗസും പ്രവർത്തന സജ്ജമല്ല. നേരിട്ട് അന്വേഷണം നടത്തിയത് പ്രകാരം ഒളിക്കൽപുറായിഭാഗത്ത് പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള വാട്ടർ ടാങ്ക് നശിച്ചുപോയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതാണ്.

പഞ്ചായത്തിൽ നിന്നും രേഖകൾ ലഭ്യമാക്കാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ ടി കാലയളവിലുള്ള (2010-11) ഉദ്യോഗസ്ഥരുടെയും, സെക്രട്ടറിമാരുടെയും വിവരങ്ങൾ അറിയിച്ചുനൽകുന്നതിന് പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ മലപ്പുറത്തിന് 08/03/2019 ൽ കത്ത് അയച്ചിട്ടുള്ളതാണ്.

| | | | | |
|---|---|---|---|---|
| | | 10250<br>87750 | | |
| | | 2004-05, 2005-06 വർഷങ്ങളിൽ ഭാഗികമായി നിർവ്വഹിച്ച പൈപ്പ് ലൈൻ അനുബന്ധ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി 2006-07 വർഷത്തിൽ 142/06 നമ്പർ പ്രോജക്ടിൽ 5,144/- രൂപ സ്പിൽ ഓവറായി വകയിരുത്തിയെങ്കിലും നിർവ്വഹണം നടന്നിട്ടില്ല. 2007-08 ൽ 136/08 നമ്പറായി 51,144/- രൂപ സ്പിൽ ഓവറായി വകയിരുത്തിയെങ്കിലും ഇതേ വർഷവും തുടർപ്രവർത്തനം നടന്നില്ല. തുടർവർഷങ്ങളിൽ പ്രോജക്ടിന്റെ പൂർത്തീകരണത്തിന് സ്പിൽ ഓവറായി തുക വകയിരുത്താത്തതിനാൽ കുടിവെള്ള വിതരണ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചതായി അനുമാനിക്കുന്നു (2004-05 വർഷത്തിൽ സ്പിൽഓവറായി കാണുന്ന ഇതേ പേരിലുള്ള 1,16,140/- രൂപയുടെ മറ്റൊരു പ്രോജക്ടിന് 2008-09 ലും (62/08-09) തുക വകയിരുത്തിയതായി കാണുന്നു). | | |

| | | | |
|---|---|---|---|
| 9 | 05.03.15 (1) | ഷോപ്പിംഗ് കോംപ്ലക്സ് യാഥാർത്ഥ്യമായില്ല. 8 ലക്ഷത്തിന്റെ പാഴ്ചിലവ് .<br><br>➢ ടെണ്ടർ ഉറപ്പിച്ചെങ്കിലും കരാർ വച്ചിട്ടില്ല.<br>➢ കരാർ വയ്ക്കാതിരിക്കുന്നത് സ്ഥലം കൈമാറുന്നതിലെ തടസ്സം കാരണം.<br>➢ പ്രാരംഭ ആവശ്യങ്ങൾക്ക് ചെലവഴിച്ച 8 ലക്ഷം രൂപ പാഴായി.<br><br>2.10 കോടി രൂപയുടെ എസ്റ്റിമേറ്റിൽ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 1999-00 വർഷം പദ്ധതി തയ്യാറാക്കുകയും പ്രീക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മെസേർസ് ബ്ലൂചിപ്പ് കൺസ്ട്രക്ഷൻസിന് കരാർ നൽകാൻ തീരുമാനിക്കുകയും ചെയ്തു. തുടർ നടപടികളൊന്നും നഗരസഭയുടെ ഭാഗത്തുനിന്നുണ്ടാവാതിരുന്നതിനാൽ കരാറുകാരൻ 25.07.02 ന് കരാർ വെയ്ക്കാൻ അനുവദിക്കാനും സ്ഥലം കൈമാറാനും ആവശ്യപ്പെട്ടുവെങ്കിലും നഗരസഭയുടെ ഭാഗത്തുനിന്നും നടപടിയുണ്ടായില്ല. 16-10-2003 ന് കരാറുകാരൻ ടിയാൻ കെട്ടിവച്ച ഇ.എം.ഡി 18% പലിശസഹിതം തിരികെ നൽകാവനാവശ്യപ്പെടുകയും കാണുന്നു. 04-02-2005 ലെ 38-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഇ.എം.ഡി. തിരിച്ചു നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലം നിർദ്ദിഷ്ട സമയത്തിനകം കൈമാറാൻ കഴിയാത്തതിനാലാണ് ഇപ്രകാരം തീരുമാനമെടുത്തത്. ഈ പദ്ധതി തുടർന്ന് | മഞ്ചേരി നഗരസഭ 1999-2000 ജനകീയാസൂത്രണം പദ്ധതിയിൽ ഉൾപ്പെടുത്തി മുനിസിപ്പൽ മാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും അതു പ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്നും ഒഴിവ് നേടി ലേഔട്ട് അപ്രൂവൽ വാങ്ങുകയും ചെയ്തിരുന്നു. നിലവിലുള്ള മാർക്കറ്റിലെ ഷെഡുകൾ പൊളിച്ചു മാറ്റുന്നതിനും, മലപ്പുറം റോഡിൽ നിന്നും മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം ചെരിഞ്ഞു കിടക്കുന്നതിനാൽ ഉയരം കൂടിയ സ്ഥലം മണ്ണെടുത്തും ഉയരം കുറഞ്ഞ സ്ഥലം സംരക്ഷണ ഭിത്തി കെട്ടി മണ്ണിട്ടു നികത്തിയും നിർമ്മാണത്തിന് ഉപയുക്തമാക്കുന്നതിനായി സൈറ്റ് ഡെവലപ്പ്മെന്റ് പദ്ധതി രൂപീകരിക്കുകയും ചെയ്തിരുന്നു. കെ.എം.ബി.ആർ ഇളവിനായി സർക്കാരിലേക്ക് 26,000/- രൂപ ഫീസിനത്തിൽ നൽകിയിരുന്നു. കെട്ടിട നിർമ്മാണത്തിനായി സോയിൽ ടെസ്റ്റ് നടത്തിയ ഇനത്തിൽ REC ആവശ്യപ്പെട്ട 42710/- രൂപയും REC ക്ക് സ്ക്രൂട്ടിനി ഫീസ് ഇനത്തിൽ 76396/- രൂപയും പ്ലാൻ/എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയ ഇനത്തിൽ കൺസൾട്ടന്റിന് (ക്രിയേറ്റീവ് കൺസൾട്ടന്റ്) 375000/- രൂപയും എസ്റ്റിമേറ്റ് സ്ക്രൂട്ടിനി ചെയ്യുന്നതിന് കോഴിക്കോട് കോർപ്പറേഷന് സെന്റേജ് ചാർജ്ജിനത്തിൽ 1,57,500/- രൂപയും നൽകിയിരുന്നു. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന്റെ ടെണ്ടർ പ്രസിദ്ധീകരിച്ച ഇനത്തിൽ, പരസ്യ ചാർജ്ജ് ഇനത്തിൽ വിവിധ പത്രങ്ങൾക്ക് 121400/- രൂപയും നൽകിയിട്ടുണ്ട്. ജില്ലയിലെ ഏറ്റവും വലിയ വ്യാപാര കേന്ദ്രമായ മഞ്ചേരിയിൽ നിലവിലുള്ള മാർക്കറ്റ്, അശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ചിട്ടുള്ള താൽക്കാലിക ഷെഡുകളിലാണ് പ്രവർത്തിച്ചു വന്നിരുന്നത്. പ്രതിദിനം പച്ചക്കറികളുമായി വരുന്ന ലോറികൾക്കും മത്സ്യവ്യാപാരവും മൂലം ട്രാഫിക് തടസ്സങ്ങളും, ചപ്പുചവറുകൾ ശേഖരിക്കുന്നതിനും സൗകര്യമില്ലാതിരുന്നതിനാൽ ആരോഗ്യ പ്രശ്നങ്ങളും ഉണ്ടായിരുന്നു. ഇതിനുള്ള ശാശ്വത പരിഹാരമെന്ന നിലക്കാണ് KUDFC യിൽ നിന്നും വായ്പ ലഭ്യമാക്കി 1998-2000 ജനകീയാസൂത്രണ പദ്ധതിയിൽ |

ഒഴിവാക്കുകയും ചെയ്തിരിക്കുന്നു.

7,99,006/- രൂപ പ്രവൃത്തിയുടെ പ്രാരംഭ ചെലവകൾക്കായി ചെലവഴിച്ചു പ്രവൃത്തി ഒഴിവാക്കിയതുവഴി 8 ലക്ഷത്തോളം രൂപയും ഇതിനായുള്ള നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളും പാഴ്ചെലവായി. ചെലവു വിവരം താഴെ കൊടുക്കുന്നു.

| ചെക്ക് നമ്പർ | തുക | |
|---|---|---|
| 264971/01.06.98 | 26000 | കെ.ബി.ആർ.ഇളവിനായി സി.റ്റി.പി.യ്ക്ക് നൽകിയത് |
| 800496/11.09.98 | 30000 | സോയിൽ ടെസ്റ്റിനായി ആർ.ഇ.സി.യ്ക്ക് നൽകിയത്. |
| 140327/10.02.99 | 12710 | സോയിൽ ടെസ്റ്റിനായി ആർ.ഇ.സി.യ്ക്ക് നൽകിയത്. |
| 291505/14.09.99 | 25000 | സ്ക്രൂട്ടിനി ഫീസ് ആർ.ഇ.സി |
| 801071/29.02.00 | 51396 | സ്ക്രൂട്ടിനി ഫീസ് ആർ.ഇ.സി |
| 487008/01.02.01 | 200000 | പ്ലാൻ/എസ്റ്റിമേറ്റ് ഫീസ് |
| 487035/16.05.01 | 100000 | പ്ലാൻ/എസ്റ്റിമേറ്റ് ഫീസ് |
| 369274/15.12.02 | 75000 | പ്ലാൻ/എസ്റ്റിമേറ്റ് ഫീസ് |
| 516447/12.02.01 | 157500 | സെന്റേജ് ചാർജ് |
| 259141/19.09.01 | 70400 | പരസ്യച്ചെലവ് |

ഉൾപ്പെടുത്തി ഇതു പ്രകാരം ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ കൗൺസിൽ തീരുമാനിച്ചത്. ആയതിനുള്ള പ്രാരംഭ ചെലവുകൾക്കുള്ള തുകകളാണ് റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരം ചെലവാക്കിയിട്ടുള്ളത്. സമയബന്ധിതമായി മറ്റുജോലികൾ പൂർത്തിയാക്കി ടെണ്ടർ ചെയ്തു എങ്കിലും മാർക്കറ്റിലെ കച്ചവടക്കാർ ഒഴിഞ്ഞുപോകാതിരുന്നതിനാൽ സൈറ്റ് കൈമാറാൻ കഴിഞ്ഞിരുന്നില്ല. ഇക്കാര്യങ്ങൾ കൊണ്ടാണ് മാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനം തടസ്സപ്പെട്ടു പോയത് എന്ന വിവരം അറിയിക്കുന്നു. മന:പൂർവ്വം ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥയോ അലംഭാവമോ അല്ല ടി നിർമ്മാണം നിന്നുപോകാൻ ഇടയായത് എന്ന് റിപ്പോർട്ട് ചെയ്യുന്നു. പ്രൊജക്ട് നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി വന്നിട്ടുള്ള പ്രാരംഭ ചിലവുകളാണ് മേൽ പ്രകാരം ചിലവഴിച്ചിട്ടുള്ളത്. മാർക്കറ്റ് കം-ഷോപ്പിംഗ്-കോംപ്ലക്സ് ഉൾപ്പെടെ ഏഴ് പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനാണ് നഗരസഭ കൗൺസിൽ ഉദ്ദേശിച്ചിരുന്നത്. ആയവ താഴെ പറയുന്നു.

1. മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ്
2. നഗര മാലിന്യ സംസ്കരണ പദ്ധതി
3. പയ്യനാട് കമ്മ്യൂണിറ്റി ഹാൾ.
4. ആലി മുസ്ലിയാർ സ്മാരകം.
5. മാധവൻ നായർ സ്മാരകം.
6. നൈറ്റ് ഷെൽട്ടർ.
7. പുതിയ ബസ്സ്റ്റാന്റിൽ ഷോപ്പ് മുറികൾ.

മേൽ പറഞ്ഞ 7 പ്രോജക്ടുകളിൽ മാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ്, നൈറ്റ് ഷെൽട്ടർ, മഞ്ചേരി ടൗണിലെ സീതിഹാജി മെമ്മോറിയൽ ബസ്സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സിലെ ഷോപ്പ് മുറികൾ എന്നിവ ഒഴികെയുള്ളവ യാഥാർത്ഥ്യമായിട്ടുണ്ട്. മാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് പ്രൊജക്ടും യാഥാർത്ഥ്യമാക്കണമെന്ന ലക്ഷ്യത്തോടു കൂടി മാത്രമാണ് ആയതിന്റെ

| | | | |
|---|---|---|---|
| | | 440629/03.10.02 — 40000 — പരസ്യച്ചെലവ്<br>123306/03.10.02 — 11000 — പരസ്യച്ചെലവ്<br>ആകെ — 799006 | പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുക ചിലവഴിച്ചത്.പൂർത്തീകരിച്ച പദ്ധതികൾ ജനോപകാരപ്രദവും നഗരസഭക്ക് വരുമാനദായകവുമായി തീർന്നിട്ടുള്ളതുമാണ്. സദുദ്ദേശത്തോടു കൂടി പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ച പദ്ധതി കച്ചവടക്കാർ ഒഴിഞ്ഞു പോകാൻ തയ്യാറാകാത്തതിനാലാണ് ഉപേക്ഷിക്കേണ്ടി വന്നത്.മേൽ കാര്യങ്ങൾ പരിഗണിച്ച് ഓഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിക്കുന്നു. |
| 10 | 5,5,4<br>(1) | **മുനിസിപ്പൽ ഓഫീസ് കെട്ടിട നിർമ്മാണം –പാഴ്ചെലവും നിഷ്ക്രിയ ആസ്തിയും.** 2002–03 ലെ എം.198/03 നമ്പർ പ്രോജക്ടിൽ 1,15,25,000/- രൂപയ്ക്ക് കെട്ടിടം നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കുകയും ആദ്യ ഘട്ടമായി 2002–03 ൽ 15 ലക്ഷം രൂപ വകയിരുത്തിയതിന് ഡി.പി.സി.377/02 തിയ്യതി, 06.01.03 പ്രകാരം അനുമതി ലഭിക്കുകയും ചെയ്തിരുന്നു.<br><br>73/03–04 തിയതി 06.02.2004 നമ്പർ കരാർ പ്രകാരം എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് ഫൈനൽ ബില്ലിനത്തിൽ 13,49,951/- രൂപ 08.04.2005 ലെ 91–ാം നമ്പർ വൗച്ചർ പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഒറിജിനൽ എസ്റ്റിമേറ്റിൽ ആവശ്യത്തിന് പ്രൊവിഷൻഡ നൽകിയിരുന്നില്ലെന്ന കാരണത്താൽ ഇനം (2), (3), (4), (6), (7), (8), (10) എന്നിവ കൂടുതൽ അളവിൽ ചെയ്യുകയും ഇഷ്ടികക്കെട്ട്, വാതിൽ, ജനൽ ഫിറ്റിംഗ്, പ്ലാസ്റ്ററിംഗ്, ഫ്ളോറിംഗ്, റോളിംഗ് ഷട്ടർ, പെയിന്റിംഗ്, പ്ലംബിംഗ് എന്നിവയ്ക്ക് വകയിരുത്തിയ 406974 രൂപയുടെ പ്രവൃത്തി എന്ന് രേഖപ്പെടുത്തി ഒഴിവാക്കുകയും ചെയ്തുകൊണ്ടുള്ള 13.50 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് 23.03.05 ന് ഡി.എൽ.റ്റി.സി അനുമതിയുടെ നൽകികാണുന്നു. | മഞ്ചേരി നഗരസഭ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് അംഗീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നതാണ്. 2,21,75000/- എസ്റ്റിമേറ്റ് തുക വരുന്ന ഈ പ്രവൃത്തിക്ക് നാലു ടെണ്ടറുകൾ ലഭിക്കുകയുണ്ടായി. അതിൽ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള (6.22% കുറവ്) ടെണ്ടർ അംഗീകരിക്കുന്നതിന് കൗൺസിലിൽ സമർപ്പിച്ചിരുന്നതാണ്. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാനാണ് ഓഫീസിൽ നിന്നും ശുപാർശ ചെയ്തിട്ടുള്ളത്. എന്നാൽ 06–02–2008 ലെ 3–ാം നമ്പർ കൗൺസിലിൽ ടി വിഷയം ചർച്ചക്ക് വരുകയും ടെണ്ടർ സ്വീകരിക്കാതെ പ്രവൃത്തി റദ്ദ് ചെയ്യാൻ തീരുമാനിക്കുകയുമാണുണ്ടായത്.<br><br>കൗൺസിൽ തീരുമാന പ്രകാരമാണ് ടി പ്രൊജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോയത്. സിവിൽ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റും, പ്ലാനും തയ്യാറാക്കുന്നതിന് ഒരു സിവിൽ കൺസൾട്ടന്റിനേയും ഇലക്ട്രിക്കൽ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഇലക്ട്രിക് കൺസൾട്ടന്റിനേയും കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.<br><br>സിവിൽ പ്രവൃത്തികൾ പൂർത്തിയാക്കിയ ശേഷം ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാകയാൽ ആയത് |

| | | | |
|---|---|---|---|
| | | തുടർന്ന് ഈ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി 2004-05 മുതൽ പദ്ധതി തയ്യാറാക്കിയെങ്കിലും 06.02.08 ലെ 3-ാം നനമ്പർ തീരുമാന പ്രകാരം (നിലവിൽ ഒരു ഫർണി ഷ്ഡ് ഓഫീസ് ഉള്ളതിനാൽ ഷോപ്പിംഗ് കോംപ്ലക്സ് മാത്രമായി മാറ്റാൻ വേണ്ടി ഓഫീസ് ഒഴിവാക്കി പ്രവൃത്തി റദ്ദു ചെയ്തിരിക്കുന്നു.<br><br>13,49,95/- രൂപ കെട്ടിട നിർമ്മാണത്തിനും 7,30,870/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കാനുമായി ചെലവഴിച്ചും പാതിവഴിയിൽ ഒരു ഉപയോഗവുമില്ലാതെ നിർമ്മാണത്തിലിരിക്കുന്ന ഒരു പദ്ധതി പകരം എന്തു ചെയ്യണമെന്ന വ്യക്തമായ ഒരു നിർദ്ദേശവും നൽകാതെ റദ്ദുചെയ്യുകയും തുടർ നടപടികളെടുക്കാതിരിക്കുകയും ചെയ്തത് ക്രമവിരുദ്ധമാണ്.<br><br>40 സെന്റ് വിസ്തീർണ്ണമുള്ളതും നിലവിൽ ഓഫീസ് പ്രവർത്തിച്ചു വരുന്നതുമായ കോമ്പൗണ്ടിൽ ചെറുതും, വലുതുമായ 5 കെട്ടിടങ്ങൾ ഉണ്ടെന്നും ഇവ പൊളിച്ചുമാറ്റിയാണ് കെട്ടിടം നിർമ്മിക്കുന്നതെന്നും 2002-03 പ്രൊജക്ട് റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നതാണ്. 5 കെട്ടിടങ്ങളിൽ 1 പൂർണ്ണമായും 1 ഭാഗികമായും പൊളിക്കുകയും അതിൽനിന്നുള്ള മരവും, ഓടും അലക്ഷ്യമായി ഇതേ കോമ്പൗണ്ടിൽ തന്നെ വെച്ചിട്ടുള്ളതായും കാണുന്നു. മഴയും, വെയിലുംകൊണ്ട് അവ നശിപ്പിക്കുന്നതും ഉപയോഗിക്കാതിരിക്കുന്ന മറ്റു കെട്ടിടങ്ങളുടെ തകർച്ചയും നഗരസഭ കണ്ടില്ലെന്ന് നടിക്കുകയാണ്.<br><br>പദ്ധതി ഒരു ഘട്ടത്തിലും എത്താതിരിന്നിട്ടും വൈദ്യുതീകരണത്തിനായി പി.ഡബ്ലിയു (1)/1489/06-ാം നമ്പറായി ഒരു ഫയൽ ആരംഭിക്കുകയും, 25.11.2006 വെ 26-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം എസ്റ്റിമേറ്റ് | പ്രവൃത്തിയുടെ പൂർത്തീകരണത്തിനും ഒക്കുപ്പൈ ചെയ്യുന്നതിനും കാലതാമസം വരുമെന്നും സിവിൽ പ്രവൃത്തികൾ പൂർത്തിയാക്കുന്ന<br><br>തോടൊപ്പം ഇലക്ട്രിക്കൽ പ്രവൃത്തികളും ചെയ്തു തീർത്ത് പ്രൊജക്റ്റ് പൂർത്തീകരിക്കണമെന്ന നല്ല ഉദ്ദേശത്തിലാണ് ഇലക്ട്രിക്കൽ പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കാൻ കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയത്. കൗൺസിൽ തീരുമാനപ്രകാരം പ്രൊജക്റ്റ് റദ്ദ് ചെയ്തതിനാലാണ് ആയതിന് വേണ്ടി ചെലവഴിച്ച തുകകൾ പാഴ്ചെലവായത്. 12/84 ലെ ടെക്നിക്കൽ സർക്കുലറിൽ കെട്ടിട നിർമ്മാണ എസ്റ്റിമെറ്റിൽ തന്നെ വാട്ടർ സപ്ലൈ, സാനിറ്ററി വൈദ്യുതീകരണം എന്നീ പ്രവൃത്തികൾക്ക് തുക വക കൊള്ളിക്കണമെന്ന നിബന്ധനയുണ്ടെങ്കിലും ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് യോഗ്യതയുള്ള ഇലക്ട്രിക്കൽ കൺസൾട്ടന്റ് ആണ് എന്നും ബോധിപ്പിക്കുന്നു. അയതുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് എത്ര തുക വേണമെന്ന് കണക്കാക്കാനും ടി തുക കെട്ടിട നിർമ്മാണ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനും കഴിയുകയുള്ളൂ വെന്നും ബോധിപ്പിക്കുന്നു.<br><br>2010 വർഷത്തിൽ പുതിയ കൗൺസിൽ നിലവിൽ വന്നതിന് ശേഷം ബഹു: ചെയർമാൻ പുതിയ ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി നിലവിലുണ്ടായിരുന്ന എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി ചെയ്യുന്നതിന് നിർദ്ദേശിക്കുകയും 18-01-2011 ലെ 3-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നിലവിലുണ്ടായിരുന്ന പ്ലാൻ കാലോചിതമായി പരിഷ്കരിച്ച് ആധുനിക ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് രൂപരേഖ തയ്യാറാക്കുന്നതിന് ആർക്കിടെക്റ്റിന്റെ സേവനം ഉപയോഗപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയത് പ്രകാരം |

| | | | |
|---|---|---|---|
| | | തയ്യാറാക്കുന്നതിനായി രാജഗോപാൽ ആന്റ് അസോസിയേറ്റസിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയും 2.33% നിരക്ക് നൽരി എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള പ്രോപ്പോസൽ 21.12.2006 ലെ 23-ാം നമ്പർ കൗൺസിൽ അംഗീകരിച്ചു. (50% എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴും 50% റ്റി.എസ് ലാഭിച്ചാലും). 22,229/- രൂപ 09.04.2007 ലെ 31-ാം നമ്പർ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. കോഴിക്കോട് ഇലക്ട്രിക്കൽ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് സാങ്കേതികാനുമതി നൽകുന്നതിനജല്പ സെന്റേജ് ചാർജായി 46,100/- രൂപ (വൗച്ചർ 509/20.09.2007) നൽകുകയും 18,44,000/- രൂപയുടെ എസ്റ്റിമേറ്റിന് ചീഫ് എഞ്ചിനീയർ അനുമതി നൽകിയതായി ഇലക്ട്രിക്കൽ വിഭാഗം എക്സി. എഞ്ചിനീയർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.<br><br>06.02.08 ലെ 3-ാം മ്പർ തീരുമാന പ്രകാരം പ്രവൃത്തി റദ്ദു ചെയ്തതിനാൽ ഈ ഫയലിലെ നടപടികൾ ഒഴിവാക്കിയിരിക്കുന്നു.<br><br>09.08.84 ലെ 12/84 നമ്പർ ടെക്നിക്കൽ സർക്കുലർ നിർദ്ദേക പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിൽ തന്നെ വാട്ടർ സപ്ലൈ, സാനിറ്ററി സംവിധാനം, വൈദ്യുതീകരണം എന്നിവയ്ക്ക് കൂടി തുക വകകൊള്ളിക്കണമെന്ന നിബന്ധന പാലിക്കാത്തതും, നിർമ്മാണം അനിശ്ചിതത്വത്തിലായ ഒരു പദ്ധതിക്ക് 65329/- രൂപ ചെലവഴിച്ചതും ക്രമവിരുദ്ധമാണ്.<br><br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:<br><br>ശ്രീ.ടി.പി.സതീശൻ (സെക്രട്ടറി) | ആർക്കിടെക്റ്റിനെ കണ്ടെത്തുന്നതിന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി ആർക്കിടെക്റ്റ് ശ്രീ. വരുൺ.ജി.കെ, ഖലീദ്, ആർക്കിടെക്റ്റ് മഞ്ചേരി എന്നവരെ പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുകയും ടിയാൻ സമർപ്പിച്ച നിരക്കിന് (2.30%) തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ് 27/12/2011 സ.ഉ (സധാ) നമ്പർ 3109/2011 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ മുതലായവ സ്ക്രൂട്ടിനി നടത്തുന്നതിനും അംഗീകാരത്തിനുമായി ഗവ : എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്, സിവിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ടിമെന്റിന് അയച്ച് അംഗീകാരം ലഭിച്ചിട്ടുള്ളതും 90500000/- രൂപയുടെ എസ്റ്റിമേറ്റിന് സാങ്കതികാനുമതി ലഭ്യമാക്കി 23.01.2015 ലെ ഇ1.18439/14 നമ്പർ നോട്ടീസ് പ്രകാരം പ്രവർത്തി ഏറ്റെടുക്കുന്നതിന് ഇ ടെണ്ടർ ക്ഷണിക്കുകയും ആയത് പ്രകാരം ശ്രീ.എ.എം.മുഹമ്മദാലി നിർമ്മാൺ കൺസ്ട്രക്ഷൻസ്, മഞ്ചേരി എന്നവരുടെ 22.6% അധികനിരക്കിലുള്ള ടെണ്ടറിന് 13.73% അധികനിരക്കായി നിശ്ചയിച്ച് 22.07.2016 ലെ സർക്കാർ ഉത്തരവ് (സാദാ)നമ്പർ.2204/2016/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം 17.10.2017 ലെ 92/17-18 നമ്പർ കരാറുടമ്പടി പ്രകാരം കരാറുകാരൻ പ്രവർത്തി ഏറ്റെടുത്ത് 70% പൂർത്തീകരിച്ചിട്ടുണ്ട്. 2019 ജൂൺമാസത്തോടു കൂടി കെട്ടിടം പണി പൂർത്തീകരിക്കുന്ന വിധത്തിൽ പ്രവർത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആയതിനാൽ പഴയ കെട്ടിടം നിഷ്ക്രിയ ആസ്തി അല്ലാതായിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു. |

| | | | |
|---|---|---|---|
| | | (സ്ഥിരം മേല്‍വിലാസം ലഭ്യമല്ല). | |
| 11 | 5.6.8 | മുന്‍ വര്‍ഷങ്ങളില്‍ ആരംഭിച്ച കടിവെള്ള പദ്ധതി പ്രൊജെക്ടുകള്‍ മുന്‍കൂര്‍ നല്‍കിയത് ക്രമീകരിച്ചിട്ടില്ല/പ്രവൃത്തി നടത്തിയിട്ടില്ല.<br><br>താഴെ കാണും പ്രകാരം മുന്‍കൂര്‍ നല്‍കിയ കടിവെള്ള പദ്ധതികള്‍ പൂര്‍ത്തിയാക്കിയിട്ടില്ല. നല്‍കിയ മുനക്കുറുകള്‍ തിരികെ ഈടാക്കുന്നതിന് 16/04/2005 ലെ ജി ഒ (എം എസ്) 97/05/ആര്‍ഡി നമ്പര്‍ ഉത്തരവില്‍ നിര്‍ദ്ദേശിച്ച വിധമുള്ള റവന്യൂ റിക്കവറി നടപടികള്‍ സ്വീകരിച്ചിട്ടില്ല. 18% വാര്‍ഷിക പലിശ നിരക്കില്‍ മുന്‍കൂര്‍ തുക ഈടാക്കുന്നതിന് സത്വരമായി റവന്യൂ റിക്കവറി ശിപാര്‍ശ നല്‍കേണ്ടതാണ്. യഥാസമയം നടപടിയെടുക്കാതിരുന്നതുവഴി തുകകള്‍ ഈടാക്കാന്‍ കഴിയാതെ വന്നാല്‍ വീഴ്ച വരുത്തിയവര്‍ക്ക് ബാധ്യത വരുമെന്ന് സര്‍ക്കാര്‍ സ്പഷ്ടീകരണം നല്‍കിയിട്ടുള്ള കാര്യവും ശ്രദ്ധയില്‍പ്പെടുത്തുന്നു. | **നിലമ്പൂര്‍ നഗരസഭ**<br><br>കുടിവെള്ള പദ്ധതികളുടെ കണ്‍വീനര്‍മാര്‍ക്ക് മുന്‍കൂര്‍ വാങ്ങിയ തുക പലിശ സഹിതം തിരിച്ചു നല്‍കണമെന്ന് കാണിച്ച് 27/06/13 ന് കത്ത് നല്‍കിയിരുന്നു. എന്നാല്‍ ടിയാന്മാര്‍ തുക തിരിച്ചടച്ചതിന്റേയോ മറുപടി നല്‍കിയതിന്റേയോ വിവരങ്ങള്‍ ലഭ്യമാവാത്തതിനാല്‍ ഒരാഴ്ചക്കകം നാളിതുവരെയുള്ള പലിശ സഹിതം തുക തിരിച്ചടക്കണമെന്നും അല്ലാത്ത പക്ഷം ജപ്തി നടപടികള്‍ സ്വീകരിക്കുന്നതാണെന്നും കാണിച്ച് കണ്‍വീനര്‍മാര്‍ക്കെല്ലാം 15/02/19 ന് ഓര്‍മ്മക്കുറിപ്പ് നല്‍കിയിട്ടുണ്ട്.<br><br>തുക തിരിച്ചടവാക്കാന്‍ കണ്‍വീനര്‍മാര്‍ തയ്യാറാകാത്ത പക്ഷം ആവശ്യമായ റവന്യൂ റിക്കവറി നടപടികള്‍ സ്വീകരിക്കുന്നതിനായി ബഹു: ജില്ലാ കലക്ടറുമായി ബന്ധപ്പെട്ടിട്ടുണ്ട്. ഓണ്‍ലൈന്‍ റവന്യൂ റിക്കവറി നടപടികള്‍ സ്വീകരിക്കുന്നതിനാവശ്യമായ യൂസര്‍നെയിം, പാസ്‌വേര്‍ഡ് എന്നിവ ലഭ്യമാക്കുന്നതിനായി ബഹു: മലപ്പുറം ജില്ലാ കളക്ടര്‍ക്ക് 21/02/19 ന് കത്ത് നല്‍കിയിട്ടുണ്ട്. നിലവിലെ സാഹചര്യത്തില്‍ അടിയന്തിരമായി യൂസര്‍നെയിം, പാസ്‌വേര്‍ഡ് എന്നിവ ലഭ്യമാക്കണമെന്ന് കാണിച്ച് ബഹു: ജില്ലാ കലക്ടര്‍ക്ക് 13/3/19 ന് ഓര്‍മ്മക്കുറിപ്പ് നല്‍കുകയും ചെയ്തിട്ടും മറുപടി ലഭ്യമാവാത്തതിനാല്‍ അടിയന്തിരമായി യൂസര്‍നെയിം, പാസ് വേര്‍ഡ് എന്നിവ ലഭ്യമാക്കണമെന്ന് കാണിച്ച് അടിയന്തിര സ്വഭാവമുള്ള കത്ത് 30/05/19 ന് നല്‍കിയിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | ഖണ്ഡിക | പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1 | 4.1.2 | **മാർക്കറ്റ് കോംപ്ലക്സിലെ ബയോ ഗ്യാസ് പ്ലാന്റ് 16.43 ലക്ഷം ചെലവഴിച്ചിട്ടും പ്രവർത്തനരഹിതമായി തുടരുന്നു.**<br>**(മഞ്ചേരി നഗരസഭ, മലപ്പുറം.ഓ.റി 2013-14,2014-15 ഖ.3-7)**<br>മഞ്ചേരി നഗരസഭയുടെ അധീനതയിലുള്ള മാർക്കറ്റിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അക്രഡിറ്റഡ് ഏജൻസിയായ ഐ.ആർ.റ്റി.സി (IRTC) മുഖാന്തിരം പ്രോജക്ട് തയ്യാറാക്കി. പ്രോജക്ട് പ്രകാരം 1000 കിലോ മാർക്കറ്റ് വേസ്റ്റ് സംസ്ക്കരണശേഷിയുള്ള പ്ലാന്റിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയത് കരാർ വ്യവസ്ഥ പ്രകാരം പ്ലാൻ ഫണ്ടിൽ നിന്ന് തുക ഐ.ആർ.റ്റി.സിക്ക് കൈമാറി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു നിലവിലുള്ള എസ്റ്റിമേറ്റ് തുകയിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുകയില്ല എന്ന് ഐ.ആർ.റ്റി.സി അറിയിച്ചതിനെ തുടർന്ന് പ്ലാന്റിന്റെ സംഭരണ ശേഷി 800 കിലോ ആയി കുറച്ച് പുതുക്കി നിശ്ചയിക്കുകയും അതനുസരിച്ച് എസ്റ്റിമേറ്റ് പരിഷ്ക്കരിച്ച് നൽകുകയും ചെയ്തു. 20-03-2015 ൽ ഐ.ആർ.ടി.സി നിർമ്മാണം പൂർത്തിയാക്കിയതായി നഗരസഭയെ രേഖാമൂലം അറിയിക്കുകയും ബാക്കി തുക ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ മെഷീനറികൾ സ്ഥാപിക്കുന്ന ഷെഡ്ഡിന്റെ നിർമ്മാണം പൂർത്തിയായില്ല എന്നും വയറിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടില്ല എന്നും ഫയലിൽ നിന്നും വ്യക്തമാക്കുന്നു. ഇപ്രകാരം പ്ലാന്റിന്റെ നിർമ്മാണം ഭാഗികമായി പൂർത്തിയാക്കി മാലിന്യത്തിൽ | മഞ്ചേരി നഗരസഭയിൽ സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. മാർക്കറ്റിലെ ജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ബയോ ഗ്യാസ് പ്ലാന്റ് ഉപയോഗപ്പെടുത്തി വരുന്നുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | നിന്ന് ഗ്യാസ് ഉൽപാദിപ്പിക്കുന്നതിന് നാമമാത്രമായ തുടക്കം കുറിച്ചതായി കാണുന്നു. നിലവിൽ പ്ലാന്റുകൊണ്ട് വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ലഭിക്കേണ്ട പ്രയോജനം ഉണ്ടാകുന്നില്ല എന്ന് വ്യക്തമാണ് അടിസ്ഥാനപരമായി പഠനം നടത്താതെയും, നിർവ്വഹണ സമയത്ത് കൃത്യമായി ഇടപെട്ട് നിർമ്മാണം വിലയിരുത്തി നിർദ്ദേശം നൽകാതെയും പദ്ധതി മുന്നോട്ട് കൊണ്ടുപോയത് ഇതിന്റെ വിജയ സാദ്ധ്യതകൾ ഇല്ലാതാക്കി നാളിതുവരെ പ്രവൃത്തിക്കുവേണ്ടി 16.43 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും പ്ലാന്റും പരിസരവും സംസ്ക്കരിക്കാത്ത മാലിന്യങ്ങളുടെ കേന്ദ്രം എന്ന നിലയിൽ ഉപയോഗ ശൂന്യമായി അവശേഷിക്കുന്നു.<br>പൊതുമാർക്കറ്റുകൾ ശരിയാംവണ്ണം പരിപാലിക്കുക എന്ന നിയമ ബാദ്ധ്യത ഏറ്റെടുക്കുന്നതിലേക്ക് നഗരസഭകൾ ആവിഷ്ക്കരിക്കുന്ന മാലിന്യ പരിപാലന പദ്ധതികൾ ഈ വിധത്തിൽ ബല രഹിതമായി തീരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ച് പരിഹാര നടപടികൾ ഉണ്ടാകേണ്ടത് സംസ്ഥാനത്തിന്റെ പൊതു ആവശ്യമാണ് ബയോ ഗ്യാസ് പ്ലാന്റുകൾ നിർദ്ദിഷ്ടവിധം പ്രവർത്തിക്കുന്നില്ല എന്നതിന്റെ സാങ്കേതിക വശം വിദഗ്ധതല പരിശോധനക്ക് വിധേയമായി കുറ്റമറ്റ മാതൃക നിർദ്ദേശിക്കേണ്ടതുണ്ട്. | |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2014-15 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | ഖണ്ഡിക | പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1 | 4.1.5 | **ഗുണഭോക്താക്കളെ കണ്ടെത്താതെ ഉപകരണങ്ങൾ വാങ്ങി , സ്വയം തൊഴിൽ സംരംഭം പരാജയമായി**<br><br>മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയിൽ 2012 ൽ എസ്.സി വനിത സ്വയം തൊഴിൽ യൂണിറ്റ് – ചപ്പാത്തി , പത്തിരി നിർമ്മാണ മെഷീൻ എന്ന പദ്ധതി പ്രകാരം 775000/- രൂപ ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങി ചപ്പാത്തി , പത്തിരി നിർമ്മാണ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാനുള്ള വനിത ഗ്രൂപ്പിനെ കണ്ടെത്താതെ യാണ് ഉപകരണങ്ങൾ വാങ്ങിയത്. നിലവിൽ ഈ ഉപകരങ്ങൾ മുമ്മുള്ളിയിലെ വനിത സ്വയംതൊഴിൽ യൂണിറ്റ് കെട്ടിടത്തിൽ ഉപയോഗമില്ലാതെ കിടക്കുകയാണ്.<br><br>നിലമ്പൂർ നഗരസഭയിലെ തന്നെ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം – ലോൺട്രി എന്ന പദ്ധതിക്കായി 450000/- രൂപ ചെലവിട്ട് രണ്ട് വാഷിംഗ് മെഷീനുകൾ , രണ്ട് ഇലക്ട്രിക് അയണുകൾ എന്നിവ വാങ്ങി . കുടുംബശ്രീ സ്വയം തൊഴിൽ ഗ്രൂപ്പു | **നിലമ്പൂർ നഗരസഭ**<br><br>(എ) ചപ്പാത്തി , പത്തിരി യൂണിറ്റിന്റെ പ്രധാന ഭാഗമായ മാവുകുഴക്കുന്ന രണ്ട് യന്ത്രങ്ങൾ അവിടെ കാണാനില്ലാ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനും മുനിസിപ്പൽ എഞ്ചിനീയറും മരാമത്ത് കമ്മിറ്റിയും ചേർന്ന് സ്ഥല പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യുകയും ആയത് പ്രകാരം 1/7/2016 ന് പോലിസിൽ പരാതി നൽകുകയും ടി വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് 31/08/2016 ന് പോലിസിലേക്ക് ഒരു കത്ത് കൂടെ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>2014–15 ന്റെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ അവലോകന യോഗത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ മുനിസിപ്പൽഎഞ്ചിനീയർ, മുനിസിപ്പൽ സെക്രട്ടറി, ഐ.ഇ.ഒ എന്നിവരടങ്ങിയ ഒരു ഉപസമിതി രൂപീകരിച്ചു. ടി ഉപസമിതിയും യന്ത്രഭാഗങ്ങൾ മോഷണം പോയിട്ടുണ്ടെന്നും ആസ്തികൾ നിഷ്ക്രിയാവസ്ഥയിലാണെന്നും റിപ്പോർട്ട് ചെയ്തു.<br><br>ആയത് പ്രകാരം ടി ആസ്തികൾ പുനരുജ്ജീവിപ്പിക്കാൻ സാധ്യമാണോ എന്ന കാര്യം റിപ്പോർട്ട് ചെയ്യുന്നതിന് PWD മെക്കാനിക്കൽ എഞ്ചിനീയർക്ക് 15/05/19 ന് കത്ത് നൽകി. |

| | | | |
|---|---|---|---|
| | | മുഖേനയാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചത്. എന്നാൽ ഗുണഭോക്തൃ ഗ്രൂപ്പിനെ തെരെഞ്ഞെടുക്കുന്നതിലേയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേയും കാലതാമസം കാരണം ഉപകരണങ്ങൾ ഉപയോഗിക്കാനാവാതെ ജില്ലാ ആശുപത്രി പരിസരത്ത് പൊടിപിടിച്ച് കിടക്കുന്നു. | ബി) വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം - ലോൺട്രി എന്ന പദ്ധതിക്കായി വാങ്ങിയ ഉപകരണങ്ങൾ നിലമ്പൂർ താലൂക്ക് ആശുപത്രിക്ക് ( നിലവിൽ നിലമ്പൂർ ജില്ലാ ആശുപത്രി) കൈമാറിയിരുന്നതാണ്. 2014-15 ന്റെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ അവലോകന യോഗത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ, മുനിസിപ്പൽ എഞ്ചിനീയർ, മുനിസിപ്പൽ സെക്രട്ടറി, ഐ.ഇ.ഒ എന്നിവരടങ്ങിയ ഒരു ഉപസമിതി രൂപീകരിച്ചു. ടി ഉപസമിതി ആസ്തികൾ നിഷ്ക്രിയാവസ്ഥയിലാണെന്നും റിപ്പോർട്ട് ചെയ്തു. ആയത് പ്രകാരം ടി ആസ്തികൾ പുനരുജ്ജീവിപ്പിക്കാൻ സാധ്യമാണോ എന്ന കാര്യം റിപ്പോർട്ട് ചെയ്യുന്നതിന് PWD മെക്കാനിക്കൽ എഞ്ചിനീയർക്ക് 15/05/19 ന് കത്ത് നൽകിയിട്ടുണ്ട് തുടർ നടപടികൾ ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതാണ് . |